ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, 1976-77 കാലത്ത് അഗളി, പന്നകുഴ, മണ്ണാർക്കാട് മുതലായ പ്രദേശങ്ങളിൽ നിന്ന് വീരക്കല്ലുകൾ എന്നറിയപ്പെടുന്ന ഹീറോ സ്റ്റോൺസ്

10 A.M.] സംഭരിച്ച് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽ കൊണ്ടുപോയി സൂക്ഷിച്ചു. അതിനുശേഷം കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്ന് കഴിഞ്ഞ കൊല്ലം 75 ഓളം കല്ലുകൾ അവിടെനിന്നും നീക്കം ചെയ്തു. അന്നൊന്നും ഒരു തർക്കവും ഉണ്ടായില്ല. എന്നാൽ അടുത്തകാലത്ത് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽനിന്നും ഗവേഷണം നടത്തുകയും ഭൂമിക്കടിയിൽ കിടന്ന കുറെ കല്ലുകൾ കുഴിച്ചെടുക്കുകയും ആ കല്ലുകൾ ഉൾപ്പെടെ ഏതാണ്ട് 86 കല്ലുകൾ അവിടെ സംഭരിക്കുകയും ചെയ്തു. അപ്പോൾ സ്ഥലത്തുള്ള കുറെ ആളുകൾ (മൂപ്പൻമാർ) വന്നു തർക്കം പുറപ്പെടുവിക്കുകയും പോലീസ് സ്റ്റേഷനിൽ പരാതിപ്പെടുകയും ചെയ്തു. കളക്ടർ ഇടപെട്ടു. അഭിപ്രായവ്യത്യാസം ഉണ്ടാക്കി വീരക്കല്ലുകൾ കൊണ്ടു പോകാൻ പാടില്ലെന്ന് അറിയിച്ചതനുസരിച്ച് കളക്ടറുടെ മദ്ധ്യസ്ഥതയിൽ അതുവെച്ചിരിക്കുകയാണ്. അവർക്ക് അത്യാവശ്യം പൂജയ്ക്കുവേണമെന്നു പറയുന്ന വിഗ്രഹങ്ങൾ മടക്കിക്കൊടുക്കുകയും അവർക്ക് ആവശ്യമില്ലാത്ത വിഗ്രഹങ്ങൾ ഡിപ്പാർട്ടുമെന്റിലേക്ക് സ്വീകരിക്കുവാനുമാണ് നടപടി എടുക്കാൻ പോകുന്നത്. കളക്ടറുടെ മേൽനോട്ടത്തിൽ അവരുമായി കൂടിയാലോചന നടത്തി അവർക്ക് അഭിപ്രായ വ്യത്യാസമില്ലാത്ത സ്ഥിതി ഉണ്ടാക്കിയാൽ മാത്രമേ ഈ വീരക്കല്ലുകൾ ഡിപ്പാർട്ടുമെന്റിലേക്ക് കൊണ്ടു വരികയുള്ളു. ഇപ്പോൾ അവിടെ അഭിപ്രായവ്യത്യാസവും അഭിപ്രായസംഘട്ടനവും ഒന്നുമില്ല. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാൻ കാര്യവുമില്ല. ഇതിനുമുമ്പു പലപ്രാവശ്യവും ഡിപ്പാർട്ടുമെന്റ് കൊണ്ടുപോയപ്പോൾ തർക്കം ഇല്ലാതിരുന്നതുകൊണ്ടാണ് ബാക്കിയുള്ള കല്ലുകൾ എടുക്കാൻ ഈ കൊല്ലം ഒരുങ്ങിയത്. ഇപ്പോൾ ചിലആളുകൾ അവരെ പറഞ്ഞ് ഇളക്കിയെന്നാണ് ഞങ്ങൾ അറിയുന്നത്. തർക്കിക്കുകയും അതു കൊണ്ടുപോകാൻ പാടില്ലെന്ന് എതിർക്കുകയും ചെയ്തു. ഡിപ്പാർട്ടുമെന്റിലേക്ക് ആവശ്യമുള്ളതുകൊണ്ട് കളക്ടർ ഇടപെട്ട് അവർക്ക് ആവശ്യമുള്ള അത്രയും വീരക്കല്ലുകൾ കൊടുത്തിട്ട് ബാക്കി കൊണ്ടുപോകാൻ സമ്മതിച്ചിട്ടുണ്ട്. കളക്ടറുടെ നേതൃത്വത്തിൽ എല്ലാകാര്യങ്ങളും ഭംഗിയായി നടക്കുന്നു. അവർക്ക് ബുദ്ധിമുട്ടോ വികാരപരമായ എതിർപ്പോ ഉണ്ടാകുന്ന യാതൊരു നടപടിയും ഉണ്ടാകുകയില്ലെന്ന് ഉറപ്പു പറയാം.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ XVII വിദ്യാഭ്യാസം, കല, സംസ്ക്കാരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ): സർ, വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്ന 17-ാം നമ്പർ ധനാഭ്യർത്ഥനയിൽ 1,94,48,47,600 രൂപയുടെ ഗ്രാന്റ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Demand No. XVII—Education, Art and Culture

Shri N. I. Devassykutty:Sir, I move that the total allotment of Rs. 1,94,48,47,600 under Demand XVII be reduced by Rs. 100.

Shri E. Narayanan Nair: Sir. I move that the total allotment of Rs. 1,94.48,47,600 under Demand XVII be reduced by Rs. 100.

Shri K. Anirudhan: Sir. I move that the total allotment of Rs. 1,94,48,47,600 under Demand XVII be reduced by Rs. 100.

Shri Xavier Arakkal: Sir, I move that the total allotment of Rs. 1,94,48,47,600 under Demand XVII be reduced by Rs. 100.

Shri P. Karunakaran: Sir, I move that the total allotment of Rs. 1,94,48,47,600 under Demand XVII be reduced by Rs. 100 (To discuss in general).

Shri A. P. Kurian: Sir, I moved that the total allotment of Rs. 1,94,48,47,6(.0 under Demand XVII be reduced by Rs. 100 (To discuss in general).

Shri Thundathil Kunjukrishna Pilli: Sir, I moved that the total allotment of Rs.1,94,48,47,600 under Demand XVII be reduced by Rs. 100.

[Deputy Speeker in the chair]

ശ്രീ. സേവ്യർ അറയ്ക്കൽ: സർ, ഈ ധനാഭ്യർത്ഥനയെ ഞങ്ങൾ എതിർക്കുന്നു. അതിദാരുണമായ ഒരു സംഭവത്തെക്കുറിച്ച് അൽപ്പനിമിഷങ്ങൾക്കു മുമ്പ് ഞങ്ങൾ ഒരു പ്രതിഷേധം രേഖപ്പെടുത്തി. അതിനേക്കാളും ഗൗരവമേറിയ ഒരു ഭീഷണി ഇന്നു നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലും പദ്ധതിയിലും ലക്ഷ്യത്തിലും ഉണ്ടെന്ന് ഈ സഭയെ ഓർമ്മിപ്പിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു സർ, ഒരു രാഷ്ട്രീയ കക്ഷിയുടെ കീഴിൽ ഏതാണ്ട് 13 സംവൽസരക്കാലത്തോളം ഒരു കുത്തക ഭരണമായിരുന്ന ഈ വകുപ്പ് ഇന്ന് ലക്ഷ്യബോധമില്ലാതെ കാലാനുസൃതമായി വളരാതെ വികസിക്കാതെ ജീർണ്ണിച്ചു നശിച്ചുകൊണ്ട് ഈ സംസ്ഥാനത്തിനു ഒരു വലിയ ഭീഷണി വിതച്ചിരിക്കുകയാണെന്ന് വളരെ മനോവേദനയോടുകൂടി ഈ സഭയിൽ പറയാൻ ഞാനാഗ്രഹിക്കുന്നു സർ. കലയുടെയും സംസ്കാരത്തിന്റെയും ഉറവിടമായ നമ്മുടെ വിദ്യാഭ്യാസം ഇന്ന് കുത്തഴിഞ്ഞ പുസ്തകം തന്നെയല്ല താളുകൾ നഷ്ടപ്പെട്ട് അഴുക്കുപിടിച്ച ഒരു പുസ്തകമായിട്ട് മാറിയതിനുപരിയായി സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സാമ്പത്തിക-സാമൂഹ്യ ഭദ്രതയ്ക്ക് ഒരു ഭീഷണി കൂടി സൃഷ്ടിച്ചിരിക്കുകയാണ്. ഭരണകക്ഷിയിലുള്ളവർ ഒന്നു പരിശോധിക്കണം. എന്തെങ്കിലും സാമൂഹ്യ-സാമ്പത്തിക ലക്ഷ്യം നമ്മുടെ വിദ്യാഭ്യാസപദ്ധതിക്കുണ്ടോയെന്ന് ഒന്നു പരിശോധിക്കുന്നതു നന്നായിരിക്കും. ഉള്ള പദ്ധതി, സ്ഥാപനം, വകുപ്പു പക്ഷപാതപരമായിട്ടും അഴിമതിക്കു വേണ്ടിയിട്ടും സ്വജനത്തിനു വേണ്ടിയിട്ടും കഴിഞ്ഞ 12 കൊല്ലക്കാലമായി ഈ സംസ്ഥാനത്ത് ദുരുപയോഗപ്പെടുത്തിയിരിക്കുകയാണു സർ. സമൂഹത്തോടുള്ള കടപ്പാട് വിസ്മരിച്ചുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽനിന്ന് എത്രയോ ലക്ഷം ജനങ്ങളെയാണ് നിരുത്തരവാദപരമായി തെരുവിലിറക്കി വിട്ടിട്ടുള്ളതെന്ന് ഒന്നു പരിശോധിക്കണം സർ. 11 $\frac{3}{4}$ ലക്ഷത്തോളമുള്ള തൊഴിലില്ലാത്തവരിൽ 53 $\frac{1}{2}$ ശതമാനത്തോളം അഭ്യസ്തവിദ്യരാണെന്നു പറയുമ്പോൾ ഇടതു പക്ഷത്തെക്കുറിച്ച്, ഇടതുപക്ഷ ചിന്താഗതിയെക്കുറിച്ച് വാനോളം പുകഴ്ത്തുന്ന നമ്മുടെ സുഹൃത്തുക്കൾ ഒന്നു ചിന്തിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. 6 $\frac{3}{4}$ ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യർക്ക് ഈ വിദ്യാഭ്യാസ പദ്ധതിയും അതിന്റെ ലക്ഷ്യവുംകൊണ്ട് എന്തെങ്കിലും നേടാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ഒന്നു പരിശോധിക്കണം സർ.

സർ, പ്രൈമറി എഡ്യൂക്കേഷൻ രംഗത്ത് നമ്മുടെ സംസ്ഥാനത്ത് ഒരു കുട്ടിക്കുവേണ്ടി ചെലവഴിക്കുന്നത് 193 രൂപ 61 പൈസയാണ്. സെക്കൻററി എഡ്യൂക്കേഷനുവേണ്ടി ചെലവഴിക്കുന്നത് 363 രൂപ 2 പൈസയാണ്. ശരാശരി ഒരു വ്യക്തിയിൽനിന്ന് 67 രൂപ 9 പൈസ പിരിച്ചുകൊണ്ട് ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്ന ഉദ്ദേശത്തോടുകൂടി ചെലവഴിക്കുകയാണു സർ. 60 ശതമാനത്തോളം ജനങ്ങൾ വായിക്കാനും എഴുതാനും അറിയുന്നവരാണെന്ന് നമ്മൾ അഭിമാനിക്കുമ്പോൾ ആരാണ് ആ വിഭാഗത്തിൽപെടുന്നവരെന്ന് ആലോചിക്കണം. 52 ശതമാനത്തോളം ജനങ്ങൾ ദരിദ്രമേഖലയ്ക്ക് താഴെയാണ് കഴിയുന്നത്. 40 ശതമാനത്തോളം ആളുകൾ എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്തവരാണ്. എന്താണ് ഈ കണക്കു ചൂണ്ടിക്കാണിക്കുന്നതെന്ന് ഭരണകക്ഷിയിലുള്ളവർ ചിന്തിക്കുന്നതു നന്നായിരിക്കും സർ. യു. ജി. സി. യുടെ റിപ്പോർട്ടനുസരിച്ച് 30 ശതമാനത്തോളം ടോപ്പ് ഇൻകം ഗ്രൂപ്പിൽ ഉള്ളവരാണ് 70 ശതമാനത്തോളം സെക്കൻററി എഡ്യൂക്കേഷനെ ഉപയോഗിക്കുന്നത് എന്നാണ് പറയുന്നത്. 80 ശതമാനത്തോളം ആളുകളാണ് ഹയർ എഡ്യൂക്കേഷൻ ഉപയോഗിക്കുന്നത് എന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ സംസ്ഥാനത്തിലെ പാവപ്പെട്ടവന്റെ പോക്കററിലെ കാശ് പിരിച്ചെടുത്തുകൊണ്ട് ആർക്കുവേണ്ടിയിട്ടാണ് ഈ സംസ്ഥാനത്തിലുള്ള വിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചതെന്ന് ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സർ.

സർ, ശരാശരി ഒരു വിദ്യാർത്ഥിക്ക് 67 രൂപ 9 പൈസയാണ് ചെലവഴിക്കുന്നത്. ഇത്ര ഭീമമായ സംഖ്യ ചെലവഴിച്ചിട്ട് നമ്മുടെ സംസ്ഥാനത്തുള്ള വിദ്യാഭ്യാസനിലവാരം എന്താണെന്ന് ഒന്നു പരിശോധിക്കണം സർ. എന്തെങ്കിലും ദേശീയ മൽസരത്തിൽ നമ്മുടെ സംസ്ഥാനത്തു പഠിച്ച വിദ്യാർത്ഥിക്ക് മൽസരിച്ചു ജയിക്കാൻ സാധിച്ചിട്ടുണ്ടോ? 1956-ൽ ഒരു പ്ലാനിംഗ് സെൽ രൂപീകരിച്ചു. ആ പ്ലാനിംഗ് സെല്ലിന് എന്തു സംഭവിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. സർ, കഴിഞ്ഞമാസം വി. ജെ. ടി. ഹാളിൽ ഐ. സി. പട്ടേലിന്റെ റിവ്യൂ വർക്കിനെക്കുറിച്ച് ഒരു സെമിനാർ നടക്കുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് പത്തുകൊല്ലക്കാലത്തോളം വിദ്യാഭ്യാസവകുപ്പു മന്ത്രിയായിരുന്ന എനിക്ക് ആധികാരികമായിട്ട് ഈ വിഷയത്തെക്കുറിച്ച് ഒന്നുംതന്നെ അറിഞ്ഞുകൂടെന്നാണ്. പത്തു കൊല്ലം വിദ്യാഭ്യാസ വകുപ്പു ഭരിച്ച ഈ മന്ത്രിക്ക് ഒരു സ്പെഷ്യൽ ഗ്രേഡിനും പ്രൊമോഷനും അർഹതയുണ്ട് സർ. അതെങ്കിലും അദ്ദേഹത്തിനു കൊടുക്കേണ്ടതായിരുന്നു. പത്തു കൊല്ലം കഴിഞ്ഞിട്ടും ഇന്നും അദ്ദേഹം വിദ്യാഭ്യാസമന്ത്രിയായി തുടരുന്നതിൽ എനിക്കു ഖേദമുണ്ട്. സർ, ഞാൻ പറഞ്ഞുവന്നത് പ്ലാനിംഗ് സെല്ലിനെക്കുറിച്ചായിരുന്നു. 1956-ൽ രൂപീകരിച്ച പ്ലാനിംഗ് സെല്ലിന് എന്തു സംഭവിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് മൊത്തം 55.38 ലക്ഷം വിദ്യാർത്ഥികളാണുള്ളത്. അവരെ പഠിപ്പിക്കുന്നതിന് ഒരുലക്ഷത്തിഅറുപത്തേഴായിരത്തോളം അദ്ധ്യാപകരുണ്ട്. അനുപാതം നോക്കിയാൽ ഒരു അദ്ധ്യാപകന് 54 വിദ്യാർത്ഥികൾ. 1968-ൽ വിദ്യാഭ്യാസവകുപ്പ് പുനഃസംഘടിപ്പിക്കുമെന്നവർ പറഞ്ഞിരുന്നു. പതിനൊന്നു കൊല്ലക്കാലമായി ഇതുവരെയായിട്ടും അതു പൂർണ്ണമായി നടപ്പാക്കുന്നതിനുള്ള കരുത്തും കഴിവും ഇല്ലാതെപോയ ഒരു മന്ത്രിസഭയാണ് ഇവിടെയുള്ളത്; വകുപ്പുമേലദ്ധ്യക്ഷൻമാരാണ് ഇവിടെയുള്ളത് എന്ന് വളരെ ഖേദത്തോടുകൂടിത്തന്നെ ഞാൻ പറയുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ വേണ്ടത്ര ബുക്കുകളില്ല, ഡെസ്ക്കുകളില്ല, മേശകളില്ല എന്നെല്ലാം ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞു. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു നേരത്തെ ആഹാരം കെടുക്കുന്നതിനുള്ള പദ്ധതികൂടി ഉണ്ട് എന്ന് പറഞ്ഞ് ഭരണപക്ഷത്തുള്ളവർ വാനോളം പുകഴ്ത്തുന്നതു കേട്ടു. പ്രൈമറി സ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന പരിപാടി നടപ്പിലാക്കിയത് ഈ സർക്കാരാണ്, അത് ഈ സർക്കാരിൻെറ നേട്ടങ്ങളിലൊന്നാണ് എന്നൊക്കെ ഇവിടെ പറയുന്നതുകേട്ടു. ഞാനതേക്കുറിച്ചൊരന്വേഷണം നടത്തി. അപ്പോഴാണറിയാൻകഴിഞ്ഞതത് അത് കെയറിൻെറ പരിപാടിയാണ്, 1961-62-ൽ ആവിഷ്ക്കരിച്ച പരിപാടിയാണ് എന്ന്. അതിൽ പറയുന്നത് ഇങ്ങനെയാണ്.

The CARE feeding programme is extended to all deficited children in standards 1 to 4 of L. P. schools and L. P. sections attached to the U. P and High Schools. The programme is also extended to children of primary schools and nursery schools recognised by the Department. The food articles required for the feeding programme are received from the CARE Orgnaisation as gift. എട്ടുകാലി മമ്മൂഞ്ഞിൻെറ കാര്യമാണു സർ, എനിക്കോർമ്മ വരുന്നത്. പക്ഷേ അതെപ്പററിയൊന്നും ഞാൻ പറയുന്നില്ല. എന്തു നടപടി നടത്തിയാലും അതെല്ലാം ഞങ്ങളുടെ നേട്ടമാണെന്നുപറഞ്ഞ് നാണമില്ലാതെ കള്ളംപറയുന്ന ഒരു സ്വഭാവമാണ് ഭരണകക്ഷിയിലുള്ളവർക്കുള്ളത് എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ കാലഘട്ടത്തിൽ വിദ്യാർത്ഥി ഒരു ചുമട്ടുതൊഴിലാളിയും രാഷ്ട്രീയപ്രവർത്തകനുമായി മാറിയിരിക്കുകയാണ് അതിനുശേഷം പുറത്തുവരുമ്പോൾ ഒരു ഗുമസ്ഥൻെറ ജോലിപോലും ചെയ്യാൻ കഴിവില്ലാത്തവിധത്തിൽ പഠിപ്പിച്ചിറക്കുന്ന ഇന്നത്തെ സമ്പ്രദായം മാറണം. എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളതിതാണ്. ജനപിന്തുണയുള്ള ഒരു ഗവൺമെൻറ് എന്നു പറയുന്ന ഈ ഗവൺമെൻറിനു ധൈര്യമുണ്ടെങ്കിൽ, ഭാവനയുണ്ടെങ്കിൽ, ഓജസ്സുണ്ടെങ്കിൽ ഈ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയകക്ഷികളുടെയും പ്രചരണം ഹൈസ്കൂൾ ക്ലാസ്സുവരെയുള്ള തലങ്ങളിൽ നിറുത്തിവയ്ക്കണം. അതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ കഴിവുണ്ടോ? അതുപോലെതന്നെ നമ്മുടെ വിദ്യാർത്ഥികൾക്ക് കലാസാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള ഒരു പദ്ധതികൂടി ആവിഷ്ക്കരിക്കണം. സർ, ബഡ്ജററ് തുകയിലെ 38 ശതമാനത്തോളം രൂപ ഈ രംഗത്തേക്കുവേണ്ടിയാണ് ചെലവഴിക്കുന്നത് സാമ്പത്തികമായി കഴിവുള്ള വിദ്യർത്ഥികളിൽനിന്നും ലഘുവായതോതിൽ ഒരു ഫീസ് ഈടാക്കാനുള്ള സിസ്ററം എന്തുകൊണ്ട് ഇൻട്രൊഡ്യൂസ് ചെയ്തുകൂടാ?

സർ, യൂണിവേഴ്സിററി എഡ്യൂക്കേഷനെക്കുറിച്ച് രണ്ടുവാക്കു പറയാതെ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനത്ത് ഹയർ എഡ്യൂക്കേഷന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ല. ഈ ബഡ്ജററ് പരിശോധിച്ചാൽ കാണുന്നത് നോൺപ്ലാൻ ഐറററത്തിൽ 50 ലക്ഷത്തോളം രൂപ മാത്രമാണ്. ഇവിടത്തെ യൂണിവേഴ്സിററികൾ വികസിക്കാൻ എന്താണു സാധ്യത? അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കാനുള്ളത് സാങ്കേതികരംഗത്തും ശാസ്ത്രരംഗത്തും സമൂഹത്തിനു ഗുണമുള്ള രംഗത്തും പ്രവർത്തിക്കുന്നതിനു കഴിവുള്ള വിദ്യാർത്ഥികളെ ഹയർഎഡ്യൂക്കേഷന് വിടുന്നതിനുള്ള സമഗ്രമായ ഒരു പരിപാടികൂടി ആവിഷ്ക്കരിക്കണമെന്നാണ്. നമ്മുടെ സംസ്ഥാനത്താവശ്യമുള്ള മൂന്നു കോളേജുകളെക്കുറിച്ചുകൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഒന്ന്, ഫിഷറീസ് കോളേജ്, രണ്ട്, ഫോറസ്ററിനെക്കുറിച്ചുള്ള ഒരുകോളേജ്, മൂന്ന് ഇൻഡ്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് ടെക്നോളജിക്ക് ഒരു കോളേജ്. ഇതു മൂന്നും നമ്മുടെ സംസ്ഥാനത്തില്ല. മററുള്ള സംസ്ഥാനങ്ങളിലാണ് ഇതെല്ലാം പ്രവർത്തിക്കുന്നത്. ഇത്രയേറെ വിദ്യാഭ്യാസമുള്ള ഈ സംസ്ഥാനത്ത് എന്തുകൊണ്ട് ഇത്തരം കോളേജുകൾ സ്ഥാപിച്ചുകൂടാ? പാരലൽ കോളേജുകളാണെങ്കിൽ കൂണുകൾപോലെ എല്ലാസ്ഥലത്തും വളർന്നുകൊണ്ടിരിക്കുകയാണ്. അവയെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സർക്കാർ എടുത്തിട്ടുണ്ടോ? നാലുലക്ഷത്തോളം വിദ്യാർത്ഥികളാണ് ഇന്നു പാരലൽ കോളേജുകളിൽ ഉള്ളത്, അക്കാര്യത്തിൽ എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. കോടിക്കണക്കിനു രൂപ ചിലവാക്കി ഈ സംസ്ഥാനത്തു സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങൾ കഴിയുന്നിടത്തോളം ഉപയോഗപ്പെടുത്തണം. ഇന്ന് ശരാശരി നാലുമണിക്കൂർ മാത്രമേ ആ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുള്ളു. എന്തുകൊണ്ട് ഈ സംസ്ഥാനത്ത് കൂടുതൽ ഈവനിംഗ്-കോഴ്സുകൾ ആരംഭിച്ചുകൂടാ? സർ, ലോകത്തിൽവെച്ച് ഏററവും ചെറിയ യൂണിവേഴ്സിററി എന്നുപറയാവുന്ന ഒരു യൂണിവേഴ്സിററിയാണ് കൊച്ചിൻ യൂണിവേഴ്സിററി. 1971-ൽ സ്ഥാപിക്കപ്പെട്ട ഈ യൂണിവേഴ്സിററി വളർച്ചയില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ പഠിപ്പിക്കുന്നത് എന്തെല്ലാം വിഷയങ്ങളാണെന്നറിയുന്നതു നന്നായിരിക്കും. കോമേഴ്സ്, ലാ, ഹിന്ദി, ഫിസിക്സ്, ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ, ജാപ്പാനീസ്, അറബിക്. ഇതിനുവേണ്ടിയാണോ ഈ കോളേജ് സ്ഥാപിച്ചത്. ഒരു ദളവാ കോളേജുണ്ട്. അവിടെയാണെങ്കിൽ 104 അഫിലിയേററഡ് കോളേജുകളുണ്ട്. കാലിക്കട്ടിൽ ഒരു സുൽത്താൻകോളേജുണ്ട്. അവിടെ 67 അഫിലിയേററഡ് കോളേജുകൾ ഉണ്ട്. ഇവിടെയാണെങ്കിൽ ആരുംതന്നെയില്ല. മൊത്തം 817 വിദ്യാർത്ഥികളാണ് അവിടെയുള്ളത്. അവരെ പഠിപ്പിക്കുന്നതിന് 100 ടീച്ചിംഗ് സ്ററാഫും 350-ഓളം നോൺ ടീച്ചിംഗ് സ്ററാഫും ഉണ്ട്. 65 ലക്ഷം രൂപയാണ് നമ്മുടെ ഖജനാവിൽനിന്നും കൊച്ചിൻ യൂണിവേഴ്സിററിക്കുവേണ്ടി ചെലവഴിക്കുന്നത്. നമ്മുടെ സമൂഹത്തിനുപകാരമുള്ള, ജനങ്ങൾക്കുപയോഗമുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചെങ്കിൽ മാത്രമേ ഇന്നുകാണുന്ന ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സാധിക്കുകയുള്ളു. ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

Shri Stephen Padua: Sir, Gladly do I support the demands under Education, Art and Culture. The function of the opposition, as seen here, is to criticise the Government. As such my honourable friend Mr. Xavier Arakkal has said something to criticise the Government, Education Department as well as the Education Minister. But I wonder how far he is earnest in his statements. So, I am not dealing with them.

LIBRARY ARCHIVES Kerala Legislative Assembly

The future of India is being shaped in the class rooms, so started Dr. Kothari his voluminous and famous commission report. It is gratifying that our State Government fully appreciated the importance of education in the advancement of the people in our State and has been steadily appropriating a considerable portion of the revenue for fostering education. So much so, our State has secured the first rank among the States of India in educational development. Our percentage of literacy has also risen to 60 against 29 in the whole of India. But what about the present system of education? Are we all satisfied with it? Perhaps all of us will be unanimous in saying that there should be a change in the present system of education. We have had several experiments, the Wardha system, vocationally based education, basic education and all that. However I feel that we still stand where we were. I don't have any ready made solution. All of us should ponder over it.

The present syllabus is very heavy and it is examination oriented. The merit of a child is decided according to marks scored. Afterall education is not the teaching of three rupees alone. It is to make a full citizen.

Fine arts like music, acting, dancing, painting, drawing, needle work as well as sports and games should be given a more important place in the scheme of education so that we can foster the inherent qualities and natural aptitudes of the children. I should say that the present youth festival is a good step in the correct direction.

I am glad to understand that the Education Department is to be reorganised shortly. It has been long pending and the earlier it is done, the better.

On this occasion I will draw the attention of the honourable Minister to the grounse and grumble among the staff of the Education Department. If my information is correct, the same staff pattern that was existing in 1964, is being continued now. So much so, there is frustration among the staff without having any prospects of promotion as in other Departments. I would request the Government to look into these grievances and redress them. Similarly there were certain anomalies in the pay revision of teachers made recently. Some of the Headmasters complain that they are getting lesser pay than the other teachers in the same school. This may also be looked into.

Now I have to draw the attention of the Government to some of the problems—educational problems—of my community. They are spread over from Trivandrum in the south to Cannanore in the north. They are not only an urban, but rural population also. They live and work not only in the plains, but in the hilly areas also. They come across very great difficulties in the teaching of their children.

LIBRARY ARCHIVES Kerala Legislative Assembly

The English medium schools are few and far between. And it has become very difficult to get admission in the Anglo-Indian schools called after them. Education is free upto the S. S. L. C. class in our State. But it is an irony that the Anglo-Indian children who want to study in the Anglo-Indian schools will have to pay fees, very heavy fees. It is an injustice done to our community. Why should they be permitted to be penalised in going into these schools which are primarily established for their own benefit. I am told that in Tamilnadu, education is free for all the Anglo-Indian children in the 45 Anglo-Indian High Schools. I will request the Government to introduce such free education system in the Anglo-Indian High Schools in our State also.

Shri E. Ahammed : Honourable Member will know that in Tamilnadu, the Tamilnadu S S.L.C. is being followed in the State Government's institutions, whereas I feel that a different system is followed in the Anglo-Indian schools in Tamilnadu as well as in Kerala. I.S.C. is the system that is being followed there. It is a different system that is being followed in the Anglo-Indian schools.

Sri Stephen Padua : In Kerala, there are schools which follow the Tamilnadu Anglo-Indian high school examination. There are schools which follow I. S. C. examination also here. I am thankful to the Government and the Education Department for considering the problems of the Anglo-Indian community in the State sympathitically and favourably except in the case of the Kerala District Administration Bill. There we have complaints that we have been completely ignored. I am also thankful to the honourable Minister for Education for convening a conference recently to discuss certain problems relating to the Anglo-Indian high schools. I would request the honourable Minister to issue very early orders to redress the grievances of the teachers. Steps may also be initiated to bring all the Anglo-Indian schools in the State in the same pattern as regards the syllabus, examination, remuneration to teachers, free education etc., etc.

Now there is another graver problem facing us. The announcement that the medium of instruction in colleges would be converted into Malayalam, has caused great alarm in the Anglo-Indian community. It has perturbed them because they have their own fears and anxieties about the future education and employment of their children.

Sir, we are very few in numbers and our voice is weak. We can not agitate. We cannot protest. Even if we protest and agitate, it will be considered only as a storm in a tea cup. So we can only pray, pray for justice and fairness.

We pray that we may be given justice by giving permission to conduct alternate classes in English medium in the colleges so that the Anglo-Indian students and others who are desirous of continuing

2/467—10

LIBRARY ARCHIVES Kerala Legislative Assembly

their studies in the English medium, may be able to do so without any hindrance. I don't want to enter into the merits and demerits of the conversion of the medium of instruction into Malayalam. But one thing I may tell you. As late Shri Rajagopalachari has stated, English is the gift of Goddess Saraswathi to our country. Let us preserve it at least for purposes of further higher studies, studies in science and technology and for securing employment in other States and abroad. Why should we give it up for mere sentimental reasons? And why should we prevent the running of recognised English medium high schools in the State which have no financial burden on the State. We oppose tooth and nail the imposition of Hindi by the northerners. So we must honour the feelings of some sections of people of our State by relaxing the policy of imposing a particular language as medium of instruction.

I am bringing to the notice of the Government the inadequate financial assistance given to the Cochin University. The Cochin University is conducting several technical and scientific courses. I would like the Government to enhance the grant for all these subjects.

I once again support this demand.

ശ്രീ. പി. കരുണാകരൻ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്. വർഷങ്ങളായി നമ്മുടെ വിദ്യാഭ്യാസ വകുപ്പിൽ, കൈവശാവകാശവും, ജൻമാവകാശവും സിദ്ധിച്ചിട്ടുള്ളത്, ബഹുമാനപ്പെട്ട ശ്രീ. സി. എച്ച്. മുഹമ്മദ്കോയക്കും അദ്ദേഹത്തിൻെറ പാർട്ടിക്കും ആണ്. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ ഈ വകുപ്പിൽ എന്തുകൊണ്ട് ഒരു പുനഃസംഘടന കൈവരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല? പരിമണവും, പരിമളവും പരിസരത്ത് പരത്തേണ്ട സുന്ദരമായ ഒരു പൂന്തോട്ടത്തിനു പകരം വിഷ വൃക്ഷങ്ങളും വിഷക്കനികളും ഇടതൂർന്നു വളരുന്ന ഒരു തോട്ടമായിട്ട് ഇതു മാറിപ്പോകുകയാണോ എന്നു ഞാൻ സംശയിക്കുകയാണ്. വളരെ സമഗ്രമായ പരിഷ്കരണങ്ങൾ വരുത്തിയെങ്കിൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ നമുക്കു രക്ഷിക്കാൻ കഴിയുകയുള്ളു. Well begun is half done എന്നൊരു പഴഞ്ചൊല്ലുണ്ട്. പക്ഷേ തുടക്കത്തിൽ തന്നെ നമുക്കു തെററു പററി പോയിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ അടിസ്ഥാനപരമായ മാററങ്ങളെക്കുറിച്ചും, മൗലികമായ പ്രശ്നങ്ങളെക്കുറിച്ചും കാണാൻ നമുക്കു ഇതുവരെ കഴിഞ്ഞിട്ടില്ല. എന്താണ് നമ്മുടെ യഥാർത്ഥ നയമെന്ന് ഇതുവരെ വ്യക്തമാക്കപ്പെട്ടിട്ടില്ല. ശാസ്ത്രീയ ബോധത്തിൽ അധിഷ്ഠിതവും, ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഉള്ള മാററങ്ങൾ ഉൾക്കൊള്ളുന്നതും, ജീവിതവുമായി ബന്ധപ്പെട്ടതുമായ ഒരു വിദ്യാഭ്യാസരീതി കൈവരിക്കാൻ നമുക്കു കഴിയേണ്ടിയിരിക്കുന്നു. പക്ഷേ നാം അതിൽനിന്നും വളരെ വളരെ അകന്നു പോയിക്കൊണ്ടിരിക്കുന്നു. നമ്മുടെ വരുമാനത്തിൻെറ വലിയ ഒരു ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്നു. കോത്താരി കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് 62 ശതമാനത്തോളം പ്രൈവററു മേഖല സ്വാധീനപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. ഓരോ ദിവസം കഴിയുംതോറും പ്രൈവററു മേഖല നമ്മുടെ വിദ്യാഭ്യാസ മേഖലയെ അതിക്രമിച്ചു കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോത്താരി കമ്മീഷൻ ശുപാർശ അനുസരിച്ച് പുതിയതായി സ്കൂളുകൾ അനുവദിക്കുമ്പോൾ ഗവൺമെന്റ് മേഖലയിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്താണ് ഗവൺമെന്റിന്റെ നയം. ഇവിടെ സ്കൂളുകൾ അനുവദിക്കുന്നതിന് എഡ്യൂക്കേഷൻ സർവെ, അതുപോലെ തന്നെ അർഹതപ്പെട്ട സ്ഥലങ്ങൾ മാനദണ്ഡമായി എടുത്തിട്ടില്ല. വളരെ സങ്കുചിതവും രാഷ്ട്രീയ പ്രേരിതവുമായിട്ടാണ് സ്കൂളുകൾ അനുവദിക്കുന്നത്. അതിലേക്ക് കൂടുതൽ കടക്കുന്നില്ല. പക്ഷേ ഒരു സ്കൂൾ അനുവദിച്ചാൽ അതിന്റെ പിന്നാലെ പണം ഒഴുകുന്നു. വിദ്യാർത്ഥികളെ ചേർക്കുന്നതിനു പണം വാങ്ങിക്കുന്നു. അദ്ധ്യാപകരെ നിയമിക്കുന്നതിനു പണം വാങ്ങിക്കുന്നു. കോളേജിൽ 30,000 എങ്കിൽ ഹൈസ്കൂളുകളിൽ അത് പതിനായിരമാണ്. വിദ്യാഭ്യാസരംഗത്ത് നടക്കുന്ന ഈ അഴിമതിയെ എന്തു വാക്കുകൊണ്ടാണ് വിശേഷിപ്പിക്കേണ്ടത്? അതുപോലെതന്നെ ഇതിന്റെ ഉള്ളടക്കം പരിശോധിച്ചുനോക്കിയാൽ പരിതാപകരമാണ്. റസിഡൻഷ്യൽസ്കൂളുകൾ, ട്യൂട്ടോറിയൽ കോളേജുകൾ, പാരലൽ കോളേജുകൾ, മോഡൽ സ്കൂളുകൾ എല്ലാം കൂണുകൾപോലെ പൊട്ടിവിടർന്നുകൊണ്ടിരിക്കുന്നു. ഇവർക്കു സംഭാവനകൾ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നു ഞാൻ പറയുന്നില്ല. അതേസമയത്ത് യാതൊരു നിയന്ത്രണവുമില്ല. പാഠ്യവിഷയത്തെ സംബന്ധിച്ചോ അദ്ധ്യാപകരുടെ വരുമാനത്തെ സംബന്ധിച്ചോ യാതൊരു നിയന്ത്രണവുമില്ലാത്ത രീതിയിലാണ് പോകുന്നത്. സർ, ഞാൻ ഭയപ്പെടുന്നു. നമ്മുടെ ദേശീയോദ്ഗ്രഥനബോധവും സൗഹൃദ മനോഭാവവും അതുപോലെതന്നെ സാമൂഹ്യ രംഗത്തെ ബോധവും ഇത്തരം കലാലയങ്ങൾക്കു പ്രദാനം ചെയ്യാൻ കഴിയുമോ ? പ്രൈവററു മേഖലയും ഗവൺമെന്റു മേഖലയും അല്ലാതെ നീണ്ടുവരുന്ന ഈ ശൃംഖലകൾക്ക് ഇത്തരം ബോധം പ്രദാനം ചെയ്യാൻ കഴിയുമോ എന്ന കാര്യത്തിൽ ശക്തമായ ഭയം ഉണ്ട്.

അതുപോലെതന്നെ പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവും ആക്കിയിട്ടുണ്ടെന്നു പറയുന്നു. ഒരു പ്രധാനപ്പെട്ട ചിത്രമായി കാട്ടിയത്, 1976-നെ അപേക്ഷിച്ച് ഈ വർഷം അറുപതും എഴുപതും ശതമാനം കണ്ട് പ്രാഥമിക രംഗത്ത് വിദ്യാർത്ഥികളുടെ ചെലവ് വർദ്ധിച്ചിരിക്കുന്നു എന്നാണ്. ഇൻഡ്യൻ എക്സ്പ്രസിൽ വന്ന ഒരു ലേഖനത്തിൽ പറയുന്നത് ഇങ്ങനെയാണ്. അതിന്റെ ഒരു പ്രധാന ഭാഗം ഞാൻ വായിക്കാം. "One might say without being opposed that it is easier to get admission for a professional course than to a first standard. In the former there is some criteria, but on the latter money alone counts." പ്രാഥമിക രംഗത്തെ സ്ഥിതി ഇതാണെങ്കിൽ മററു വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പരീക്ഷണം നമ്മുടെ വിദ്യാഭ്യാസരംഗത്ത് നടന്നിട്ടില്ല എന്നു ഞാൻ പറയുന്നില്ല. ഏററവും അധികം പരീക്ഷണവിധേയരായവരാണ് നമ്മുടെ വിദ്യാർത്ഥികൾ. ഓരോ പരീക്ഷണം കഴിയുന്തോറും കുരുന്നു ഭാവനകൾ തകർക്കപ്പെട്ടു പോകുന്ന സ്ഥിതിയാണ് ഉള്ളത്. ഹിന്ദുവിൽ എഴുതിയിരിക്കുന്ന ഒരു ലേഖനത്തിൽ പറയുന്നത്, "Nothing perhaps is more unrealistically and ruthlessly experimented with, than education in our country". (From an Article, "Education Pain or Pleasure"—Hindu). നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സ്ഥിതി ഇതാണ്, പ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകണമെന്ന് അഭിപ്രായപ്പെടുന്നു. നമ്മുടെ സമൂഹത്തിന്റെ ഏററവും താഴെക്കിടക്കുന്ന വിഭാഗത്തെ സാക്ഷരത്വത്തിലേക്ക് നയിക്കാൻ കഴിയുന്ന ഒരു വിഭാഗമാണ് പ്രൈമറി വിദ്യാഭ്യാസം. ഉയർന്ന വിദ്യാഭ്യാസത്തിന് പണം നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കേണ്ട എന്നല്ല പറയുന്നത്. ഉയർന്ന വിദ്യാഭ്യാസ രംഗത്ത് ചുരുക്കം വിദ്യാർത്ഥികൾക്ക് കൂടുതൽ പണം ചെലവഴിക്കുമ്പോൾ പ്രൈമറി രംഗത്ത് കൂടുതൽ വിദ്യാർത്ഥികൾക്ക് ചുരുക്കംപണം ആണ് ചെലവഴിക്കുന്നത്. ആ സ്ഥിതി മാററാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച് നാം സംസാരിക്കാറുണ്ട്. നമ്മുടെ ബഡ്ജററിൽ പറയുന്നു, 10.57 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുണ്ട് എന്ന്. പക്ഷേ എക്കണോമിക് റിവ്യു അനുസരിച്ച് അത് 18 ലക്ഷം വരും. ഇന്ന് യാന്ത്രികമായ സാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ച് നാം സംസാരിച്ചതുകൊണ്ട് പ്രയോജനമില്ല. വിദ്യാർത്ഥികളുടെ അഭിരുചി, അവരുടെ പരിതഃസ്ഥിതി, സംസ്ഥാനത്തെ പൊതുസ്ഥിതി ഒക്കെ വച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസം പ്ലാൻ ചെയ്യാൻ നമുക്കു കഴിയണം. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ, നമ്മുടെ കാർഷിക രംഗത്തെ ചില മേഖലകൾ ഇതുമായി ബന്ധപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസത്തെ ആവിഷ്ക്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഓരോ വർഷം കഴിയുന്തോറും പൊട്ടിത്തെറിക്കാൻ പോകുന്ന ഒരു അഗ്നിപർവ്വതത്തിന്റെ അടുത്താണ് തൊഴിലില്ലായ്മയെ സംബന്ധിച്ചിടത്തോളം നാം കടന്നു ചെല്ലുന്നത്.

അതുപോലെതന്നെ നമ്മുടെ സർവ്വവിജ്ഞാനകോശത്തെ സംബന്ധിച്ച് ഒരു വാക്കു സംസാരിക്കാൻ ആഗ്രഹിക്കുന്നു. രണ്ടു വർഷത്തെ പ്രവർത്തനത്തിനു ശേഷം 20 വാല്യങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാനകോശം എൻസൈക്ലോപീഡിയായുടെ കേരള ഇൻസ്ററിററ്യൂട്ടിന് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. അതുപോലെതന്നെ ബാല വിജ്ഞാന കോശം പ്രസിദ്ധീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. ഇതും യഥാർത്ഥത്തിൽ ഈ ഇൻസ്ററിററ്യൂട്ടിനെ ഏൽപ്പിക്കേണ്ടതാണ്. മുൻ മുഖ്യമന്ത്രി ശ്രീ. അച്യുതമേനോനും ശ്രീ. മുഹമ്മദു കോയയും സമ്മതിച്ചതായിരുന്നു. പക്ഷേ ഇന്ന് അതിന് വ്യതിയാനം വരുന്നുണ്ട് എന്നാണ് അറിയുന്നത്. നേരത്തേതന്നെ കൂടുതൽ അനുഭവ സമ്പത്തും വളരെയേറെ ഗുണങ്ങളും ഉള്ള ഈ സ്ഥാപനത്തിൽനിന്നും അത് വേർതിരിച്ച് എടുക്കുന്നത് ഒരു സങ്കുചിത വിചാരത്തിൽ നിന്നോ സങ്കുചിത ബോധത്തിൽ നിന്നോ ഉടലെടുത്തതായിരിക്കണം. ധന ദുർവ്വിനിയോഗമാണ് അതിൽ വരാൻ പോകുന്നത്. അതെങ്കിലും വിദ്യാഭ്യാസമന്ത്രി ചിന്തിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കോളേജ് അദ്ധ്യാപകർ യു. ജി. സി. സ്കെയിലിനെക്കുറിച്ച് സംസാരിക്കുന്നുണ്ട്. അതു ഞാൻ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. കോളേജദ്ധ്യാപകരുടെ വർക്ക് ലോഡ് പ്രൈവററു കോളേജിൽ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ ഗവൺമെൻറു കോളേജിൽ നടപ്പിലാക്കുന്നില്ല. 1973-ൽ അംഗീകരിച്ച ജി. ഒ. അനുസരിച്ച് അല്ല കോളേജുകളിൽ ട്രാൻസ്ഫർ നടക്കുന്നത്. പണത്തിന്റെ സ്വാധീനത്തിനനുസരിച്ചാണ് ട്രാൻസ്ഫറുകൾ നടക്കുന്നത്. അതുപോലെതന്നെ ട്യൂട്ടർമാരുടെയും ഡെമോൺസ്ട്രേററർമാരുടെയും പ്രമോഷന്റെ കാര്യത്തിൽ ഒരു ഏകീകൃത നയം ഉണ്ടാക്കാൻ കഴിയണം. ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകർ ഉന്നയിച്ച ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനും പരിഹരിക്കാനും ഗവൺമെൻറ് തയ്യാറാകണം. നമ്മുടെ യൂണിവേഴ്സിററികളെക്കുറിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. കാലിക്കട്ട് യൂണിവേഴ്സിററി അഴിമതികൾ നടത്തുന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്താമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റു സമ്മതിച്ചതാണ്. ഇവിടെ കൊച്ചിൻ യൂണിവേഴ്സിററിക്ക് ഗ്രാൻറ് കൊടുക്കുന്നതിനെ സംബന്ധിച്ച് ചില സുഹൃത്തുക്കാം സൂചിപ്പിച്ചു. 1971-ൽ ബിരുദാനന്തര ഗവേഷണത്തിന് ഒരു ഫെഡറൽ മാതൃകയിൽ സ്ഥാപിച്ചതാണ് ഈ യൂണിവേഴ്സിററി. എന്താണ് അതിന്റെ സ്ഥിതി എന്ന് ആ സുഹൃത്തുക്കാം ആലോചിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. സർ, ഇവിടെ ഇന്ന് യഥാർത്ഥത്തിൽ ഒരു ഭരണമല്ല നടക്കുന്നത്. ബിരുദാനന്തര കോഴ്സുകളിലേക്ക് പുരോഗതി അവിടെ ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇന്ന് കേരള സർവ്വകലാശാല കൊടുത്ത അഞ്ചു ഡിപ്പാർട്ടുമെന്റുകളും കൈവിരലിൽ എണ്ണാവുന്ന മററു ചില ഡിപ്പാർട്ടുമെന്റുകളും ആണ് ഉള്ളത്. യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. കഴിഞ്ഞ പ്രാവശ്യം ഓഡിററ് ഒബ്ജക്ഷനിൽ 75 ലക്ഷം രൂപ അനധികൃതമായി ചെലവഴിച്ചു എന്നു എഴുതിവച്ചിട്ടുണ്ട്. അവിടെ സിൻഡിക്കേററിലെ ചില ആളുകാംക്കുവേണ്ടി മാത്രമാണ് നൽകുന്നത്. അപ്പോയിൻറിംഗ് അതോറിട്ടിയും അപ്പോയിൻറു ചെയ്യപ്പെടുന്ന വ്യക്തിയും ഒരേ ആാം ആയിട്ടു മാറുന്നു. നിരവധി പോസ്ററുകളിൽ അവിടെ നിയമനം നടക്കുന്നു. ഏതെങ്കിലും പോസ്ററുകളിലേക്ക് നിയമനം നടക്കുന്നില്ലായെന്നു പരാതിയില്ല. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാറില്ല. സർക്കുലർ അയയ്ക്കാറില്ല. കോളേജ് നോട്ടീസ് ബോർഡിൽ പോലും അപ്പോയിൻറുമെൻറിനെക്കുറിച്ച് പറയാറില്ല. ഉദാഹരണത്തിന് ഗസ്ററ് ലക്ച്ചററെ സംബന്ധിച്ച് പരിശോധിച്ചാൽ മനസ്സിലാകും, പുറമെ നിന്ന് ഉള്ള ആളെയാണ് ഗസ്ററ് ലക്ച്ചറർ ആക്കുന്നത്. മണിക്കൂറിന് 40 ഉറുപ്പിക വേതനം കിട്ടും. അവിടെ ലക്ച്ചർ നടത്തുന്ന ആളുതന്നെ അടുത്ത മണിക്കൂറിൽ ഗസ്ററു ലക്ച്ചറായിട്ട് ടി. എ. യും ഡി. എ. യും എഴുതിവാങ്ങിക്കുന്ന പ്രവർത്തനമാണ് അവിടെ നടക്കുന്നത്. അതുപോലെതന്നെ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് കൊച്ചിൻ യൂണിവേഴ്സിററിയോട് അഫിലിയേററു ചെയ്തിരുന്നതാണ്. എന്തുകൊണ്ടാണ് തിരിച്ചെടുത്തത്? തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രശ്നങ്ങാം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ ഭരണരംഗത്ത് നഗ്നമായ അഴിമതിയാണ് ഈ യൂണിവേഴ്സിററി നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നിരവധി വാർത്തകാം വന്നിട്ടുണ്ട്. പത്രങ്ങാം വളരെ എഴുതിയിട്ടുണ്ട്. അറുന്നൂറു വിദ്യാർത്ഥികാംക്ക് മുന്നൂറു അധ്യാപകരാണ് അവിടെ പഠിപ്പിക്കുന്നത്. ഗ്രാൻറ്സ് കൊടുക്കുന്നതിനെ സംബന്ധിച്ച് ആക്ഷേപമില്ല, പക്ഷേ ഉയർന്നുവന്ന ഈ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തണം. ഒരു ഗവേഷണ സ്ഥാപനം എന്ന നിലയ്ക്ക് ഇതിനെ ഉയർത്തിക്കൊണ്ടു വരാൻ നമുക്കു കഴിയണം. ആ രീതിയിലുള്ള കാഴ്ചപ്പാട് ഗവൺമെൻറ് ഈ കാര്യത്തിലെടുക്കണം. മററു രണ്ടു യൂണിവേഴ്സിററികളിൽ ഉള്ളതുപോലെ തന്നെ അഴിമതിയുടെ അഴുക്കുചാലിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കൊച്ചിൻ യൂണിവേഴ്സിററിയുടെ പ്രവർത്തനത്തെ സംബന്ധിച്ചും പൂർണ്ണമായ പരിശോധനയ്ക്ക് വിധേയമാക്കണം.

പോളി ടെക്നിക് വിദ്യാർത്ഥികാം കലാരംഗത്തും കായികരംഗത്തും അഭിരുചി വളർത്തുന്നതിനുവേണ്ടി വർഷങ്ങളായി സമരം ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രാവശ്യം അവരുടെ യൂണിയൻ രൂപീകരിക്കാൻ അവകാശം കൊടുത്തു. പക്ഷേ നയാപൈസയുടെ ഫണ്ടുപോലും കൊടുത്തിട്ടില്ല. ഈ കാര്യം ഗവൺമെൻറു ശ്രദ്ധിക്കണം. അതോടൊപ്പം അടിയന്തിരാവസ്ഥക്കാലത്തെ ഓർമിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കോളേജ് അധികൃതർ ഇന്നും നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. വിദ്യാഭ്യാസ മന്ത്രിയുടെ മൂക്കിന് താഴെയുള്ള സെൻട്രൽ പോളിടെക്നിക്കിൽ ഒരു പ്രിൻസിപ്പാൾ ഉണ്ട്. അടിയന്തിരാവസ്ഥ കാലത്ത് ആ കോളേജു യൂണിയൻ വാർഷികത്തിന് അദ്ദേഹത്തിന് ഇഷ്ടമില്ലാത്ത ആളുകൾ അവിടെ വന്നു എന്നതിൻെറ പേരിൽ യൂണിയൻ വാർഷികം നടന്ന സമയത്ത് സ്വിച്ച് ഓഫ് ചെയ്യുകയും റൗഡികളെക്കൊണ്ടു യോഗം കലക്കുകയും പോലീസുകാരെ വിളിച്ച് യോഗം നടത്തിപ്പിക്കാതെയിരിക്കുകയും ചെയ്തു. അതിൽ പ്രതിഷേധിച്ച ജീവനക്കാർക്കെതിരായി നടപടി എടുത്തു. 82 ദിവസത്തോളം അവർ സമരം നടത്തുകയുണ്ടായി. വിദ്യാഭ്യാസമന്ത്രി ആ കാര്യത്തിൽ ഇടപെട്ടതിൽ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ അതേസമയത്ത് അന്നത്തെ സമരം ഒരു പ്രസ്റ്റീജ് ഇഷ്യൂ ആയിപ്പോയി. അതിനു പരിഹാരം കാണാൻ കഴിയുകയില്ല, അതു പിൻവലിക്കണം എന്നു പറഞ്ഞു. ആ സമരം പിൻവലിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ അദ്ദേഹത്തെ ട്രാൻസ്ഫർ ചെയ്യുമെന്നുപറഞ്ഞു. വിദ്യാഭ്യാസ മന്ത്രി തയ്യാറായില്ല. സർ, ഇന്ന് അവിടത്തെ വിദ്യാർത്ഥികൾക്കെതിരായി ഒരു കുരിശു യുദ്ധമാണ് നടത്തുന്നത്. യൂണിയൻ പ്രവർത്തകരായ വിദ്യാർത്ഥികളുടെ സെഷണൽ മാർക്ക് കട്ട് ചെയ്യുക, വിദ്യാർത്ഥികളെ പുറത്താക്കുക, —രണ്ടു വിദ്യാർത്ഥികളെ അവിടെപുറത്താക്കിയിരിക്കുന്നു— എന്നീ നടപടികളാണ് നടത്തുന്നത്. അദ്ദേഹത്തിൻെറ സദാചാരത്തെക്കുറിച്ചുപോലും നിരവധി ചരിത്രങ്ങൾ ഉണ്ട്. ഞാൻ അതിലേക്കു കടക്കാൻ ഉദ്ദേശിക്കുന്നില്ല. ചിലത് ചൂണ്ടിക്കാണിക്കാതെയിരിക്കാനും നിവൃത്തിയില്ല. അവിടത്തെ വിദ്യാർത്ഥികൾക്ക് സെഷണൽ മാർക്ക് വേണമെങ്കിൽ ആ പ്രിൻസിപ്പാളിനെ പ്രത്യേകമായി കാണണമെന്നു പറഞ്ഞു. സർ, നമ്മുടെ വിദ്യാഭ്യാസത്തിൻെറ രീതിതന്നെ എന്താണ്? അദ്ദേഹത്തിൻെറ ട്രാൻസ്ഫർ നിറുത്തലാക്കിയത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. വിദ്യാഭ്യാസമന്ത്രി മറുപടി പറയണം. അടിയന്തിരാവസ്ഥയിൽപോലും നടത്താൻ ലജ്ജ തോന്നിയ പ്രവർത്തനങ്ങൾ ഇന്നും അവിടെ നടക്കുന്നു. ഇതിനെതിരെ വ്യക്തമായ നടപടികൾ എടുക്കാൻ ഗവൺമെൻറു തയ്യാറാകണം.

നമ്മുടെ യൂണിവേഴ്സിററി പരീക്ഷകളെ സംബന്ധിച്ച് നിരവധി പരാതികൾ കിട്ടാറുണ്ട്. പത്രങ്ങളിൽ നിരവധി വാർത്തകൾ വന്നിട്ടുണ്ട്. അറബിക്ക് എഴുതിയ വിദ്യാർത്ഥി പാസായത് മലയാളത്തിൽ ആണ്. പാളയം ജംഗ്ഷനിലെ മുട്ടക്കടയിൽ നിന്ന് പരീക്ഷാ പേപ്പറുകൾ കണ്ടു കിട്ടുന്നു. പരാതികളുടെ ഭണ്ഡാഗാരം ഞാൻ ദീർഘിപ്പിക്കുന്നില്ല, ഈ പരാതികൾ നമ്മുടെ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം വളരെ വളരെ കളങ്കം ചാർത്തിയിട്ടുണ്ട്. അന്വേഷിക്കാൻ തയ്യാറാകണം. യൂണിവേഴ്സിററി ഒരു പൊതു പരീക്ഷാബോർഡ് ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കണം. ഉന്നത വിദ്യാഭ്യാസരംഗത്ത് പൊതു സിലബസ്, അതുപോലെതന്നെ പൊതു പരീക്ഷാബോർഡ് ഉണ്ടാക്കാൻ സാധിക്കുമോ എന്നകാര്യത്തെക്കുറിച്ച് ആലോചിക്കണം. വയോജന വിദ്യാഭ്യാസത്തിന് 20 കോടി ഉറുപ്പിക കേന്ദ്ര ഗവൺമെൻറു നൽകിയിട്ടുണ്ട്. അതു നടപ്പാക്കുന്ന കാര്യത്തിൽ ആർ. എസ്. എസിൻെറ സ്വാധീനം ഉണ്ടെന്ന കാര്യത്തിൽ ഞങ്ങൾക്കു അഭിപ്രായ വ്യത്യാസമുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള ബഹുജന സംഘടനകളെ ഉൾക്കൊള്ളിച്ചിരുന്നില്ല. കോടിക്കണക്കിന് രൂപ ധൂർത്തടിക്കാൻവേണ്ടിയാണ് ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി ചെയർമാനായി ഉള്ള കമ്മിററി കൂടിയതിനുശേഷം പിന്നെ വിളിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. ഈ സ്ഥിതി പരിഹരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നഭ്യർത്ഥിക്കുന്നു. അധ്യാപകരും വിദ്യാർത്ഥികളും മരിച്ച സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഈ വിദ്യാഭ്യാസ ചർച്ച നടക്കുന്ന സമയത്ത് അനുവദിക്കാത്തതിൽ പ്രതിഷേധിക്കുന്നു.

ശ്രീ. കണിയാപുരം രാമചന്ദ്രൻ : സർ, വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്നിവയ്ക്കുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. എനിക്കുമുമ്പ് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട സേവ്യർ അറയ്ക്കലിന്റെയും ബഹുമാനപ്പെട്ട കരുണാകരന്റെയും പല അഭിപ്രായങ്ങളോടും യോജിപ്പുള്ള ഒരാളാണ് ഞാൻ. പക്ഷെ ബഹുമാനപ്പെട്ട സേവ്യർ അറയ്ക്കൽ നമ്മുടെ രാജ്യത്തെ വർദ്ധിച്ച തൊഴിലില്ലായ്മക്കും മററും കാരണം ഈ ഗവൺമെൻറാണെന്നും ഈ ഗവൺമെൻറിന്റെ വിദ്യാഭ്യാസനയങ്ങളാണെന്നും അർത്ഥം വരുന്ന തരത്തിൽ പ്രസംഗിച്ചപ്പോൾ വാസ്തവത്തിൽ അദ്ഭുതപ്പെട്ടുപോയി. ഏത് വടി കിട്ടിയാലും അത് ഈ ഗവൺമെൻറിനെ തല്ലാൻ പററുന്നതാണോ എന്നു നോക്കുന്നതിന്റെ ഒരു ഭാഗമായിരിക്കണം അത്. ബ്രിട്ടീഷ് ഭരണകാലം മുതൽ ആരംഭിച്ച് ആ പൈതൃകം, കഴിഞ്ഞ മുപ്പതുവർഷക്കാലം—ശ്രീ. സേവ്യർ അറയ്ക്കൽ ഇപ്പോൾ നിൽക്കുന്ന പാർട്ടി രൂപം കൊടുത്ത് നടപ്പിലാക്കിയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകൾ ഇതെല്ലാം മാറാരോഗം പോലെ വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങളിൽ നിലനിൽക്കുന്നു എന്നുള്ളതാണ് ഈ വർദ്ധമാനമായ തൊഴിലില്ലായ്മ ചൂണ്ടിക്കാണിക്കുന്നത്. സർ, ഞാൻ ഇതിനെക്കുറിച്ച് ഇത്രമാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളു.

നമ്മുടെ റവന്യൂ വരുമാനത്തിലെ സിംഹഭാഗവും ചെലവാക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറ്. ഈ വിദ്യാഭ്യാസവകുപ്പിനോളം വലുപ്പമുണ്ട്, ഇതിന്റെ പ്രശ്നങ്ങൾക്കും എന്നു നമുക്കെല്ലാപേർക്കും അറിയാം. അതുകൊണ്ട് ഈ വകുപ്പിനെ വിലയിടിച്ചു കാട്ടിയതുകൊണ്ടൊന്നും കാര്യമില്ല. ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ ഒരു സ്ഥിരാവകാശക്കാരനായി അവിടെ ഇരിക്കുന്നതാണ് ഈ വിദ്യാഭ്യാസ രംഗത്തെ കുഴപ്പങ്ങൾക്ക് കാരണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ശ്രീമാൻ കരുണാകരന്റെ പാർട്ടിയിൽപ്പെട്ട മററാരെങ്കിലും ഇതിൽ ദീർഘകാലം ഇരുന്നാൽ കഴിയാത്ത വിധം അനിവാര്യമായ കാരണങ്ങൾ കൊണ്ട് പരിഹരിക്കാൻ സാധിക്കാത്ത ഒട്ടനവധി പ്രശ്നങ്ങൾ ആ രംഗത്തുണ്ട്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നമുക്കു പരിഹരിക്കാൻ കഴിയുന്നതല്ലാത്ത ഒട്ടനവധി പ്രശ്നങ്ങൾ ആ രംഗത്തുണ്ട്. എന്നാൽ ഈ പരിമിതിക്കുള്ളിൽത്തന്നെ നിന്നുകൊണ്ട് നമുക്ക് പരിഹരിക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ടെന്ന് ആലോചിക്കണം.

സർ, വിദ്യാഭ്യാസ രംഗത്ത് ഇന്ന് ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പാരലൽ കോളേജുകളെക്കുറിച്ച് പലരും ഇവിടെ പറഞ്ഞു. മുമ്പ് ഈ സഭയിൽ ഞാനും ഈ പാരലൽ കോളേജിന്റെ കാര്യം പറഞ്ഞിട്ടുള്ളതാണ്. ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് കോളേജിലോ സ്വകാര്യ കോളേജിലോ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ അവർക്ക് ഈ പാരലൽകോളേജുകളെ ആശ്രയിക്കാതെ നിവൃത്തിയില്ലെന്നു വന്നിരിക്കുന്നു. തീർച്ചയായും ഈ പാരലൽ കോളേജുകളുടെ മേൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരണമെന്നു പറഞ്ഞാലോ അതിന് എന്തെങ്കിലും നിയമ നിർമ്മാണം കൊണ്ടുവരണമെന്നു പറഞ്ഞാലോ അതു പുലിവാലുപിടിക്കുന്നതുപോലെ ആയിരിക്കുമെന്ന് നമുക്കൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. എന്തെങ്കിലും ചെറിയ നിയന്ത്രണങ്ങൾ ആ രംഗത്ത് കൊണ്ടു വരണം. വാസ്തവത്തിൽ കൊള്ളയടിയാണ് ഇന്ന് അവിടെ നടക്കുന്നത്. നല്ലപോലെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. സർ, പാരലൽ കോളേജിൽ ഏഴെട്ടു വർഷം പഠിപ്പിക്കാൻ അവസരം ലഭിച്ച ഒരു വ്യക്തിയെന്നുള്ള നിലക്കാണ് ഞാനിതു പറയുന്നത്, സർ, ഇന്നു തന്നെയുള്ള ഗവൺമെൻറ് കോളേജുകളിൽ ഷിഫ്ട് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് എന്തുകൊണ്ടാണ് നമുക്ക് ആലോചിക്കാൻ വയ്യാത്തത്? കേരളത്തിലെ വിദ്യാർത്ഥി സംഘടനകളിൽ പലതും ഈ ഷിഫ്ട് സമ്പ്രദായം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതേക്കുറിച്ച് ഗവൺമെൻറ് ആലോചിക്കേണ്ടതാണ്.

യൂണിവേഴ്സിററിയെക്കുറിച്ചുള്ള അഴിമതിയാരോപണങ്ങൾ ആവർത്തനംകൊണ്ട് പുതുമനഷ്ടപ്പെട്ട വിധത്തിൽ ആയിത്തീർന്നിരിക്കുകയാണ് ഇന്ന്. കഴിഞ്ഞപ്രാവശ്യം എൻെറ മാന്യ സുഹൃത്ത് ശ്രീ. ദേവസ്സികുട്ടി കോഴിക്കോട്ടങ്ങാടിയിൽ കാണാൻ കൊള്ളാവുന്ന പെൺകുട്ടികളുടെ പടമുള്ള പരീക്ഷാപേപ്പറുകൾക്കുവേണ്ടി ആളുകൾ ക്യൂ നിൽക്കുന്നുവെന്ന് പറയുകയുണ്ടായി. അൽപ്പം അതിശയോക്തിയാണെങ്കിൽക്കൂടി യൂണിവേഴ്സിററി 1978 മാർച്ച്-ഏപ്രിലിൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയുടെ രണ്ടു പരീക്ഷാ പേപ്പറുകൾ പുനലൂരിലെ ഒരു ചായക്കടയിൽനിന്നും കിട്ടിയതാണ് എൻെറ കൈയിൽ ഇരിക്കുന്നത്. ഇത് കേരള യൂണിവേഴ്സിററിയുടെ രണ്ടു പരീക്ഷാ പേപ്പറുകളാണ്. കിണററിൽ നിന്നും കണ്ടുകിട്ടുന്നു. ചിലത് പാളയം മാർക്കററിൽ നിന്നും കിട്ടുന്നു. ഈ രീതിയിലൊക്കെയാണ് യൂണിവേഴ്സിററിയുടെ പോക്ക്. കേരളാ യൂണിവേഴ്സിററിയെക്കുറിച്ച് ഇതിൽ കൂടുതൽ ഗുരുതരമായ ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഒരു ആട്ടോണമസ് ബോഡിയെന്നുള്ള നിലക്ക് യൂണിവേഴ്സിററിക്കുള്ള പരമാധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. സമയത്തിന് പ്രോജക്ററ് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കാത്തതുകൊണ്ട് ഈ യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷനിൽനിന്നും ലക്ഷക്കണക്കായ രൂപായുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിയതിൽ റിക്കാർഡ് സൃഷ്ടിച്ച ഒരു യൂണിവേഴ്സിററി ഭരണ സമിതിയാണ് നമ്മുടെ യൂണിവേഴ്സിററിക്കുള്ളത്. ഗവൺമെൻറ് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യണം. എനിക്കു നിർദ്ദേശിക്കാനുള്ളത് പുനലൂരുള്ള ചായക്കടയിൽ ഈ പേപ്പർ കൊടുക്കുന്നതിനുപകരം ഇന്ന് വിദ്യാർത്ഥി സംഘടനകളിൽ തന്നെ പലരും ആവശ്യപ്പെട്ടിട്ടുള്ളതുപോലെ, പണ്ഡിതന്മാർ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ഈ പേപ്പർ എഴുതിയ വിദ്യാർത്ഥികൾക്കുതന്നെ പുനഃവിചിന്തനത്തിനുവേണ്ടി കൊടുക്കാൻ ശ്രമിക്കേണ്ടതാണ്. സർ, ഈ യൂണിവേഴ്സിററിയുടെ കൊള്ളരുതായ്മയുടെ ഏററവും വലിയ ഉദാഹരണമാണിത്. നമ്മുടെ യൂണിവേഴ്സിററിയിൽ തോററവർ ജയിക്കും, ജയിച്ചവർ തോൽക്കും. നമ്മുടെ നാട്ടിൽ ജീവിച്ചിരിക്കുന്നവരെ കൊല്ലുന്ന ഒരു പരിപാടിയുണ്ട്. അതുപോലെ കേരളാ യൂണിവേഴ്സിററി ഫസ്ററ് ക്ലാസ് വാങ്ങി ജയിച്ചവരെ തോററതായി പ്രഖ്യാപിക്കും. അതൊക്കെ ഒന്നു നിർത്തലാക്കണം. വിദ്യാഭ്യാസ വകുപ്പിനെ കുറിച്ച് ഇത്രമാത്രമേ സംസാരിക്കാനുള്ളൂ.

വിദ്യാഭ്യാസ രംഗത്ത് പിന്നണിയിൽ കിടക്കുന്ന 2 വകുപ്പുകളാണ്. സംസ്ക്കാരം-കല. നമുക്ക് ഒരു സംസ്ക്കാരമേയുള്ളൂ. ശവസംസ്ക്കാരം. നമുക്ക് ഒരു കൾച്ചറേയുള്ളൂ, അഗ്രികൾച്ചർ. ഞാൻ ഈ സഭയിൽ വന്നതിനുശേഷം എപ്പോഴെല്ലാം എഴുന്നേററുനിന്നിട്ടുണ്ടോ അപ്പോഴെല്ലാം ഞാൻ പറഞ്ഞിട്ടുണ്ട് നമുക്ക് ഒരു സാംസ്ക്കാരിക ഡിപ്പാർട്ടുമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് ധാരാളം ചുമതലകളുണ്ട്. അതുകഴിഞ്ഞു സമയമുണ്ടെങ്കിൽ കൈകാര്യം ചെയ്യുന്ന ഒരു വകുപ്പായിട്ടാണ് ഇന്ന് സാംസ്കാരിക വകുപ്പ് പ്രവർത്തനം നടത്തുന്നത്. ഈ സാംസ്കാരിക കലാ രംഗങ്ങളുടെ പ്രവർത്തനം വിദ്യാഭ്യാസ ഏജൻസികളെയാണ് ഇപ്പോൾ ഏൽപ്പിക്കുന്നത്. നമുക്ക് ധാരാളം സ്കോപ്പുകളുള്ള രംഗമാണ്. സംഗീത നാടക അക്കാഡമി, സാഹിത്യഅക്കാഡമി, ലളിതകലാ അക്കാഡമി അങ്ങ്തന്നെ പ്രസിഡന്റോ, സെക്രട്ടറിയോ ആയിട്ടുള്ള ഹിസ്ററി അസോസിയേഷൻ, പബ്ലിക് റിലേഷൻസ്, സിനിമ കൈകാര്യം ചെയ്യുന്ന കോർപ്പറേഷൻ, ഇതുപോലുള്ള എത്രയോ ഏജൻസികൾ ഇന്ന് അനാഥമായി അച്ഛനും അമ്മയുമില്ലാതെയോ അല്ലെങ്കിൽ പല തന്തമാർ ഉള്ളവരായോ ഇരിക്കുകയാണ്. ഒന്ന് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്, വേറൊന്ന്—വേറെ ഒരു വകുപ്പിന്റെ കീഴിലാണ്. ഇതെല്ലാംകൂടി ഏകോപിപ്പിച്ച് എന്തുകൊണ്ടാണ് ഒരു സാംസ്കാരിക വകുപ്പ് രൂപീകരിക്കാൻ കഴിയാത്തത്. ഈ സഭയിൽ എന്റെ ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി സാംസ്കാരിക വകുപ്പ് രൂപീകരിക്കുമെന്ന് ഉറപ്പു നൽകിയിട്ടുള്ളതാണ്. സർ, ഇപ്പോൾ വ്യക്തമായി അതേക്കുറിച്ച് പറഞ്ഞു കേൾക്കുന്നില്ല. ഞാൻ ഇന്ന് വിദ്യാഭ്യാസ മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ആ പ്രഖ്യാപനം സന്തോഷപൂർവ്വം കേൾക്കാൻ കാത്തിരിക്കുകയാണ്. അതുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

നമ്മുടെ നാട്ടിൽ സംഗീതനാടക അക്കാഡമിയിലൂടെ സഹായം നൽകുന്ന കലാ സംഘടനകളുണ്ട്. 1961-ൽ ഗവൺമെന്റ് തീരുമാനിച്ചവിധം 'എ' ഗ്രേഡിലുള്ള കലാസംഘടനകൾക്ക് 500 രൂപയും 'ബി' ഗ്രേഡിലുള്ള കലാസംഘടനകൾക്ക് 250 രൂപായുമാണ് നൽകുന്നത്. 1961-നു ശേഷം ഇപ്പോൾ 18 വർഷം കഴിഞ്ഞു; അതിനുശേഷം ഇതുപോലുള്ള സംഘടനകൾക്കും മററും നല്കിവന്ന ഗ്രാന്റിൽ വർദ്ധനയുണ്ടായി. പക്ഷേ ഈ കലാസമിതികൾക്കുള്ള സഹായത്തിൽ ഈ പതിനെട്ടുവർഷക്കാലത്തിനിടയ്ക്ക് ഒരു വർദ്ധനയുമുണ്ടായില്ല. നിസ്വാർത്ഥമായി കലാസാംസ്കാരിക രംഗത്ത് സേവനമനുഷ്ഠിക്കുന്ന ഈ സംഘടനകൾക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ഈ ഗ്രാന്റിൽ അടിയന്തിരമായ വർദ്ധന ഉണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

സർ, കേരളത്തിലെ വിദ്യാർത്ഥി സംഘടനകൾ കുറെക്കാലമായി ആവശ്യപ്പെട്ടുവരുന്ന ഒന്നാണ് ട്രാൻസ്പോർട്ട് ബസ്സിൽ കൺസെഷൻ ലഭിക്കണമെന്നുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രിയും ഒരുമിച്ചാലോചിച്ച് ചെയ്യേണ്ട കാര്യമാണ്. പാരലൽ കോളേജിലോ സാങ്കേതിക സ്ഥാപനങ്ങളിലോ എവിടെയായാലും പഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾക്കെല്ലാം, മററു വിദ്യാർത്ഥികൾക്കു നൽകുന്നതുപോലെ കൺസെഷൻ നൽകണം. അങ്ങനെയുള്ള ആനുകൂല്യം ഇവർക്ക് ഇന്ന് നൽകുന്നില്ല എന്നുള്ളത് തീർച്ചയായും ഒരു ന്യായവുമില്ലാത്ത ഒരു കാര്യമാണ്. പാരലൽ കോളേജുകളിൽ പോകുന്ന ലക്ഷക്കണക്കായ വിദ്യാർത്ഥികളുടെ വികാരങ്ങളെ മാനിച്ച് വളരെ വേഗം ഇവർക്ക് കൺസെഷൻ നൽകുന്നതിനുള്ള തീരുമാനമെടുക്കണമെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് അപേക്ഷിക്കുവാനുള്ളത്.

സർ, സാംസ്കാരിക വകുപ്പ് രൂപീകരിക്കണമെന്നും ഇന്നു കലാസംഘടനകൾക്ക് നൽകുന്ന സഹായധനം വർദ്ധിപ്പിക്കണമെന്നും പ്രത്യേകമായി ആവശ്യപ്പെട്ടുകൊണ്ട് ധനാഭ്യർത്ഥനയെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട്, അവസാനിപ്പിക്കുന്നു.

2/467—11

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. കെ. ഇട്ടൂപ്പ് :</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കഴിഞ്ഞ പത്തുവർഷക്കാലമായി വിദ്യാഭ്യാസവകുപ്പ് സ്വന്തം സാമ്രാജ്യംപോലെ കരുതി ഭരണം നടത്തി വരുന്ന ബഹുമാനപ്പെട്ട മന്ത്രി ഇന്നും ഈ വകുപ്പ് ഒരു കുത്തഴിഞ്ഞ പുസ്തകം പോലെ നിലനിർത്തിക്കൊണ്ടുപോവുകയാണ്. കഴിഞ്ഞ പത്തു വർഷക്കാലത്തെ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാൽ അഴിമതിയുടെയും സ്വജന പക്ഷപാതത്തിന്റെയും ദുർഗന്ധം വമിക്കുന്ന ഒരു ചരിത്രം മാത്രമേ നമുക്ക് കാണാൻ സാധിക്കുകയുള്ളു. 1968-ൽ വിദ്യാഭ്യാസവകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി സമർപ്പിച്ച സ്പെഷ്യലാഫീസറുടെ റിപ്പോർട്ട് പത്തുവർഷം കഴിഞ്ഞിട്ടും ഇന്നും 'പരിഗണനയിലിരിക്കുക'യാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അത് ഇന്നും പരിഗണിച്ചുകൊണ്ടിരിക്കുകയാണ്, തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്നത് സർവ്വീസ് സംഘടനകളുടെ അഭിപ്രായ ഭിന്നതകൾ മൂലമാണ്, എന്ന്. പത്തു വർഷമായിട്ടും അതിന് ഒരു പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ അത് കഴിവുകേടിന്റെയും കുററകരമായ അനാസ്ഥയുടെയും ഫലമാണെന്നു മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇതിനു കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാനാവശ്യപ്പെടുകയാണ്. വിദ്യാഭ്യാസവകുപ്പിന്റെ ഏത് വിഭാഗം പരിശോധിച്ചാലും അഴിമതിയും സ്വജനപക്ഷപാതവും നിലനിന്നുവരുന്നുവെന്നുള്ളത് വളരെ വ്യക്തമാണ്. സാക്ഷരതത്തിൽ മുൻപന്തിയിൽ നിൽക്കുന്നതെന്നു നമ്മൾ അവകാശപ്പെടുന്ന ഈ സംസ്ഥാനത്ത് അത്തരത്തിലുള്ള ഒരു നിലവാരമെത്തിക്കാൻ ആരാണ് കാര്യമായ പങ്കുവഹിച്ചിട്ടുള്ളതെന്ന് എല്ലാവരും സമ്മതിക്കും; അത്തരം സ്വകാര്യ ഏജൻസികളോടുള്ള ഗവൺമെൻറിന്റെ നയമെന്താണെന്ന് ഒന്നു വ്യക്തമാക്കണം. എല്ലാവർക്കുമറിയാം, സ്വകാര്യ ഏജൻസികളുടെ സ്തുതിപാഠകന്മാരായി വാതോരാതെ പ്ളാററ്ഫോറങ്ങളിൽ പ്രസംഗിക്കുകയും പ്രവൃത്തിപഥത്തിൽ വരുമ്പോൾ അതിനെതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന രീതി ഇന്നു നിലനിന്നുവരികയാണ്. ഞാൻ പറയുന്നത്, സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഗവൺമെൻറിന്റേതെങ്കിൽ അത് വ്യക്തമാക്കണം. സാമ്പത്തിക പരാധീനതകൊണ്ട് ഗവൺമെൻറിന് സ്കൂളുകളോ മററു വിദ്യാലയങ്ങളോ നടത്താൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് സമ്മതിച്ചിരിക്കെ ഗവൺമെൻറിന്റെ ധനസഹായമൊന്നും ഇച്ഛിക്കാതെയും പ്രതീക്ഷിക്കാതെയും വിദ്യാലയങ്ങൾ നടത്താനും 40 ശതമാനം വരുന്ന നിരക്ഷരരെ വിദ്യാസമ്പന്നരാക്കാനും മുന്നോട്ടുവരുന്ന സ്വകാര്യ ഏജൻസികളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഏതു തരത്തിലാണ് ഗവൺമെൻറ് കാണുന്നതെന്ന് വ്യക്തമാക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഞാൻ സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടെയും കാര്യം പറഞ്ഞു; വസ്തുനിഷ്ഠമായി പരിശോധിച്ചാൽ, കഴിഞ്ഞ പത്തുവർഷക്കാലം ഈ വകുപ്പിൽ എന്തെല്ലാം നടന്നുവെന്നു പരിശോധിച്ചാൽ അതിന്റെ വ്യക്തമായ രൂപം നമുക്കു ലഭിക്കും. അടുത്തകാലത്തു നടന്ന വളരെ കുപ്രസിദ്ധമായ സ്കൂൾ കച്ചവടത്തെപ്പററി എല്ലാവർക്കുമറിയാം. 306 സ്കൂളുകൾ അനുവദിച്ചുവെന്നു പറയുന്നു. ആർക്കാണ് അനുവദിച്ചത്? എന്തടിസ്ഥാനത്തിൽ അനുവദിച്ചു? ബഹുമാനപ്പെട്ട മന്ത്രി ആദ്യം പറഞ്ഞു വിദ്യാഭ്യാസ വകുപ്പിന്റെ സർവ്വേ അനുസരിച്ചാണെന്ന്. അതായിരുന്നു മാനദണ്ഡം എന്നു പറഞ്ഞു. പിന്നീട് ചോദ്യങ്ങൾ വന്നപ്പോൾ അതൊന്നും അടിസ്ഥാനമല്ലെന്ന് പറഞ്ഞു. സർ, ഇത് സെമിന്ദാരി സമ്പ്രദായംപോലെയാണ്. ഗവൺമെൻറിന്റെ പല സെമിന്ദാരികളും ഇന്നു നിലവിലുണ്ട്; ഓരോ

വകുപ്പും ഓരോ സെമിന്ദാരിയായി നിലനിൽക്കുകയാണ്. അവരവർക്ക് ആവശ്യമുള്ള രീതിയിൽ പണം പിരിക്കാൻ. അങ്ങനെയുള്ള പരിപാടികൾ നടപ്പിൽ വരുത്താനുള്ള സെമിന്ദാരികളായി വിവിധ വകുപ്പുകൾ രൂപപ്പെട്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു സെമിന്ദാരിയാണ് വിദ്യാഭ്യാസ വകുപ്പെന്നു പറഞ്ഞാൽ അതിൽ വലിയ തെററുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ ലിസ്ററ് പരിശോധിച്ചാൽ, ഭരണപക്ഷത്തുള്ളവരും സമ്മതിക്കും. ആ നിയോജകമണ്ഡലങ്ങളിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ അനുവദിച്ചിട്ടില്ല; ആവശ്യമില്ലാത്തിടത്ത് അനുവദിച്ചു. ആവശ്യപ്പെട്ട രീതിയിൽ സ്കൂളനുവദിക്കാൻ മന്ത്രി തയ്യാറായില്ല എന്നു ഇവിടെ പറഞ്ഞു. തന്റെ സെമിന്ദാരി കൈകാര്യം ചെയ്യുന്നത് താനാണെന്നും മററുള്ളവർ അതിൽ കൈകടത്തേണ്ടതില്ലെന്നും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു പോകുകയാണ്. സ്കൂളനുവദിക്കുന്ന കാര്യത്തിൽ ഈ ചരിത്രമാണെങ്കിൽ മറെറല്ലാ കാര്യങ്ങളിലും ഇതേ നയം തന്നെ തുടർന്നു പോകുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയല്ല. അധ്യാപകരുടെ ട്രാൻസ്ഫർ, പ്രമോഷൻ എന്നീ കാര്യങ്ങളിൽ എന്താണ് നടക്കുന്നതെന്ന് പരിശോധിച്ചാൽ അഴിമതിയുടെ കറപുരണ്ട ചരിത്രമല്ലാതെ അതിന്റെ പിന്നിൽ ഒന്നും ഉണ്ടാവില്ല. കഴിഞ്ഞ രണ്ടുവർഷക്കാലമായി ഒരു സ്പെഷ്യൽ ആർഡർ സമ്പ്രദായം ഉണ്ട്. എത്ര സ്പെഷ്യൽ ആർഡറുകൾ കഴിഞ്ഞ വർഷം പാസാക്കി? അതിൽ എത്രയെണ്ണം പ്രവർത്തിപഥത്തിൽ വരുത്താൻ സാധിച്ചു? എനിക്കു മനസ്സിലാക്കാൻ സാധിച്ചത് അത്തരത്തിലുള്ള സ്പെഷ്യൽ ആർഡറുകൾ പാസാക്കുമ്പോൾ അതിൽ ചില പ്രത്യേക കോഡുകൾ ഉണ്ടെന്നാണ്; അല്ലെങ്കിൽ ചില പ്രത്യേക മഷികളിൽ ആയിരിക്കും അത്തരം ആർഡറുകൾ എഴുതുക. ഒരു ആർഡർ ഡി. ഇ. ഒ. യുടെ അടുത്തു ചെന്നാൽ ആ ഓർഡറിൽ ഈ കോഡ് വാക്ക് ഇല്ലെങ്കിൽ ആ ആർഡർ പ്രവൃത്തിപഥത്തിൽ വരികയില്ല. പാവപ്പെട്ട അധ്യാപകനോ ബന്ധപ്പെട്ട ആളുകളോ സ്പെഷ്യൽ ആർഡർ കിട്ടി എന്ന സമാധാനത്തോടുകൂടി ഡി. ഇ. ഒ. മാരെ സമീപിച്ചാൽ മററു വല്ല കാരണവും പറഞ്ഞ് നിരാകരിക്കും; അതിൽ ഇന്ന വാക്കുണ്ടെങ്കിൽ അനുവദിക്കാം, അതല്ലെങ്കിൽ പച്ചമഷിയാണെങ്കിൽ അനുവദിക്കുകയും കറുത്ത മഷിയാണെങ്കിൽ അനുവദിക്കാതിരിക്കുകയും ചെയ്യാം എന്ന രീതിയാണ് ഇന്ന് ഡിപ്പാർട്ടുമെന്റിൽ നിലനിൽക്കുന്നത്.

ഇതൊക്കെ അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും
11. A. M.] ചരിത്രം അല്ലേ വിളിച്ചു പറയുന്നത് എന്ന് ഞാൻ ചോദിക്കുക
യാണ്. കഴിഞ്ഞ പത്ത് വർഷക്കാലമായി ഈ വിദ്യാഭ്യാസ വകുപ്പിന് നാഥനില്ലാത്ത രീതിയിൽ ആണ്, ഒരു നാഥനുണ്ട്; അത് സുൽത്താനേററിന്റെ അധിപനായിട്ടുള്ള മന്ത്രി കോയ ആണെന്നുള്ളത് എല്ലാപേർക്കും അറിയാം. അവിടെ നിന്നുള്ള ഉത്തരവില്ലാതെ ഒരു കാര്യവും നടക്കാത്ത സ്ഥിതിവിശേഷം എല്ലാ തലങ്ങളിലും നടമാടുകയാണ്. സർ, ഞാൻ ഇതിന് പറയേണ്ടത് എന്താണ്? ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും കാര്യങ്ങൾ വ്യക്തമായി നടക്കുന്നുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഇവിടെ അഴിമതിയുടെ കാര്യങ്ങൾ പറഞ്ഞപ്പോൾ യൂണിവേഴ്സിററിയുടെ കഥകൾ പറഞ്ഞു. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വേണമെന്ന് ആവശ്യപ്പെടുന്ന, സാമ്പത്തിക പരാധീനത കൊണ്ട് സ്വയം സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ കോളേജുകൾ നടത്തുന്നതിനോ ഹൈസ്കൂളുകൾ നടത്തുന്നതിനോ സാധിക്കാത്ത സാഹചര്യത്തിൽ ജനപങ്കാളിത്തം വേണമെന്ന് ആവശ്യപ്പെടുന്ന, സർക്കാർ എന്താണ് കോളേജ് കാര്യത്തിൽ ചെയ്തതെന്ന് ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1973-ൽ ആണെന്നാണ് എന്റെ ഓർമ്മ, ആറു കോളേജുകൾ ഈ സംസ്ഥാനത്ത് സ്ഥാപിച്ചു. ജനപങ്കാളിത്തത്തോടുകൂടി അവ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടുവന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ യശശ്ശരീരനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ പേരിൽ ഒരു കോളേജ് ആരംഭിച്ചു. 25 ഏക്കർ സ്ഥലം ഗവൺമെൻറ് പക്കൽ നാട്ടുകാരുടെ സംഭാവന വഴിയായി വാങ്ങിച്ചു ഏൽപ്പിച്ചുകൊടുത്തിട്ട് വർഷങ്ങളായി. പക്ഷേ ഈ 25 ഏക്കർ ഇന്ന് കന്നുകാലികളെ മേയ്ക്കുന്ന ഒരു സ്ഥലമായി മാറി. മററാരെങ്കിലും അത് കയ്യേറുമെന്ന് ഭയപ്പെട്ടു കൊണ്ട് ഞങ്ങൾ ഇരിക്കുകയാണ്. നിരവധി നിവേദനങ്ങൾ നടത്തി; നിരവധി പരാതികൾ സമർപ്പിച്ചു. അവിടെപ്പോയി തറക്കല്ല് ഇടുന്നതിനുള്ള സൻമനസുപോലും കാണിച്ചിട്ടില്ല എന്നുപറയുമ്പോൾ ഈ ജനപങ്കാളിത്തത്തിന് ആഹ്വാനം കൊടുക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് ഞാൻ ചോദിക്കുകയാണ്. കോളേജുകളുടേയും സ്കൂളുകളുടേയും കാര്യങ്ങൾ എല്ലാ സ്ഥലത്തും ഇതേ രൂപത്തിലാണെങ്കിൽ ഈ വകുപ്പിന്റെ പ്രവർത്തനം ഇങ്ങനെ മുമ്പോട്ടുപോയാൽ എവിടെച്ചെന്ന് എത്തുമെന്ന് ആലോചിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ ഈ ഡിപ്പാർട്ടുമെൻറിൽ നിയമങ്ങൾ ഉണ്ട്; റൂളുകൾ ഉണ്ട്. എല്ലാം നിലവിലുണ്ടെങ്കിലും അതിനെല്ലാം അതീതമായ രീതിയിൽ പലതും നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കരുണാകരൻ ഇവിടെ പറഞ്ഞു, ഗവൺമെൻറ് കോളേജുകളിലും പ്രൈവററ് കോളേജുകളിലും വിവേചനപരമായിട്ടുള്ള ഒരു സമീപന രീതിയാണ് ഗവൺമെൻറ് കൈക്കൊള്ളുന്നതെന്ന്. ടീച്ചേഴ്സിന്റെ വർക്ക്ലോഡിനെ സംബന്ധിച്ച കാര്യങ്ങൾ ഗവൺമെൻറ് കോളേജിൽ നടപ്പിലാക്കുന്നില്ലെങ്കിൽ പ്രൈവററ് കോളേജിൽ അത് നടപ്പിലാക്കുന്നതിൽ ശാഠ്യം പിടിക്കുന്നത് എനിക്ക് മനസ്സിലാകുന്നില്ല. എയ്ഡഡ് സ്കൂളുകളിൽ ബിൽ പാസ്സാക്കുന്നത് എ. ഇ. ഒ. ആണെങ്കിൽ അതിൽ ഹെഡ്മാസ്ററർമാർക്ക് അധികാരമില്ലാത്ത ഒരു സ്ഥിതി വിശേഷമാണ്; പക്ഷേ ഗവൺമെൻറ് സ്കൂളുകളിലെ ഹെഡ്മാസ്ററർമാർക്ക് അത് പാസ്സാക്കി കൊടുക്കാം എന്നുള്ള ഒരു രീതി. എന്തിനാണ് ഈ രണ്ടു തരം രീതി എന്ന് ഞാൻ ചോദിക്കുകയാണ്. അത് പോലെതന്നെ ഇന്ന് പുന:സംഘടനയെപ്പററി പറയുമ്പോഴെല്ലാം ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്, റവന്യു ബോർഡ് നിർത്തലാക്കുമെന്ന്. അതുപോലെ തന്നെ ആർ. ഡി. ഡി. ആഫീസുകൾ നിർത്തലാക്കുമെന്നും പറഞ്ഞിട്ടുണ്ട്. എത്ര വർഷമായി പ്രഖ്യാപനം നടത്തിയിട്ട്? ഈ ആർ. ഡി. ഡി. ആഫീസ് എന്തിനുവേണ്ടി പ്രവർത്തിക്കുന്നു സർ? ഈ ആർ. ഡി. ഡി. ആഫീസിൽ എന്താണ് നടക്കുന്നതെന്ന് പരിശോധിക്കണം. അങ്ങനെയുള്ള ആഫീസുകൾ നിറുത്തലാക്കുന്നതിന് എന്തിനാണ് കാലതാമസം? അതിനുള്ള കാരണം വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ ഗവൺമെൻറ് പ്രൈമറി സ്കൂളുകളിൽ വർഷങ്ങളായി ജോലി ചെയ്യുന്ന ആയിരത്തോളം വരുന്ന അദ്ധ്യാപകർ, യോഗ്യത ഉള്ളവർ ആയിരുന്നിട്ടും ഇന്നും താൽക്കാലിക അദ്ധ്യാപകരായി നിലനിൽക്കുകയാണ്. എന്താണതിന് കാരണം സർ? അവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തുകൊണ്ട് സാധിക്കുന്നില്ല എന്നു ഞാൻ ചോദിക്കുകയാണ്. അവരുടെ നിവേദനങ്ങൾക്കൊക്കെ യാതൊരു മറുപടിയുമില്ലാത്ത ഒരു സ്ഥിതിവിശേഷമാണ്.

അവസാനമായി വയോജന വിദ്യാഭ്യാസത്തെപ്പററി പറയാൻ ഞാനാഗ്രഹിക്കുകയാണ്. എന്താണ് വയോജന വിദ്യാഭ്യാസം? 40 ശതമാനത്തോളം ആളുകൾ സർക്കാർ കണക്കനുസരിച്ച് നിരക്ഷരരായി നിലനിൽക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അങ്ങനെയുള്ള ആളുകളെ വിദ്യാസമ്പന്നരാക്കുന്നതിന്, വായിക്കുന്നതിനും എഴുതുന്നതിനുമുള്ള അറിവുണ്ടാക്കുന്നതിന് ഒരു മാദ്ധ്യമമായി കണക്കാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് ലക്ഷക്കണക്കിന് ഉറുപ്പിക ഈ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. വയോജന വിദ്യാഭ്യാസ പരിപാടി ഏതു രൂപത്തിൽ നടപ്പിലാക്കണമെന്ന് ഒന്ന് പരിശോധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ആരുടെ നിയന്ത്രണത്തിലാണ് അത് നടക്കുന്നത്. ഒരു പി. എൻ. പണിക്കരുടെ നേതൃത്വത്തിലാണെന്ന് പത്രങ്ങളിലൂടെ കാണാൻ സാധിച്ചു. അനുവദിച്ചിട്ടുള്ള ആ പണം ഉപയോഗിച്ച് ഇത് ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കണമെന്നു ഗവൺമെന്റ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, വിവിധ സംഘടനകളേയും പാർട്ടികളേയും ബന്ധപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അല്ലാതെ ഏതാനും വ്യക്തികളുടെ ഒരു കറവപ്പശുവായി മാറാതെ അതിന് ശരിയായ രൂപം കൊടുത്തുകൊണ്ട് അതിനുള്ള പദ്ധതികൾ വിജയിപ്പിക്കുന്നതിനുള്ള പരിപാടികളോടുകൂടി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി എതിർക്കുകയാണ്.

<u>ശ്രീ. വി. ജെ. ജോസഫ്:</u> സർ, കലയ്ക്കും സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ രംഗത്തെപ്പററി ചിന്തിക്കുമ്പോൾ വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള പരാധീനതകളേക്കാൾ ഉപരിയായി നമ്മുടെ മനസ്സിൽ പൊന്തിവരുന്നത് വിദ്യാഭ്യാസ രംഗം സൃഷ്ടിച്ചുവിട്ടിട്ടുള്ള പ്രശ്നങ്ങളാണ്. വിദ്യാഭ്യാസ രംഗം ഇന്ന് നിരാശയോടുകൂടി ഭാവിയെ നോക്കികാണുന്ന അഭ്യസ്തവിദ്യരായ യുവജനതയെ സൃഷ്ടിച്ചു വിട്ടിരിക്കുന്നു. വീര്യം നഷ്ടപ്പെട്ട് ഭാവിയിലേക്ക് റിസ്ക്ക് എടുക്കാൻ തയ്യാറില്ലാതെ ബഞ്ചുകളിലും ഡെസ്ക്കുകളിലും മാത്രം അഭയം കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന യുവജനതയെയാണ് ഇന്നത്തെ വിദ്യാഭ്യാസരംഗം സൃഷ്ടിച്ചുവിട്ടിരിക്കുന്നത്.

ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ആ രാജ്യത്തിന്റെ വികസനം എന്ന് പറയുന്നത് കാർഷിക വ്യാവസായിക മണ്ഡലങ്ങളിലുള്ള വികസനമാണെങ്കിലും ആ കാർഷിക വ്യാവസായിക മണ്ഡലങ്ങളിലുള്ള വികസനത്തിന് ഏററവും അനിവാര്യമായിട്ടുള്ളത് ഫിസിക്കൽ റിസോഴ്സസും ഹ്യൂമൺ റിസോഴ്സസും വിനിയോഗിക്കുക എന്നുള്ളതാണ്. ഫിസിക്കൽ റിസോഴ്സസും ഹ്യൂമൺ റിസോഴ്സസും വിനിയോഗിക്കുന്നതിൽ നമ്മുടെ വിദ്യാഭ്യാസരംഗം പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ 30 വർഷക്കാലം ഈ രാജ്യം ഭരിച്ച കോൺഗ്രസ്സിനും അതിനുശേഷം രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന ജനതാപാർട്ടിക്കുമൊന്നും വിദ്യാഭ്യാസ രംഗത്ത് ബ്രിട്ടീഷുകാർ ഇവിടെ സൃഷ്ടിച്ചുവച്ച വിദ്യാഭ്യാസ രീതിയിൽനിന്നും വിഭിന്നമായ ഒരു രീതി സംവിധാനം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. 1966-ൽ നിയമിച്ച വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ടിൽ ഈ രാജ്യത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഊന്നിക്കൊണ്ട്, ഈ രാജ്യത്തിന് അനിവാര്യമായത് എന്താണെന്ന് സൂചിപ്പിച്ചുകൊണ്ട്, ചില നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ആ നിർദ്ദേശങ്ങളിൽ ഒന്നുപോലും നടപ്പിലാക്കുന്നതിന് 1966-ന് ശേഷം 12, 13 സംവൽസരങ്ങൾ കടന്നുപോയിട്ടും ഈ രാജ്യത്ത് കഴിഞ്ഞിട്ടില്ല എന്നുള്ളത് ദുഃഖകരമായ ഒരു സത്യമായി അവശേഷിക്കുന്നു. അറിവിലും വൈദഗ്ദ്ധ്യത്തിലും അഭിനിവേശത്തിലുമുള്ള മാററമാണ് വിദ്യാഭ്യാസരംഗത്തുണ്ടാകേണ്ടതെങ്കിൽ അറിവിലും വൈദഗ്ദ്ധ്യത്തിലും അഭിനിവേശത്തിലും മാററങ്ങൾ ഉണ്ടാക്കുന്നതിൽ കൂടുതൽ ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

യാഥാസ്ഥിതികത്വം വളർത്തിവിടുന്നതിന് മാത്രമാണ് നമ്മുടെ വിദ്യാഭ്യാസ രംഗത്തിന് കഴിഞ്ഞിട്ടുള്ളത്. ഇന്ന് പോളിടെക്നിക്കുകളിൽനിന്ന് പാസ്സായി വരുന്ന ഡിപ്ലോമ ഹോൾഡേഴ്സിന് ഫാക്ടറിയിൽ പണിയെടുക്കുന്നതിനെക്കാൾ താത്പര്യം ഒരിടത്ത് ഇരുന്നുകൊണ്ട് ഗുമസ്തന്റെ പണി ചെയ്യുന്നതിലാണ്. ഒരു എൻജിനീയറിംഗ് ഗ്രാഡുവേററിന് ആയിരുന്നാലും പരീക്ഷണത്തിനും റിസ്ക് എടുക്കുന്നതിനും ഉപരിയായി ഗുമസ്തന്റെ പണി എടുക്കാനാണ് താത്പര്യം. അഗ്രിക്കൾച്ചൽ ഗ്രാഡുവേററ്സിന് പാടത്തുപോയി നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും പരീക്ഷണങ്ങൾ നടത്തുന്നതിനും ഉപരിയായി ആഫീസിൽ ഇരുന്ന് ഗുമസ്തന്റെ പണി ചെയ്യുന്നതിനാണ് താത്പര്യം. ഇതിനൊരു മാററം വരുത്തണമെന്ന ചിന്താഗതിയോടുകൂടി പരീക്ഷണത്തിനും അതോടൊപ്പം തന്നെ പരിശീലനത്തിനും ഉപയുക്തമായ സംവിധാനം ഉണ്ടാക്കണമെന്ന് 1966-ലെ വിദ്യാഭ്യാസ കമ്മീഷൻ നിർദ്ദേശിച്ചു. ആ വിദ്യാഭ്യാസ കമ്മീഷൻ വിദ്യാഭ്യാസ മണ്ഡലത്തെ പുനരാവിഷ്ക്കരിക്കുന്നതിന് വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ വച്ചു. സയൻസ്, വിദ്യാഭ്യാസത്തിന്റേയും സംസ്ക്കാരത്തിന്റേയും അടിസ്ഥാനഘടകമായി മാററണം; തൊഴിൽ പരിശീലനം പൊതു വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി മാററണം; വ്യവസായത്തിനും കൃഷിക്കും ആവശ്യമായ കാര്യങ്ങൾ പ്രദാനം ചെയ്യുന്ന ഉപാധിയായി സെക്കണ്ടറി വിദ്യാഭ്യാസത്തെ മാററണം; ചരിത്രവും സയൻസും ക്ലാസ്സുമുറികളിൽ ഇരുന്നു പഠിക്കുന്നതിനുപരിയായി അതിൽ കൂടിയരീതിയിൽ റിസർച്ചു നടത്തുന്നതിനും കൃഷിയിലും കൃഷിയോടനുബന്ധിച്ചുള്ള റിസർച്ചുകൾ, പരീക്ഷണങ്ങൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിലും നമ്മുടെ കാർഷിക മണ്ഡലത്തിൽ പരിവർത്തനം വരുത്തുന്നതിന്, വിപ്ലവകരമായ മാററങ്ങൾ വരുത്തുന്നതിന് ഉപയുക്തമായ രീതിയിൽ ഉന്നതവിദ്യാഭ്യാസരംഗം മാററണം എന്ന് കമ്മീഷൻ നിർദ്ദേശിച്ചു. പക്ഷേ എന്തുണ്ടായി? അടിസ്ഥാന വിദ്യാഭ്യാസത്തിൽ യാതൊരു മാററങ്ങളും ഇന്ന് ഈ രാജ്യത്ത് ഉണ്ടായിട്ടില്ല. പാടത്തും ഫാക്ടറിയിലും പോയി പണിയെടുക്കാനും പരിശീലനം നടത്താനും ഉപയുക്തമായ രീതിയിൽ വിദ്യാഭ്യാസ മണ്ഡലത്തെ പുനരാവിഷ്ക്കരിക്കണമെന്നു പറഞ്ഞിട്ട് 14 സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു.

സർ, 30 കൊല്ലക്കാലം കേന്ദ്രം ഭരിച്ച കോൺഗ്രസ്സിനെ കൊണ്ട് അത് സാദ്ധ്യമല്ലാതെ വന്നു. അതിനുശേഷം അധികാരത്തിലെത്തിയ ജനതാ ഗവൺമെൻറ് ആ മാററങ്ങൾ വരുത്തുമെന്നാണ് നമ്മൾ പ്രത്യാശിച്ചത്. അതും നിഷ്ഫലമാണെന്നു കണ്ടു. മന്ത്രിയാകാൻ തയ്യാറല്ലെന്ന് പറഞ്ഞുകൊണ്ടിരുന്ന ആളെ വിളിച്ചുകൊണ്ടുപോയി കേന്ദ്ര സെക്രട്ടറിയേററിൽ മന്ത്രിയായി അവരോധിച്ച് കാര്യക്ഷമതയില്ലായ്മയുടെ കാര്യത്തിൽ കുപ്രസിദ്ധി നേടിയ ജനതാ ഗവൺമെൻറ് മരിക്കാത്ത ആളിന്റെ പേരിൽ പാർലമെൻറിൽ അശ്രുപൂജ നടത്തിച്ച് ഒന്നുകൂടി ആ കാര്യത്തിൽ കുപ്രസിദ്ധി നേടിയിരിക്കുകയാണ്. അത്തരത്തിലുള്ള കേന്ദ്ര ഗവൺമെൻറിനെകൊണ്ട് ദേശീയ വിദ്യാഭ്യാസ നയം പുനരാവിഷ്ക്കരിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ കഴിയുകയില്ലെന്നുള്ളകാര്യം സംസ്ഥാന ഗവൺമെൻറ് എങ്കിലും മനസ്സിലാക്കണം. വിദ്യാഭ്യാസ രംഗത്ത് കാതലായ മാററങ്ങൾ വരുത്തുന്നതിന് യൂണിവേഴ്സിററി ഒരു ആട്ടോണമസ് ബോഡിയായി മാററണമെന്നുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്തുകൊണ്ട് യൂണിവേഴ്സിററി വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കാരങ്ങളുടെ നാന്ദി കുറിച്ച വിദ്യാഭ്യാസമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ ഞാൻ അഭിനന്ദിക്കുകയാണ്. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽ കഴിയാത്തത് കേരളസംസ്ഥാനത്തിന് കഴിയണമെന്നുള്ള നില യിൽ ദേശീയ വിദ്യാഭ്യാസ കമ്മിഷനെ നിർദ്ദേശിച്ചതും അതിനുശേഷമുള്ള കമ്മിഷനുകളെ നിർദ്ദേശിച്ചതും എല്ലാം പരിഗണിച്ചുകൊണ്ട് സമൂലമായ പരിഷ്ക്കാരങ്ങൾ കാർഷിക, വ്യാവസായിക മണ്ഡലങ്ങളിൽ വരുത്തുന്ന തിന് അറിവിലും വൈദഗ്ദ്ധ്യത്തിലും അഭിനിവേശത്തിലും മൂല്യ ത്തിനും വിപ്ലവകരമായ മാററങ്ങൾ വരുത്തത്തക്കവിധത്തിലുള്ള, അതിന് തക്കവിധത്തിലുള്ള ഒരു പരിശീലനം നൽകി. ഒരു യുവജനതയെ സൃഷ്ടി ച്ചുവിടുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസരീതി കൊണ്ടുവരാൻ, അതിനുള്ള നിർദ്ദേശം നൽകാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. കേരളം ഈ കാര്യത്തിലും മാതൃക കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ അവഗാഢ മായി ഈ വിഷയത്തിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

സർ, ശ്രീമാൻ കണിയാപുരം രാമചന്ദ്രൻ ഇവിടെ യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ കുത്തഴിഞ്ഞ രീതിയെപ്പററി പറഞ്ഞു. പൊതു വിദ്യാ ഭ്യാസ രംഗത്ത് എന്ത് സംഭവിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഒരു ഉദാഹരണം പറയാം. 1976-ൽ കോഴിക്കോട് ഡി. ഇ. ഒ. 75 തയ്യൽ ടീച്ചേഴ്സിനെ എടുക്കുന്നതിനുവേണ്ടി ഉള്ള അപേക്ഷകൾ ക്ഷണിക്കണമെന്ന് പി. എസ്. സി. യോട് ആവശ്യപ്പെട്ടു. അപേക്ഷ ക്ഷണിച്ച് 77-ൽ ടെസ്ററ് നടത്തി. 78-ൽ ഇൻറർവ്യൂ നടത്തി ലിസ്ററ് പ്രസിദ്ധീകരിച്ചു. അതിൽനിന്നും ഒററ തയ്യൽ ടീച്ചറെപോലും കോഴിക്കോട് ജില്ലയിൽ നിയമി ച്ചിട്ടില്ല. ഇപ്പോൾ ഡി. ഇ. ഒ. വീണ്ടും പി. എസ്. സി. ക്ക് എഴുതിയി രിക്കുകയാണ്. ക്വാളിഫിക്കേഷനെ സംബന്ധിച്ച് പരസ്യം ചെയ്ത തിൽ തെററ് വന്നതുകൊണ്ട് വീണ്ടും ടെസ്ററ് നടത്തണമെന്ന്. മൂന്നു വർഷം കൊണ്ട് 75 തയ്യൽ ടീച്ചേഴ്സിനെ എടുക്കുന്നതിന് കഴിയാത്ത നിരു ത്തരവാദപരമായ നിലയിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഒ. യെ ഈ ഡിപ്പാർട്ടു മെൻറിൽ ഇരുത്താൻ പററിയതല്ല. ഈ 75 ടീച്ചർമാർ 77, 78, 79 എന്നീ വർഷങ്ങളിലായി നിയമിക്കപ്പെടേണ്ടവരാണ്. ഈ ഡി. ഇ. ഒ. യുടെ കാര്യ ക്ഷമതയില്ലായ്മയെപ്പററി എന്താണ് പറയേണ്ടത്? ഇങ്ങനെയുള്ള കാര്യങ്ങൾ വിദ്യാഭ്യാസ രംഗത്തിന് അപമാനകരമാണ്.

സർ, ഈയിടെ എസ്.എസ്.എൽ.സി. എക്സാമിനേഷൻ നടക്കുന്ന സമയത്ത് രണ്ട് ലേഡി ടീച്ചേഴ്സിനെ ഇൻവിജിലേറേറഴ്സായി നിയമിച്ചു. 25 മൈൽ നടന്നാണ് ഈ ലേഡി ടീച്ചേഴ്സ് കല്ലാർ ഹൈസ്കൂളിൽ എത്തി യത്. അവിടെ ചെന്നപ്പോൾ അവിടെ കൂടുതൽ ആളുകൾ ആയിരിക്കുന്നു എന്നു പറഞ്ഞു. അവർ തിരിച്ച് അവരുടെ സ്കൂളിൽ പോയി. എനിക്ക് ഇതിലൊന്നും ചെയ്യാൻ ഒക്കുകയില്ലെന്നാണ് ഹെഡ്മാസ്ററർ പറഞ്ഞത്. ഏതായാലും ഒപ്പിടുന്നതിനെപ്പററി ആലോചിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ ഡി. ഇ. ഒ. ഇവരുടെ ബിൽ തടഞ്ഞുവച്ചിരിക്കുക യാണ്. വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്.

സർ, നമ്മുടെ വിദ്യാഭ്യാസരംഗം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനു വേണ്ടി 306 സ്കൂളുകൾ അനുവദിക്കുകയുണ്ടായി. അത് പര്യാപ്തമല്ല. അത് അപര്യാപ്തമാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സമ്മതിച്ചിട്ടുള്ളതാണ്. ഇന്ന് 200-ൽ പരം അൺ എയിഡഡ് അൺ റെക്കഗ്നൈസ്ഡ് സ്കൂളുകൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നതിൽ എന്താണ് തെററ്? ഈ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കണം. തങ്ങളുടെ കുട്ടികളെ എവിടെ പഠിപ്പിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും എന്ത് പഠിപ്പിക്കണമെന്നും എങ്ങനെ പഠിപ്പിക്കണമെന്നും തീരുമാനിക്കാനുള്ള അവകാശം മാതാപിതാക്കൻമാർക്ക് മൗലികമായി ഉള്ളതാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ വിടാൻ മാതാപിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനുള്ള സാഹചര്യം അവർക്കുണ്ടെങ്കിൽ അതിന് അനുമതി എന്നുള്ള ഒററ ഒരു ഉപാധി ഇല്ലാത്തതുകൊണ്ട് നിഷേധിക്കപ്പെടരുത്. അതുകൊണ്ട് മേൽപറഞ്ഞ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കണമെന്ന് ഞാൻ ശക്തിയായി വാദിക്കുകയാണ്.

സർ, നമ്മുടെ പാരലൽ കോളേജുകളെക്കുറിച്ച് ശ്രീ. കണിയാപുരം രാമചന്ദ്രൻ പറഞ്ഞു. വളരെ നല്ല രീതിയിലുള്ള സേവനം അവർ കലാലയ രംഗത്ത് അനുഷ്ഠിക്കുന്നുണ്ട്. നാം അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ അതോടൊപ്പം തന്നെ അവർ ഇന്ന് സമൂഹത്തിന് കറുത്ത പാടുകളായി മാറിയിരിക്കുകയാണ്. ഈ സ്ഥിതി മാറണം. പാരലൽ കോളേജുകൾക്ക് അംഗീകാരം കൊടുക്കണം. നിലവാരം പുലർത്തുമെന്ന് ഉത്തമവിശ്വാസമില്ലാത്ത സ്ഥാപനങ്ങൾ നിർത്തണം. അങ്ങനെ ഈ രംഗത്ത് നല്ല രീതിയിൽ, നമ്മുടെ വിദ്യാഭ്യാസ രംഗത്തിന് അഭിമാനകരമായ രീതിയിൽ ഇതിനെ പുനരാവിഷ്ക്കരണം ചെയ്യണം.

സർ, ഇവിടെ 1-ാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ പേടിക്കാനൊന്നുമില്ല. പഠിച്ചാലും പഠിച്ചില്ലെങ്കിലും 'ആ' എന്നു എഴുതാൻ അറിഞ്ഞാലും ഇല്ലെങ്കിലും അവർക്ക് പ്രൊമോഷൻ ഉണ്ട്. 100 ശതമാനവും പ്രൊമോഷൻ ഉണ്ട്. 2-ാം ക്ലാസുമുതൽ 4-ാം ക്ലാസുവരെ 90 ശതമാനം പ്രൊമോഷൻ ആണ്. നന്നായി പഠിച്ചാലും പഠിച്ചില്ലെങ്കിലും 90 ശതമാനവും ജയിക്കും. 9-ാം സ്ററാൻഡേർഡ് വരെ 80 ശതമാനം പ്രൊമോഷൻ ആണ്. ഈ പ്രൊമോഷൻ രീതി മാററണം. അടിസ്ഥാനമില്ലാതെ പോകുന്ന ഇവർ കോളേജുകളിലേക്ക് ചെല്ലുമ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഇവരുടെ വിജ്ഞാനത്തെപ്പററി പത്രങ്ങളിൽ വരാറുണ്ട്. നമ്മളെല്ലാം വിലപിക്കാറുണ്ട്. അതുകൊണ്ട് ഈ ആൾ പ്രൊമോഷൻ എന്നുള്ള രീതി മാററിയേ തീരൂ. ഇത് കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം താഴ്ത്തുന്നതാണ്.

സർ, തമിഴുനാട് ഗവൺമെൻറ് ആയുർവേദം തമിഴ് ഭാഷയിലാണ് പഠിപ്പിക്കുന്നത്, അഷ്ടാംഗഹൃദയം-സംസ്കൃതത്തിലുള്ള മൂലഗ്രന്ഥം തമിഴ് ഭാഷയിൽ വിവർത്തനം ചെയ്ത പുസ്തകമാണ് തമിഴ്നാട്ടിൽ പഠിപ്പിക്കുന്നത്. ഇവിടത്തെ വിദ്യാർത്ഥികൾ ഇത് അഞ്ചു വർഷം പഠിച്ചിട്ട് അവിടെ ചെന്നാൽ ഇവിടത്തെ ഡി. എ. എം., ഡിഗ്രി തമിഴുനാട് അംഗീകരിക്കുന്നില്ല. അത് മാററിയേ തീരൂ. ഗവൺമെൻറ് ശക്തിയായി ആ കാര്യത്തിൽ പ്രതിഷേധിക്കണം.

സർ, ഇവിടെ ശ്രീ. സേവ്യർ അറയ്ക്കൽ 12 വർഷക്കാലത്തെ നിരുത്തരവാദപരമായ ഭരണത്തെപ്പററി പറയുകയുണ്ടായി. ഒന്നര വർഷം മുമ്പു വരെ ശ്രീ. സേവ്യർ അറയ്ക്കലും ഇവരുടെ കൂടെയിരുന്ന് ധനാഭ്യർത്ഥനകൾ പാസ്സാക്കി കൊടുത്തിട്ടുള്ളതല്ലേ? ഈ ഭരണത്തിൽ പങ്കാളികളായിരുന്നില്ലേ. ഇത് കാണുമ്പോൾ ഓർക്കുന്നത് കല്യാണം എല്ലാം കഴിഞ്ഞു അഭിപ്രായ വ്യത്യാസമുണ്ടാകുമ്പോൾ പിണങ്ങി പിരിഞ്ഞിട്ട് ഡൈവേഴ്സിൻെറ സ്റേറജിൽ എത്തുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും കുററം പറയുന്നതു പോലെയാണ്. ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്. എഡ്യൂക്കേഷൻ സർവ്വെ പ്രകാരമുള്ള ലിസ്റ്റ് അനുസരിച്ചാണ് സ്കൂളുകൾ അനുവദിച്ചത് എന്ന് മന്ത്രി പറയുകയുണ്ടായി. എത്രതന്നെ പരിശോധിച്ചിട്ടും അത് വിശ്വസിക്കുവാൻ എനിക്ക് കഴിയുന്നില്ല. എൽ.പി. വിദ്യാഭ്യാസം കഴിഞ്ഞാൽ ഏത് യു. പി. സ്കൂളിൽ പഠിക്കണമെന്നും, യു. പി. വിദ്യാഭ്യാസം കഴിഞ്ഞാൽ ഏതു ഹൈസ്കൂളിൽ പഠിക്കണമെന്നും സ്കൂളുകൾ അടുത്തടുത്ത് ഉള്ളതുകൊണ്ട് ചിന്തിക്കുന്ന പ്രദേശങ്ങളിലാണ് വീണ്ടും സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. ഈ ഗവൺമെൻറ് പലപ്രാവശ്യവും പറഞ്ഞിട്ടുണ്ട്, പിന്നോക്കപ്രദേശങ്ങൾക്ക് സ്കൂൾ അനുവദിക്കുന്നകാര്യത്തിൽ പ്രത്യേകപരിഗണന നൽകുമെന്ന്. എന്റെ നിയോജകമണ്ഡലം ഒരു റിസർവ്വേഷൻ സീററായതുകൊണ്ട് അവിടെ ധാരാളം ഹരിജനങ്ങളും മററു പിന്നോക്ക വിഭാഗങ്ങളുമുണ്ടാകുമെന്നുള്ളത് സ്വാഭാവികമാണ്. എന്നാൽ ഈ പ്രാവശ്യം എന്റെ നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ പോലും അനുവദിച്ചിട്ടില്ല. കുന്നമംഗലം നിയോജകമണ്ഡലത്തിൽ ജനസംഖ്യകൊണ്ടും വിസ്തീർണ്ണം കൊണ്ടും ഏററവും വലിയ പഞ്ചായത്താണ് പെരുവയൽ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ 15എൽ.പി.സ്കൂളുകളും 7 യു. പി. സ്കൂളുകളുമുണ്ട്. എന്നാൽ അവിടെ ഒരു ഹൈസ്കൂൾപോലുമില്ല. ഒരു ഹൈസ്കൂളില്ല. കുററിക്കാട്ടൂരിലുള്ള യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് അവിടത്തെ ജനങ്ങൾ എത്രയോ മുമ്പ് ആവശ്യപ്പെട്ടതാണ്. ആ സ്ഥലത്തെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രിക്കു തന്നെ അറിയാവുന്നതാണ്. അപ്പർപ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തുവരുന്ന കുട്ടികൾ അഞ്ചും പത്തും മൈൽ അകലെയുള്ള ഹൈസ്കൂളിലാണ് പോകേണ്ടത്. അടുത്ത് ദേവഗിരി കോളേജ് ഹൈസ്കൂളാണ്. അവിടെ അഡ്മിഷൻ കിട്ടുകയില്ല.

എന്റെ നിയോജകമണ്ഡലത്തിനടുത്തുള്ള ഒരു മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ തന്നെ മൂന്നു സ്കൂളുകൾ അനുവദിക്കുകയുണ്ടായി. അതായത് ഒരു എൽ. പി. എസ്. ഒരു യു. പി. എസ്. ഒരു എച്ച്. എസ്. അതുപോലെ അടുത്ത നിയോജകമണ്ഡലങ്ങളിലെല്ലാം 8-ഉം, 10-ഉം സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. പക്ഷെ, ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. യും മററാളുകളും ആവശ്യപ്പെട്ട സ്ഥലത്ത് അല്ല സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് നിയോജകമണ്ഡലത്തിന്റെ പലഭാഗത്തുമുള്ള ആളുകൾ കോഴിക്കോട്ട് വന്നു നിത്യേന സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാർ കൊടുക്കുന്ന ലിസ്റ്റ് അനുസരിച്ചല്ല സ്കൂളുകൾ അനുവദിക്കുന്നത്, നേരേമറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിലുള്ളവരെ പിടിച്ചുനിറുത്തുവാൻവേണ്ടി, പാർട്ടി പ്രവർത്തകർ പറയുന്ന സ്ഥലങ്ങളിലാണ് സ്കൂളുകൾ അനുവദിച്ചുകാണുന്നത്. വിദ്യാഭ്യാസവകുപ്പ് ഇന്നു കച്ചവടമനഃസ്ഥിതിയോടുകൂടി കൈകാര്യം ചെയ്യുകയാണ്. 1976-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ഒരു ഹാജിയാർക്ക് നിലമ്പൂർ-ചുങ്കത്തറയിൽ രാമക്കുത്ത് ഒരു എൽ. പി. എസ്. അനുവദിച്ചുകൊടുത്തു. എന്നാൽ അദ്ദേഹം ആ സ്കൂൾ വിററുകഴിഞ്ഞിരിക്കുകയാണ്. ഈ വർഷവും അദ്ദേഹത്തിന് സ്കൂൾ കിട്ടുമെന്നു പറയുന്നുണ്ട്. ഇങ്ങനെയുള്ള ആളുകൾക്ക് പ്രദേശങ്ങൾക്ക് സ്കൂൾ അനുവദിക്കുമ്പോൾ യഥാർത്ഥത്തിൽ ഒരു സ്കൂളിന് വേണ്ടി ദാഹിക്കുന്ന പല പ്രദേശങ്ങളും ഉണ്ട്,

ഈയിടെ പരസ്യം ചെയ്ത ലിസ്ററിൽ കോഴിക്കോട് സിവിൽ സ്റേറഷൻെറ അടുത്ത് ഒരു ഹൈസ്കൂളുണ്ട്. അതിനടുത്താണ് ജെ. ഡി. ടി. ഹൈസ്കൂളും, എൻ. ജി. ഒ. ക്വാർട്ടേഴ്സും ഹൈസ്കൂളും മററും ഉള്ളത്. അതുകൊണ്ട് ഈ സ്കൂൾ കുററിക്കാട്ടൂരിലേക്ക് മാററുന്നതിനുള്ള നടപടി സ്വീകരിക്കണം.

എസ്. എസ്. എൽ. സി. യുടെ ഗ്രൂപ്പ് സിസ്ററത്തെ കുറിച്ച് ഒരു വാക്ക് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഗ്രൂപ്പുസിസ്ററം എന്നു പറയുമ്പോൾ ഫസ്ററ് ഗ്രൂപ്പിന് (ലാംഗ്വേജസ്) 90 മാർക്ക് ആണ് കിട്ടേണ്ടത്. 90 മാർക്ക് ഒരു സബ്ജക്ററിന് കിട്ടിയാലും അതല്ല മൂന്ന് സബ്ജക്ററുകൾക്കും കൂടി കിട്ടിയാലും ആ കുട്ടിപാസ്സാകും. കഴിഞ്ഞവർഷം ഒരു കുട്ടിക്ക് അറബിക്ക് 95 മാർക്ക് കിട്ടി. ഇംഗ്ലീഷിന് 6 മാർക്കും ഹിന്ദിക്ക് 10 മാർക്കുമാണ് കിട്ടിയിട്ടുള്ളത്. ഈ കുട്ടി കോളേജിൽ പോയപ്പോൾ സയൻസ് സെക്കൻറ് ഗ്രൂപ്പ് എടുത്തു. കോളേജിൽ ഇംഗ്ലീഷ്മീഡിയവുമാണ്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, ഗ്രൂപ്പ് സിസ്ററം വയ്ക്കുമ്പോൾ മിനിമം 30 മാർക്കിൽ കുറയാതെയുള്ള നിബന്ധനവേണം എന്നാണ്. സെക്കൻറ് ഗ്രൂപ്പിൽ കിട്ടേണ്ടത് 120 മാർക്കാണ്. ഇതിലും ഈ നിബന്ധനവേണം. 1977-78-ൽ ട്രെയിനിംഗ് സ്കൂൾ റീ സ്ററാർട്ട് ചെയ്തപ്പോൾ ഓരോ ജില്ലക്കും 5 എണ്ണം വീതം അനുവദിച്ചു. 1978-79-ൽ റീ സ്ററാർട്ടു ചെയ്തപ്പോൾ മലബാറിനെ പാടെ അവഗണിച്ചിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽ 1, പാലക്കാട് ജില്ലയിൽ 2, എന്നാൽ ആലപ്പുഴ ജില്ലയിൽ മാത്രം 11. ഈ നിലയ്ക്ക് നോക്കുമ്പോൾ സ്കൂളുകൾ കൂടുതൽ അനുവദിക്കാത്തതുകൊണ്ട് മലബാറിലെ ടി. ടി. സി. യിൽ സീററ് വർദ്ധിപ്പിക്കണം.

എൽ. പി. സ്കൂളുകളിൽ ഇന്ന് ഹോൾസെയിൽ പ്രൊമോഷൻ ആണ്. അതുകൊണ്ട് വലിയ ക്ലാസുകളിലെത്തുമ്പോൾ വിഷമം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഓരോക്ലാസ്സിലും ചുരുങ്ങിയത് 25 ശതമാനമെങ്കിലും തോൽപ്പിക്കണം. ഈ ഡിമാൻറിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എം. സുന്ദരം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസത്തിന് വളരെ അധികം പ്രധാന്യം നൽകണമെന്നും വളരെയധികം സ്കൂളുകൾ അനുവദിക്കണമെന്നും ഉള്ള ആഗ്രഹം ഗവൺമെൻറിനുണ്ടെങ്കിലും സാമ്പത്തികപരിമിതികൊണ്ട് അതിനു സാധിക്കുന്നില്ല. ശരിയായ നയത്തിൻെറ അടിസ്ഥാനത്തിലല്ല സ്കൂളുകൾ ഉണ്ടായിട്ടുള്ളത്. വിദ്യാലയങ്ങൾ ഏതേത് പ്രദേശങ്ങളിലാണ് കൂടുതൽ വേണ്ടതെന്നുള്ളതിനെക്കുറിച്ച് പരിശോധിച്ചിട്ട് സ്കൂളുകൾ അനുവദിക്കുന്നതായിരിക്കും ഏററവും നല്ലത്. അപ്രകാരം ചെയ്താൽ അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ആളുകൾക്ക് വളരെ അധികം ഗുണമുണ്ടാകും. പാലക്കാടു ജില്ലയ്ക്ക് വിദ്യാലയങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അതെല്ലാം വിദ്യാർത്ഥികൾക്ക് പോയി പഠിക്കുവാനുള്ള സൗകര്യമുള്ളിടത്തല്ല; നേരെമറിച്ച് കുഗ്രാമങ്ങളിലും വിദ്യാർത്ഥികൾക്ക് പോയി പഠിക്കുവാൻ സാധിക്കാത്തിടത്തും ഒക്കെയാണ്. മലമ്പുഴ, മരുതൂറോഡ്, പുതുപ്പരിയാരം എന്നീ പഞ്ചായത്തുകളിൽ ഒരു ഹൈസ്കൂളുപോലുമില്ല. ഇപ്രകാരം സ്കൂളുകൾ അനുവദിക്കുമ്പോൾ സ്കൂളുകൾ എവിടെയെല്ലാം അനുവദിക്കണമെന്നു തീരുമാനിക്കുമ്പോൾ അതിൽ എം. എൽ. എ. മാരെ കൂടി ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ഉപകാരമായിരുന്നേനെ. ഇപ്രകാരം എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

മാരെകൂടി പങ്കെടുപ്പിച്ചിരുന്നുവെങ്കിൽ ഈ കാര്യത്തിൽ ഇത്രയും ബുദ്ധിമുട്ട് വരില്ലായിരുന്നു. ഇതിനെക്കുറിച്ച് മുൻപൊരഭിപ്രായം ഉണ്ടായിരുന്നു, എം. എൽ. എ മാരെകൂടി പങ്കെടുപ്പിക്കാമെന്ന്. എന്നാൽ അതിപ്പോൾ വേണ്ടെന്നു വയ്ക്കുവാനുള്ള കാരണം എന്താണ്?

30 കൊല്ലം മുൻപ് അദ്ധ്യാപകർക്ക് കിട്ടിയ ട്രെയിനിംഗ് വച്ചു കൊണ്ടാണ് ഇന്നും കുട്ടികളെ പഠിപ്പിക്കുന്നത്. അതുകൊണ്ട് അവർക്കാവശ്യമായ റിഫ്രഷർ കോഴ്സ് കൊടുക്കണം. കുട്ടികൾക്ക് ഇന്നു ധാരാളം പഠിക്കുവാനുണ്ട്. ഈ പുസ്തകങ്ങൾ എല്ലാം ചുമന്നുകൊണ്ടു പോയതിന്റെ ഫലമായി കൂനിപ്പോയ കുട്ടികൾ വരെയുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ സമ്പ്രദായം പരിഷ്കരിക്കണം. അതുപോലെതന്നെ അററകുററപ്പണികൾ തീർക്കേണ്ട സ്കൂൾകെട്ടിടങ്ങളുടെ അററകുററപ്പണികൾ തീർക്കുകയും അത്യാവശ്യം വേണ്ട മൂത്രപ്പുരകൾ നിർമ്മിച്ചുകൊടുക്കുകയും വേണം. ഇന്നുവളരെയധികം വിദ്യാർത്ഥികൾ പഠിപ്പു നിറുത്തിയിരിക്കുകയാണ്. സാക്ഷരതയും വയോജന വിദ്യാഭ്യാസവും വേണമെന്നുപറയുന്ന ഈ കാലഘട്ടത്തിൽ ഷിഫ്ററ് സമ്പ്രദായവും പാരലൽ കോളേജുകളും ഏർപ്പെടുത്തണം.

പാലക്കാട് ജില്ലയിൽ 100 കൊല്ലത്തോളം പഴക്കംചെന്ന ഒരു കോളേജുണ്ട്. അതാണ് പാലക്കാട് വിക്ടോറിയാ കോളേജ്. ആ കോളേജിൽ പല വിധത്തിലുള്ള കോഴ്സുകളും തുടങ്ങി വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കണം.

പാലക്കാട് ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. വി. താമരാക്ഷൻ:</u> സർ, വിദ്യാഭ്യാസം, കല, സംസ്കാരം എന്നിവയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനയെ സ്വാഗതംചെയ്യുകയാണ്. ദശവൽസരവിദ്യാലയത്തിലെ പാഠ്യപദ്ധതി പുനരവലോകനം ചെയ്യുന്നതിനുവേണ്ടി നിയുക്തനായ ഈശ്വർഭായ് പട്ടേൽ കമ്മിററിയെ അഭിസംബോധന ചെയ്തുകൊണ്ട് നമ്മുടെ പ്രധാനമന്ത്രി മൊറാർജിദേശായി ചെയ്ത പ്രസംഗമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ഇൻഡ്യയിൽ നിരക്ഷരരായിട്ടുള്ള ജനങ്ങളല്ല അഭ്യസ്തവിദ്യരായിട്ടുള്ളവരാണ് രാഷ്ട്രത്തിന് ഭാരമായിതീർന്നിട്ടുള്ളത്. പലപ്പോഴായി നമ്മുടെ വിദ്യാഭ്യാസരംഗത്തെ സങ്കീർണ്ണമായ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി നിയുക്തമായിട്ടുള്ള വിദ്യാഭ്യാസ കമ്മിഷനുകൾക്ക്, അവയുടെ നിർദ്ദേശങ്ങൾക്ക് നമ്മുടെ വിദ്യാഭ്യാസത്തെ ഇന്നും അതിന്റെ പഴയ ചട്ടക്കൂട്ടിൽനിന്നും പുറത്തുകൊണ്ടുവരാൻ കഴിഞ്ഞില്ലെന്നുള്ളത് ഏററവും ഖേദകരമായ വസ്തുതയായി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്തിന് സ്വീകാര്യമായ നിർദ്ദേശം അടങ്ങുന്ന ചില നിർദ്ദേശങ്ങൾ കോത്താരി കമ്മിഷൻ തയ്യാറാക്കി. പിന്നീട് കേന്ദ്രവിദ്യാഭ്യാസ ഉപദേശക സമിതിയുടെ സ്ററാൻറിങ്കമ്മിററി 10+2+3 എന്ന വിദ്യാഭ്യാസ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ദശവൽസര വിദ്യാലയ പാഠ്യപദ്ധതി പുനരവലോകനം ചെയ്തുകഴിഞ്ഞപ്പോൾ നമ്മുടെ രാജ്യത്ത് വാദപ്രതിവാദങ്ങൾ ഉയർന്നുവന്നു. അതിന്റെ വിശദാംശങ്ങൾ പഠിക്കുന്നതിനുവേണ്ടിയാണ് ഈശ്വർഭായ്പട്ടേൽ അദ്ധ്യക്ഷനായുള്ള ഒരു കമ്മിററിയെ

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ചത്. ആ കമ്മിററി നമ്മുടെ വിദ്യാഭ്യാസരംഗത്തെ എല്ലാപ്രശ്നങ്ങളേയും കണക്കിലെടുത്തുകൊണ്ടു ചില നിർദ്ദേശം ഇന്ന് സമർപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇന്ന് പല മേഖലകളിലും ചർച്ചാ വിഷയമായിക്കൊണ്ടിരിക്കുകയാണ്. ഈശ്വർഭായ്പട്ടേൽ അദ്ധ്യക്ഷനായുള്ള കമ്മിററി മുന്നോട്ടു വച്ചിരിക്കുന്ന നിർദ്ദേശം..നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പരിധിയിൽ നിന്നുകൊണ്ടു എങ്ങനെപ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളതിനെ കുറിച്ച് ഗൗരവമായി ഈ ഗവൺമെൻറ് ആലോചിക്കണം. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശം ഗവൺമെൻറിന്റെ മുൻപിൽ വയ്ക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്ത് ഏററവും മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനം നമ്മുടെ സംസ്ഥാനമാണ്. റവന്യൂവിന്റെ 38 ശതമാനം വിദ്യാഭ്യാസമേഖലയിലേക്ക് ചെലവഴിക്കുന്നുണ്ട്. ഇന്നു നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് നടന്നുചെന്ന് പഠിക്കാൻ കഴിയുന്ന വിധത്തിൽ വിദ്യാലയങ്ങളുണ്ട്. അഞ്ചുവയസ്സു പ്രായമുള്ള എല്ലാകുട്ടികളേയും സ്കൂളിൽ ചേർക്കാൻ കഴിയുന്ന ഒരു സാഹചര്യം നമുക്ക് കൈവരിക്കാൻ കഴിഞ്ഞുവെന്നുള്ളതിൽ പ്രത്യേകം അഭിമാനിക്കേണ്ടതാണ്. വിദ്യാഭ്യാസനിലവാരത്തെ സംബന്ധിച്ച് വാദപ്രതിവാദം നടക്കുന്നുണ്ട്. ലോകത്തുവച്ച് കേരളത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഉന്നതമായ നിലവാരം പുലർത്തുന്നവരാണ്. പക്ഷേ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ കൊച്ചുകുട്ടികളുടെ കഴിവ്, അവരുടെ ബുദ്ധി പ്രതിഭാവിലാസം പരമാവധി വികസിപ്പിക്കുന്നതിന് കഴിയുന്നില്ലെന്നുള്ളത് അത്യന്തം ഖേദകരമാണ്. ശാസ്ത്ര സാങ്കേതികരംഗത്ത് റഷ്യയും അമേരിക്കയും കഴിഞ്ഞാൽ മൂന്നാം സ്ഥാനം ഇൻഡ്യയ്ക്കാണെന്ന് അടുത്തകാലത്ത് അന്താരാഷ്ട്ര ബുള്ളററിൽ നിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ആ രംഗത്ത് ഇൻഡ്യയ്ക്ക് എത്തുന്നതിന് സംഭാവന ചെയ്ത സംസ്ഥാനം കേരളമാണ്. ഈശ്വർഭായ്പട്ടേൽ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്ന പ്രസക്തമായ നിർദ്ദേശം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്. പ്രീപ്രൈമറി, പ്രൈമറി രംഗത്ത് നാം ആവശ്യമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ലെന്ന ആക്ഷേപം എനിക്കുണ്ട്. ആ രംഗത്ത് നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കണം. അന്താരാഷ്ട്ര ശിശുവർഷം ആഘോഷിക്കുന്ന ഈ വർഷത്തിൽ പ്രീപ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കാനുള്ള നടപടി ഈ ഗവൺമെൻറ് കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രീപ്രൈമറി വിദ്യാഭ്യാസം നടത്തുന്നത് സ്വകാര്യ ഏജൻസിയാണ്. സാമ്പത്തികമായി സൗകര്യമുള്ളവരുടെ കുട്ടികൾക്കു മാത്രമാണ് ആ വിദ്യാഭ്യാസം പ്രയോജനപ്പെടുത്താൻ കഴിയുക. നമ്മുടെ സംസ്ഥാനത്ത് 62.5 ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്നു. ആ കുട്ടികൾക്കു പ്രീപ്രൈമറി വിദ്യാഭ്യാസം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇന്ന് ലോവർ കെ. ജി., അപ്പർ കെ. ജി. തുടങ്ങിയ ക്ലാസ്സുകളിൽ വിദ്യാഭ്യസം നേടികൊണ്ടു ഒന്നാം ക്ലാസ്സിൽ കടന്നുവന്നിരിക്കുന്ന കുട്ടികളും പാവപ്പെട്ടകുട്ടികളും ഒന്നിച്ചിരുന്ന് പഠിക്കേണ്ടി വന്നിരിക്കുന്നു. ഹരിജനങ്ങളും ഗിരിജനങ്ങളും മററുള്ള നമ്മുടെ സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ കർശനമായും ഈ വർഷംതന്നെ പ്രീപ്രൈമറി വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ബാലവാടികളും നേഴ്സറി സ്കൂളുകളും ഉണ്ടെങ്കിൽ തന്നെയും അവിടെ അദ്ധ്യാപകരില്ല. അദ്ധ്യാപകർക്ക് ആവശ്യമായ ശമ്പളം കിട്ടുന്നില്ല. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ നൽകികൊണ്ട് ഈ സൗകര്യം

പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ശ്രദ്ധപതിപ്പിക്കണം. നമ്മുടെ സംസ്ഥാനത്ത് പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം ബഹുഭൂരിപക്ഷം വരുന്ന കുട്ടികൾ പൊഴിഞ്ഞുപോകുന്നു. രണ്ടു കാരണങ്ങളാലാണ്. ഒന്ന് ദാരിദ്രമാണ്. പലരും സൂചിപ്പിച്ചതുപോലെ 62.5 ശതമാനം ആളുകൾ ദാരിദ്രരേഖയ്ക്ക് താഴെനിന്നുവരുന്നവരാണ്. അവരുടെ കുടുംബത്തിലെ സാഹചര്യം കുട്ടികളെ മുഴുവൻ സമയവും ക്ലാസ്സിൽ ഇരിക്കുന്നതിനോ സ്കൂളിലേക്കു പോകാനോ അനുവദിക്കുന്നില്ല. അതാണ് വസ്തുത. രണ്ടാമത് ഇന്നത്തെ പാഠ്യവിഷയവുമായി പൊരുത്തപ്പെട്ടു പോകാൻ ഈ കുടുംബത്തിലെ കുട്ടികൾക്കുകഴിയുന്നില്ല. ആ നിലയിൽ ഇത്തരം കുട്ടികൾക്കു പ്രത്യേകമായ ക്ലാസ്സ് എടുക്കാനും അതുപോലെതന്നെ ക്ലാസ്സുകളിൽനിന്ന് പൊഴിഞ്ഞുപോകുന്ന കുട്ടികൾക്ക് പാർട്ട്ടൈം കോഴ്സ് നടത്തുന്നതിനും ഗവൺമെൻറ് ഗൗരവമായി ആലോചിക്കണം. അതുപോലെതന്നെ പ്രീപ്രൈമറി ക്ലാസ്സുകളിലും സെക്കൻററി ക്ലാസ്സുകളിലും ഉള്ള അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം കിട്ടുന്നതരത്തിലുള്ള റിഫ്രഷർ കോഴ്സ് നടത്തുന്നില്ല. ഏററവും ഗൗരവതരമായ ഒരുകാര്യമാണ്. നമ്മുടെ അദ്ധ്യാപകർക്ക് ശാസ്ത്രവിഷയങ്ങളും ഭാഷയും നല്ലതുപോലെ പഠിപ്പിക്കുന്നതിനുള്ള ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള റിഫ്രഷർകോഴ്സ് എല്ലാവർഷവും നടപ്പാക്കണം. പ്രൈമറിക്ലാസ്സിലും സെക്കൻററിക്ലാസ്സിലും കുട്ടികളെ പഠിപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ നൽകണം. ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇതെല്ലാം നടപ്പാക്കാമെന്നു പ്രതീക്ഷയില്ല. ഈ രംഗത്ത് അദ്ധ്യാപകരും വിദ്യാർത്ഥികളും ഉൽസുകരാണ്. അവരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ നിന്നുതന്നെ, കമ്മ്യൂണിററിയിൽ നിന്നുതന്നെ ആവശ്യമായ പണം സമാഹരിക്കാൻ ഗവൺമെൻറുതന്നെ കൂപ്പണുകൾ അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഈശ്വർഭായ് പട്ടേൽ കമ്മിററിയുടെ ശുപാർശയിൽ ഏററവും പ്രധാനമായിട്ടുള്ളത് സാമൂഹ്യപ്രേരണയുള്ളതും ഉൽപ്പാദനക്ഷമതയുള്ളതുമായ തൊഴിൽ വിദ്യാഭ്യാസത്തിൽ ആവിഷ്കരിക്കണമെന്നുള്ളത് ആണ്. ഇത് ശ്രദ്ധേയമായ ഒരുകാര്യമാണ്. ഈശ്വർഭായ് പട്ടേൽ കമ്മിററി പ്രൈമറി ക്ലാസ്സുമുതൽ സെക്കൻററി ക്ലാസ്സുവരെ എല്ലാ രംഗങ്ങളിലും സാമൂഹ്യപ്രയോജനമുള്ളതും ഉൽപ്പാദനക്ഷമതയുള്ളതുമായ വിദ്യാഭ്യാസസംവിധാനം ആവിഷ്കരിക്കണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഹയർ വിദ്യാഭ്യാസത്തിനുശേഷമുള്ള രണ്ടുവർഷ വിദ്യാഭ്യാസ കാലയളവിൽ പാഠ്യവിഷയം നിശ്ചയിച്ച ആദിശേഷയ്യർ കമ്മിററി ആ കാലയളവിലും പതിനഞ്ചു ശതമാനം സമയം ഇത്തരം കോഴ്സുകൾക്ക് നീക്കിവെയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള വിദ്യാഭ്യാസ കമ്മിഷനുകൾ എല്ലാം തന്നെ ഈ കാര്യത്തിൽ വളരെ പ്രാമുഖ്യം കൊടുത്തിട്ടുണ്ട്. ഈ അവസരത്തിൽ ഓർക്കുന്നത് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിയുടെ അഭിപ്രായമാണ്. ശിശുവിനെ കായികാദ്ധ്വാനത്തിലൂടെ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ശ്രമം നാം ആരംഭിക്കേണ്ടിയിരിക്കുന്നു. പ്രവർത്തിയെ ഒരു അപ്രധാനാംശമായി പരിഗണിച്ചാൽ പോര ബുദ്ധിപരിശീലനത്തിനുള്ള ഏററവും ശക്തമായ ഉപാധിയായിട്ടുതന്നെ അതിനെ കരുതേണ്ടിയിരിക്കുന്നുവെന്ന് സൂചിപ്പിച്ചിരിക്കുന്നു. ഇതിൻെറയടിസ്ഥാനത്തിൽ ആണ് നാം അടിസ്ഥാനവിദ്യാഭ്യാസം ആവിഷ്കരിച്ചിട്ടുള്ളത്. കോത്താരികമ്മിഷനും അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെ ജീവിതവുമായും ഉൽപ്പാദനക്ഷമതയുമായും ബന്ധപ്പെടുത്തി, പൊതുവിദ്യാഭ്യാസത്തിൻെറ അവിഭാജ്യഘടകമായ എല്ലാ ഘട്ടങ്ങളിലും പ്രവർത്തിപരിചയത്തെ ഉൾപ്പെടുത്തേണ്ടതാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് കോത്താരികമ്മീഷൻ ശുപാർശചെയ്തു. 1977-ൽ ശ്രീമാൻ നാരായണന്റെ അദ്ധ്യക്ഷതയിൽ ഡെൽഹിയിൽ ചേർന്ന അഖിലേന്ത്യാ വിദ്യാഭ്യാസ സമ്മേളനം ഈ കാര്യത്തെകുറിച്ച് ചർച്ചചെയ്തു. 50 ശതമാനവും ഇത്തരം കാര്യങ്ങൾക്കുവേണ്ടി ചെലവാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. നമ്മുടെ കുട്ടികൾക്ക് അവരുടെ കായികാദ്ധ്വാനത്തിന് പ്രേരണ കൊടുക്കുന്നതിന്, സഹകരണം വളർത്തുന്നതിനു, പഠിക്കുമ്പോൾതന്നെ സ്വന്തമായി സമ്പാദിക്കുന്നതിന് അതുപോലെതന്നെ ഏത് പ്രശ്നത്തേയും നേരിടുന്നതിന്, കരുത്താർജ്ജിക്കുന്നതിന് സഹായകരമായ നിലയിൽ ഈ തത്വം നമ്മുടെ സംസ്ഥാനത്ത് ആവിഷ്കരിക്കാൻ തയ്യാറാകണം.

ഇതു പറയുമ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങളേയും പട്ടണപ്രദേശങ്ങളേയും രണ്ടായി കാണണം. ഗ്രാമപ്രദേശങ്ങളിലെ സ്കൂൾ കുട്ടികൾക്ക് കൃഷിയുമായി ബന്ധപ്പെടുത്തി ആ രീതിയിലുള്ള പരിശീലനം കൊടുക്കണം. പട്ടണപ്രദേശങ്ങളിലെ സ്കൂൾകുട്ടികൾക്ക് വ്യവസായവുമായി ബന്ധപ്പെടുത്തി പരിശീലനം കൊടുക്കണം. അതു മാത്രമല്ല പത്താം ക്ലാസ്സിന്റെ അവസാനം, എസ്.എസ്.എൽ.സി.പരീക്ഷയിൽ ഇതു പരീക്ഷിക്കപ്പെടേണ്ട ഒരു വിഷയമായി നിർബന്ധിക്കണമെന്നും പറയുന്നു. ആ രീതിയിൽ നമുക്ക് ചിന്തിക്കാൻ കഴിഞ്ഞാൽ നമ്മുടെ കുട്ടികളിൽ ഇന്നില്ലാത്ത തരത്തിൽ എവിടെ ജോലിചെയ്യുന്നതിനുമുള്ള ഒരു അഭിമാനബോധം വളർത്തിയെടുക്കാൻ കഴിയുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ ബഡ്ജററു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ സൂചിപ്പിച്ച കാര്യമാണ്. നമ്മുടെ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും എന്തിന് സാമാന്യ ജനങ്ങളുടെയിടയിൽപോലും പ്രതീക്ഷകൾ തകർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി യൂണിവേഴ്സിററി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി നിന്നുകൊണ്ട് സർവ്വകലാശാലരംഗത്തെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഒരു ജൂഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തുന്നതിന് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നു സർവ്വകലാശാല വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചു വന്നിരിക്കുന്ന ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് എല്ലാ കാര്യങ്ങൾക്കും മാതൃകാപരമായ ഒരു സംസ്ഥാനമെന്നുള്ള നിലയിൽ വിദ്യാഭ്യാസ രംഗത്ത് ഈ ഒരു പരീക്ഷണംകൂടി നടത്തുന്നതിന് തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇന്ന് സ്കൂൾ അനുവദിക്കുന്ന കാര്യത്തിലും അദ്ധ്യാപകരെ സ്ഥലംമാററുന്ന കാര്യത്തിലുമൊക്കെ മാർക്കററിൽ കാളക്കച്ചവടം നടത്തുന്നതുപോലെയുള്ള നയമാണ് അംഗീകരിച്ചുവരുന്നത്. വിദ്യാഭ്യാസ വകുപ്പ് അടിയന്തിരമായി പുനഃസംഘടിക്കുകതന്നെ വേണം. യു. ജി. സി. സ്കെയിലിനെ സംബന്ധിച്ചിടത്തോളം അതു നടപ്പാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് അദ്ധ്യാപകർ നിരന്തരമായി മെമ്മോറാണ്ടം സമർപ്പിക്കലുകളും സമരങ്ങളും നടത്തിവരികയാണ്. പേ റിവിഷൻ റിപ്പോർട്ടനുസരിച്ച് ഇന്നു അദ്ധ്യാപകർക്ക് ഉണ്ടായിരിക്കുന്ന ശമ്പളവും യു. ജി. സി. സ്കെയിൽ അനുവദിച്ചു കിട്ടിയാൽ ഉണ്ടാകുന്ന ശമ്പളവും ഏകദേശം സമമായി വന്നിരിക്കുകയാണ്. ആ നിലയ്ക്ക് യു. ജി. സി.

LIBRARY ARCHIVES Kerala Legislative Assembly

സ്കെയിൽ അടിയന്തിരമായി അനുവദിക്കേണ്ടതാണ്. തൊഴിലില്ലായ്മ പ്രശ്നം പരിഹരിച്ചു എന്നു പറഞ്ഞു നടക്കുന്ന ഈ ഗവൺമെൻറ് വിദ്യാഭ്യാസ വകുപ്പിൻെറ തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ പിന്നോക്കമാണെന്നു പറയേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് രണ്ടു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് അടച്ചിട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്താവശ്യമുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ ട്രെയിനീസ് കുറവായതുകൊണ്ട് മൈസൂർ, മദ്രാസ്, ഗുജറാത്ത് തുടങ്ങിയ സ്ഥലങ്ങളിലുള്ള ട്രെയിനീസിനെയാണ് ഇവിടെ നിയമിച്ചുകൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്തിനാവശ്യമായ ട്രെയിനീസിനെ ഇവിടെനിന്നുതന്നെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുകൊണ്ട് അടച്ചിട്ടിരിക്കുന്ന ഈ രണ്ടു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളും തുറന്നു പ്രവർത്തിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പ്രൈമറി സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്റ്റേജിലാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പ് ഇന്നു പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമായിരിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അത് ഏർപ്പെടുത്തുന്ന കാര്യത്തിൽ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മൈസൂർ, മദ്രാസ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഗവൺമെൻറ് നാഷണൽ എഡ്യൂക്കേഷൻ പോളിസിയനുസരിച്ച് ആവശ്യമായ സർവ്വേ നടത്തി ഉദ്ദേശം 300 ഓളം സ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

എൻെറ നിയോജകമണ്ഡലത്തിൽ ചെറുവയ്ക്കലും കുശവർക്കലും ഓരോ എൽ. പി. സ്കൂളുണ്ട്. ഈ രണ്ടു ലോവർ പ്രൈമറി സ്കൂളുകളുടേയും പ്രവർത്തനം ആരംഭിച്ചിട്ട് വർഷങ്ങളായി. അതിന് യു. പി. എസ്. ആക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. സ്ഥലമുണ്ട്, കെട്ടിടമുണ്ട്, ആവശ്യമുള്ള ഫർണീച്ചർ കൊടുക്കാൻ അവിടെയുള്ള കമ്മിററിക്കാർ തയ്യാറാണ്. ഇതേ സംബന്ധിച്ച് ഗവൺമെൻറിൽ പല പ്രാവശ്യവും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെയായി പൊതു ഉടമയിലുള്ള ഈ സ്കൂളുകളെ അപ്ഗ്രേഡു ചെയ്യാനുള്ള യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. അതുപോലെ ഗവൺമെൻറിനു സാമ്പത്തിക ബാദ്ധ്യതയില്ലാതെ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നടത്തുന്ന പല സ്ഥാപനങ്ങളുമുണ്ട്. തിരുവനന്തപുരം സിററിയിൽതന്നെ വലിയവിള പ്രദേശത്ത് വിദ്യാധിരാജാ സ്മാരക നേഴ്സറി സ്കൂൾ പ്രശസ്തമായരീതിയിൽ കുട്ടികളെ ആകർഷിക്കത്തക്ക രീതിയിൽ നടത്തിവരുന്നുണ്ട്. ഗവൺമെൻറിന് യാതൊരു ബാദ്ധ്യതയുമുണ്ടാകുന്നില്ല. സ്കൂളിന് അംഗീകാരം കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല പ്രാവശ്യം നിവേദനം സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി അതിന് അംഗീകാരം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് എൻെറ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. സുകുമാരനുണ്ണി: സർ, കേരളത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ഏതാണ്ട് മുന്നൂറോളം സ്കൂളുകൾ നിരാധരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ, ഒരു പഞ്ചായത്തിൽ ചുരുങ്ങിയത് പത്തു വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, കായിക വിദ്യാഭ്യാസത്തിനു സൗജന്യ പദ്ധതി, യുവജനക്ഷേമ പദ്ധതി, പിന്നോക്ക ജില്ലകളായ ഇടുക്കി, പാലക്കാട്, ജില്ലകളിൽ പോളീടെക്നിക്കുകൾ,

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിനു പുറത്ത് മലയാളി സമാജങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം, പ്രൈമറി സെക്കണ്ടറി അദ്ധ്യാപകർക്ക് വേതന പരിഷ്ക്കരണ പദ്ധതി, അവശകലാകാരൻമാർക്കും നിരാധാരരായ സാഹിത്യകാരൻമാർക്കും പെൻഷൻ ഏർപ്പെടുത്തൽ, പബ്ളിക് ലൈബ്രറിക്ക് ധനസഹായം, കാഴ്ചബംഗ്ളാവ്, കലകൾ എന്നിവയുടെ പുരോഗതിക്ക് പുതിയ പദ്ധതി, പെൻഷൻപററി പിരിഞ്ഞ ജീവനക്കാർക്ക് പെൻഷൻ വർദ്ധനവ്, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ ധനസഹായങ്ങൾ, അശരണരായ വിദ്യാർത്ഥികൾക്ക് തൊഴിലിൽ ഏർപ്പെടുന്നതിന് ധനസഹായം ഇങ്ങനെയുള്ള വിവിധങ്ങളായ പരിപാടികൾക്ക് തുക ഉൾക്കൊള്ളിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു. ഈ ധനാഭ്യർത്ഥനയെ ക്കുറിച്ച് സംസാരിച്ച സുഹൃത്തുക്കൾക്ക്കാര്യമായൊന്നും പറയാനുണ്ടായിരുന്നില്ല. സോവ്യർ അറായ്ക്കൽ തുടങ്ങി ഒന്നു രണ്ടു സുഹൃത്തുക്കൾക്കൊഴിച്ച്. ഇവിടെ 300 സ്കൂളുകൾകൊടുത്തതിനെ ക്കുറിച്ച് പറഞ്ഞു. ഒരു എം. എൽ. എ. ക്ക് ഒരു സ്കൂളിന് അനുവാദം കിട്ടിയാൽ തരക്കേടില്ലായിരുന്നു. എം. എൽ. എ. മാരുടെ മണ്ഡലങ്ങളിൽ സ്കൂൾ കിട്ടിയിട്ടുണ്ട്. അതിൽ പ്രതിപക്ഷ എം. എൽ. എ. മാർക്കാണ് കൂടുതൽ സ്കൂൾ കൊടുത്തതെന്നാണ് എനിക്കു കിട്ടിയ അറിവ്. പാലക്കാട് ജില്ലയിൽതന്നെ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നിയോജക മണ്ഡലത്തിലുള്ള ഒരു എൽ. പി. സ്കൂൾ അപ്പർ പ്രൈമറി സ്കൂളാക്കി മാററിയിട്ടുണ്ട്. അതുപോലെ എം. കെ. കൃഷ്ണന്റെയും ശ്രീ. വാസുദേവമേനോന്റെയും നിയോജകമണ്ഡലത്തിലുള്ള ഒരു എൽ. പി. സ്കൂളും യു. പി. സ്കൂളാക്കി മാററിയിട്ടുണ്ട്. അതുപോലെ പല പ്രതിപക്ഷ മെമ്പർമാരുടെ നിയോജക മണ്ഡലത്തിലും പുതിയ സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിനാണ് മന്ത്രി കൂടുതൽ സ്കൂളുകൾ കൊടുത്തതെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് മററു പല പിന്നോക്ക സ്ഥലങ്ങളിലും സ്കൂളുകൾ പുതുതായി തുറക്കണം. അതുപോലെതന്നെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ പല മാററങ്ങളും വേണമെന്നു പറയുമ്പോൾ പ്രതിപക്ഷക്കാർ ഇവിടെ ഭരിച്ചിരുന്ന കാലത്ത് ഒന്നും തന്നെ ചെയ്യാൻ കഴിയാത്ത ഏർപ്പാടാണ് ഉണ്ടായിരുന്നത്. പ്രതിപക്ഷക്കാർ ഭരിച്ച കാലത്തും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ മാററം വേണമെന്നു പറഞ്ഞതാണ്. പക്ഷേ ഈ ഡിപ്പാർട്ടുമെൻറിൽ അത് അത്ര എളുപ്പത്തിൽ സാധിക്കുമോ എന്നുള്ളത് പ്രയാസമാണ്.

നമ്മുടെ സംസ്ഥാനത്ത് ഇന്നു പത്തു പന്തീരായിരത്തോളം സ്കൂളുകളുണ്ട്. ഈ വിദ്യാലയങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം ഇന്ന് അതിന്റെ സംവിധാനത്തിൽ വേണ്ട മാററം വരുത്തണം. വിദ്യാഭ്യാസ പുനഃസംഘടന എന്നു കേൾക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായി, എട്ടു പത്തു വർഷമായി. ഈ പത്തു വർഷക്കാലംകൊണ്ട് യാതൊരു പുരോഗതിയും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല. ഞാൻ മലബാർ പ്രദേശത്തുനിന്നു വരുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ മലബാറിനെ അവഗണിക്കുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നു കേരളത്തിലെ വിദ്യാഭ്യാസ ജില്ലകളുടെ സ്ഥിതി എടുത്തു പരിശോധിച്ചാൽ മൊത്തം 28 വിദ്യാഭ്യാസ ജില്ലകളാണ് ഉള്ളത്. ഈ 28 വിദ്യാഭ്യാസ ജില്ലകളിൽ മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ആയിരത്തിലധികം സ്കൂളുകളുണ്ട്. ആയിരത്തി

LIBRARY ARCHIVES Kerala Legislative Assembly

ലധികം സ്കൂളുകളുള്ള കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകൾക്ക് രണ്ടു വിദ്യാഭ്യാസ ജില്ലകളുള്ളപ്പോൾ മററു സ്ഥലങ്ങളിൽ എന്താണ് കാണുന്നത്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾക്ക് മൂന്നു വിദ്യാഭ്യാസ ജില്ലകൾ വീതമാണുള്ളത്. ഇവിടേയും ഏതാണ്ട് ആയിരം സ്കൂളുകളേയുള്ളു. ഇവിടെ ആയിരം വിദ്യാലയങ്ങളുള്ളപ്പോൾ മൂന്നു ജില്ലകൾ കൊടുക്കുമ്പോൾ മലബാർ പ്രദേശത്തെ സംബന്ധിച്ചിട ത്തോളം രണ്ടു വിദ്യാഭ്യാസ ജില്ലകളേ കൊടുക്കുന്നുള്ളു. ഇതിൽ സാരമായ മാററം വരുത്തണം. ഈ പതിനൊന്നു റവന്യു ജില്ലകൾക്കായി കൂടുതൽ സ്ഥലങ്ങളിൽ വിദ്യാഭ്യാസ ജില്ലകൾ ഏർപ്പെടുത്തി വിദ്യാഭ്യാസ മന്ത്രി പലപ്പോഴും പറഞ്ഞമാതിരിയുള്ള പുനഃസംഘടന ഏർപ്പെടുത്തണമെന്നു ഞാൻ പറയുകയാണ്. സർ, ആർ. ഡി. ഡി. ആഫീസുകൾ ഓരോ റവന്യു ജില്ലയിലും നൽകേണ്ട കാര്യത്തെക്കുറിച്ച് ഇവിടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. പ്രൈമറിസ്കൂളിലെ ശിപായിമാർക്കാകട്ടെ, അദ്ധ്യാപകർക്കാകട്ടെ എന്തെങ്കിലും കാര്യങ്ങൾ നേടിയെടുക്കണമെങ്കിൽ തിരുവനന്തപുരത്ത് സെക്രട്ടേറിയററിൽ വന്ന് മന്ത്രിമാരേയുംമററും കണ്ട് കാര്യങ്ങൾ നടത്തേണ്ട സ്ഥിതിവിശേഷത്തിൽ എത്തിയിട്ടുണ്ട്. അതുകൊണ്ട് ഏററവുംവേഗം ഒരു പുന:സംഘടന വേണം.

അതുപോലെ ഏഴെണ്ണായിരം പ്രൈമറി സ്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മററു പല സംസ്ഥാനങ്ങളിലും പ്രൈമറി വിദ്യാഭ്യാസത്തിനും മാത്രമായി പ്രത്യേകം ഡയറക്ടറേററുകൾ ഉണ്ട്. എന്നാൽ ഇവിടെ മാത്രം എത്രയോ കാലമായി തുടർന്നുപോരുന്ന ഒരു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലാണ് ഈ പറയുന്ന എല്ലാ വിദ്യാലയങ്ങളും, പ്രൈമറി വിദ്യാലയങ്ങളുടെയെല്ലാം കാര്യം ശ്രദ്ധിക്കാൻവേണ്ടി പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടിമാത്രമായി പ്രത്യേക ഡയറക്ടറേററ് രൂപീകരിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളത്. അതിനെക്കുറിച്ചു ഗവൺമെൻറ് പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്. അതുപോലെ ഇന്നു പ്രൈമറി സ്കൂളുകളിലൊക്കെതന്നെ വിദ്യാലയങ്ങൾ തുറന്നു കഴിഞ്ഞാൽ കുട്ടികളുടെ തലയെണ്ണിയാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. എന്തൊരു അപരിഷ്കൃതമായ രീതിയാണിത്. എത്രയോ കാലമായി പറയാൻ തുടങ്ങിയതാണ്. ഒന്നുകിൽ കഴിഞ്ഞ വർഷത്തെ കുട്ടികളുടെ കണക്കെടുത്തുകൊണ്ട് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കണം. എന്നാൽ ഇന്ന് സ്കൂളുകൾ തുറന്നതിനുശേഷം കൺട്രോളിംഗ് ആഫീസർമാർ പെരുമഴയത്ത് വിദ്യാലയങ്ങളിൽപോയി കുട്ടികളുടെ കണക്കെടുത്തുകൊണ്ട് രണ്ടും മൂന്നും അദ്ധ്യാപകരുടെ പോസ്ററ് ഇല്ലാതാക്കുന്ന സമ്പ്രദായം ഒന്ന് അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ കൊല്ലത്തെയെങ്കിലും കണക്കെടുത്തുകൊണ്ട് വിദ്യാലയങ്ങളിൽ പുതിയ പോസ്ററുകൾ അനുവദിക്കണം. അതുപോലെ 30 കുട്ടികൾക്ക് ഒന്ന് എന്ന തോതിലെങ്കിലും അദ്ധ്യാപകരെ കൊടുക്കണം. ആകപ്പാടെ അദ്ധ്യാപകരുടെ എണ്ണം പരിശോധിച്ചാൽ രണ്ടുലക്ഷത്തോളം അദ്ധ്യാപകരുള്ള ഈ സംസ്ഥാനത്ത് പത്തൻപതു ലക്ഷം കുട്ടികളുമാകുമ്പോൾ ഏതാണ്ട് ശരാശരി കണക്കു കാണും. അതുകൊണ്ട് മുപ്പതു വിദ്യാർത്ഥികൾക്ക് ഒന്ന് എന്ന തോതിൽ കൊടുക്കണം.

അതുപോലെ വളരെ കൊല്ലങ്ങൾക്കുമുമ്പ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻെറ കാലത്ത് തുടങ്ങിയതാണ് ഷിഫ്ററ് സമ്പ്രദായം. ഇന്നും അത് നിലനിൽക്കുകയാണ്. മലബാറിലെ ചിററൂരിലും തിരു-കൊച്ചിയിലും ഇപ്പോഴും ഷിഫ്ററ് സമ്പ്രദായമുണ്ട്. അത് തീർച്ചയായും മാറേറണ്ടതാണ്. വിദ്യാഭ്യാസമന്ത്രി മലബാറുകാരനായിട്ടും

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് മലബാറിനോടു ഒരു ചിററമ്മ നയം എന്നു തോന്നാറുണ്ട്. തിരുവിതാംകൂർ പ്രദേശത്ത് എൽ. പി., യു. പി. സ്കൂളുകളിൽ സ്പെഷ്യലിസ്ററ് ടീച്ചേഴ്സിൻെറ പോസ്ററ് കൊടുക്കുമ്പോഠം മലബാർ പ്രദേശത്ത് സ്പെഷ്യലിസ്ററ് ടീച്ചേഴ്സിൻെറ പോസ്ററ് കൊടുത്തിട്ടില്ല. അവിടെയും എൽ. പി., യു. പി. സ്കൂളുകളിൽ സ്പെഷ്യലിസ്ററ് ടീച്ചേഴ്സിൻെറ പോസ്ററ് കൊടുക്കണം.

അതുപോലെതന്നെ രണ്ടുകൊല്ലം മൈസൂറിൽനിന്നും പരിശീലനം കഴിഞ്ഞുവരുന്ന അദ്ധ്യാപകൻമാർ ഇവിടെ വരുമ്പോഠം മൈസൂർ ഗവൺമെൻറിൻെറ മാത്രം ടി. ടി. സി. ഇവിടെ അംഗീകരിക്കുന്നില്ല. തൊട്ടടുത്ത സംസ്ഥാനമായ മൈസൂറിൽനിന്ന് ടി. ടി. സി പാസ്സായിട്ടുള്ള ആളുകളുടെ ക്വാളിഫിക്കേഷൻ ഇവിടെ അംഗീകരിക്കണം. പെൻഷൻെറ കാര്യമാണ് മറെറാന്ന്. മിക്കവാറും പെൻഷനെ സംബന്ധിച്ചിടത്തോളം അദ്ധ്യാപകൻമാർക്ക് ഈ പ്രാവശ്യം വളരെ നേട്ടങ്ങഠം ഉണ്ടായിട്ടുണ്ട്. എന്നാൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രവർത്തിച്ചിരുന്ന കാലത്ത് അതിൻെറ കീഴിൽ പണിയെടുത്തിരുന്ന അദ്ധ്യാപകൻമാർ 20 കൊല്ലക്കാലം പാർട്ട് ടൈം ആകുകയും പിന്നെ ഒൻപതു കൊല്ലക്കാലം ഫുഠം ടൈം അദ്ധ്യാപകൻ ആവുകയും അങ്ങനെ 29 കൊല്ലം സർവ്വീസുള്ള അദ്ധ്യാപകൻ ആവുകയും ചെയ്യുന്ന ആഠം പിരിഞ്ഞുപോകുമ്പോഠം പത്തുപൈസ പോലും പെൻഷൻ ലഭിക്കാത്ത വ്യവസ്ഥയാണ് ഇന്നുള്ളത്. ഇങ്ങനെ പെൻഷൻ കിട്ടാത്ത അറുന്നൂറിലധികം അദ്ധ്യാപകൻമാർ മലബാർ പ്രദേശത്തുണ്ട്. ഇങ്ങനെയുള്ള ആളുകഠംക്ക് മിനിമം പെൻഷനെങ്കിലും കൊടുക്കണം.

അതുപോലെതന്നെ പ്രൈമറി സ്കൂളുകളിൽ 10 കുട്ടികഠംക്ക് സൗജന്യമായി യൂണിഫോറം കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ട്. കുട്ടികഠംക്ക് പാഠപുസ്തകങ്ങളും കൊടുക്കുന്നുണ്ട്. ആയിരം കുട്ടികളുള്ള വിദ്യാലയത്തിലും 10 കുട്ടികഠംക്കു കൊടുക്കും, 150 കുട്ടികളുള്ള വിദ്യാലയത്തിലും 10 കുട്ടികഠംക്കു കൊടുക്കും, ഈ സമ്പ്രദായം മാററണം. ഒരു ശരാശരി നിശ്ചയിച്ച് 25 ശതമാനം നിർദ്ധനരായ കുട്ടികഠംക്കു കൊടുക്കണമെന്നുവച്ചാൽ ആയിരം കുട്ടികളുള്ള സ്ഥലത്ത് 250 കുട്ടികഠംക്ക് കിട്ടും. അതുപോലെ എല്ലായിടത്തും കുട്ടികളുടെ എണ്ണത്തിൻെറ ശതമാനത്തിനനുസരിച്ച് കിട്ടും. അതല്ലാതെ ആകെ 10 കുട്ടികഠംക്കു കൊടുക്കുകയെന്ന സമ്പ്രദായം ശരിയല്ല. ഈ ബഡ്ജററിൽ അൽപം ആശ്വാസം കാണുന്നത് ഗവൺമെൻറ് സ്കൂളുകളിൽ പുതുതായി ഡസ്ക്കുകളും ബെഞ്ചുകളും മററു പഠനോപകരണങ്ങളും വാങ്ങുന്നതിനുവേണ്ടി മൂന്നുകോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. ഇതു വളരെ സ്വാഗതാർഹമാണ്. പക്ഷേ ഇന്ന് നമ്മുടെ വിദ്യാലയങ്ങളിലെ സ്ഥിതി വളരെ പരിതാപകരമാണ്. അതുകൊണ്ട് കേരളത്തിൽ മൊത്തത്തിലുള്ള എല്ലാ വിദ്യാലയങ്ങളിലേയും അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ഒരു കൗൺസിൽ രൂപീകരിച്ചുകൊണ്ട് ഒരു പുതിയ പരിപാടിയെന്ന നിലയിൽ ഓരോ വിദ്യാലയങ്ങളിലേക്കും ആവശ്യമായ പഠനോപകരണങ്ങളും മററു സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ പുതിയ സ്കൂളുകൾ കുറെ കൊടുത്തതിൽ സന്തോഷമുണ്ടെന്ന് ഞാൻ നേരത്തേ പറയുകയുണ്ടായി. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ഇന്ന് ജോലിയില്ലാത്ത അദ്ധ്യാപകൻമാർ ആയിരക്കണക്കിനുണ്ട്. എല്ലാവർക്കും ജോലി എടുക്കാൻ താൽപര്യമില്ലാത്തതുകൊണ്ടല്ല പതിനായിരവും, ഇരുപതിനായിരവും, ഇരുപത്തയ്യായിരവും രൂപ കോഴ കൊടുത്ത് ഇന്ന് വിദ്യാലയങ്ങളിൽ കയറുന്ന സമ്പ്രദായമാണുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള പത്തിരുപത്തിയഞ്ച് അദ്ധ്യാപകർ ഒന്നിച്ചുള്ള അദ്ധ്യാപകകൗൺസിൽ രൂപീകരിച്ചുകൊണ്ട് അവരെ അതിൽ ഉൾപ്പെടുത്തുകയാണെങ്കിൽ അവർക്ക് കെട്ടിടം ഉണ്ടാക്കാനും മാനേജ്മെൻറ് നടത്താനും സാധിക്കും. അതുകൊണ്ട് അദ്ധ്യാപക കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് പുതിയ സ്കൂളുകൾ തുടങ്ങുമ്പോൾ അവർക്ക് കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

സർ, നമ്മുടെ കെ. ഇ. ആറിൽ ഒരുപാട് അപാകതകളുണ്ട്. വളരെ കാലം മുമ്പ് ഉണ്ടാക്കിയിട്ടുള്ളതാണ് കെ. ഇ. ആർ. അതിലെ അപാകതകൾ പരിഹരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ മാനേജ്മെൻറിന് 15 ദിവസം അദ്ധ്യാപകനെ സസ്പെൻറ് ചെയ്യാൻ അധികാരമുണ്ട്. പക്ഷെ ആ അധികാരം ഉപയോഗിച്ചുകൊണ്ട് നാലും അഞ്ചും കൊല്ലക്കാലം അദ്ധ്യാപകരെ സസ്പെൻറ് ചെയ്ത് പുറത്തു നിർത്തുന്ന ഒരേർപ്പാടുണ്ട്. ഇതവസാനിപ്പിക്കാൻ സസ്പെൻഷന്റെ കാരണങ്ങളെക്കുറിച്ച് ഏററവും വേഗം അന്വേഷണം നടത്തി തിരിച്ചെടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇങ്ങനെ തിരിച്ചെടുക്കാത്ത മാനേജ്മെൻറിന്റെ പേരിൽ നടപടി എടുക്കാൻ ഇന്ന് വ്യവസ്ഥയില്ല. അതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കണം. ഞാൻ എല്ലാ മാനേജർമാരേയും പൊതുവായി പറയുകയല്ല. ചില മാനേജർമാർ നിർബന്ധമായി അദ്ധ്യപകരെ പുറത്താക്കിയിട്ട്. വിദ്യാഭ്യാസ ഡയറക്ടർ പറഞ്ഞാലും മന്ത്രി പറഞ്ഞാൽപ്പോലും കേൾക്കാത്ത രീതിയിൽ ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ട്. ഇത്തരത്തിലുള്ള മാനേജർമാരെ നിലയ്ക്കു നിറുത്താനുള്ള നടപടികളെടുക്കാൻ എന്താണ് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ചുകൂടി ഒന്നു പരിശോധിക്കണം.

അതുപോലെതന്നെ ഇവിടെ സിലബസിന്റെ കാര്യത്തിലും മാററം വരുത്തണം. ഇപ്രാവശ്യത്തെ 10-ാം ക്ലാസ്സിലെ ചോദ്യക്കടലാസ് ഞാൻ കണ്ടു. ചോദ്യക്കടലാസ് ഉണ്ടാക്കുന്ന രീതിയിൽതന്നെ മാററം വരുത്തണം. സിലബസ്സിനുവേണ്ടി കഴിഞ്ഞപ്രാവശ്യം ഒരു കമ്മിററി ഏർപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ പുതിയ സിലബസ് ഉണ്ടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇന്നത്തെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് സിലബസ് പരിഷ്കരണം നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ടവർക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് അവരെക്കൂടി ആ കമ്മിററിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കണം.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് ഈ പ്രാവശ്യം 500 ബാലവാടികൾ തുറക്കുമെന്ന് ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. ഈ ബാലവാടികളൊക്കെതന്നെ എൽ. പി., യു. പി. സ്കൂളുകളോടനുബന്ധിച്ച് നടപ്പാക്കണം. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളാണ് ബാലവാടികളിൽ പഠിക്കുന്നത്. അതുകൊണ്ട് ഓരോ വിദ്യാലയങ്ങളോടും തൊട്ടടുത്തായി പ്രീ പ്രൈമറി വിദ്യാലയങ്ങൾ തുറക്കണം. ഇന്ന് നമ്മുടെ സംസ്ഥാനത്ത് എത്രയോ ആളുകൾ പല സ്ഥലങ്ങളിലും പ്രീ പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങിയിട്ടുണ്ട്. പക്ഷേ അവർക്ക് ഒരു സഹായവും കിട്ടുന്നില്ല. അതുകൊണ്ട് ഓരോ വിദ്യാലയങ്ങളോടും അനുബന്ധിച്ചുകൊണ്ട് പ്രീ പ്രൈമറി വിദ്യാലയങ്ങൾ തുറന്ന് സഹായം നൽകണം.

സർ, മൊത്തത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ അൽപംകൂടി മെച്ചപ്പെടുത്താൻവേണ്ടി കേരളത്തിലെ മുഴുവൻ അദ്ധ്യാപകരുടെ സംഘടനയും ഒന്നിച്ച് രാഷ്ട്രീയമൊന്നും കണക്കിലെടുക്കാതെ കേരളത്തിലെ 22 അംഗീകാരമുള്ള സംഘടനകളുംഒത്തുചേർന്നുകൊണ്ട് അദ്ധ്യാപകരുടെ പ്രധാന ആവശ്യങ്ങളടങ്ങിയ ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. വളരെ സ്വാഗതാർഹമായ കാര്യങ്ങളാണ് അതിലുള്ളത്. അവരെയുംകൂടിവിളിച്ച് വിദ്യാലയങ്ങളുടെ നടത്തിപ്പും സിലബസും മററു കാര്യങ്ങളുമൊക്കെതന്നെ ചർച്ച ചെയ്യാൻ പുതിയഒരുസംവിധാനം ഏർപ്പെടുത്തണം. അവരെ വിളിച്ചു ചർച്ചനടത്തണം. സബ്ജില്ലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും ഇവരെക്കൂടി ഉൾപ്പെടുത്തി പ്രത്യേകം അഡൈ്വസറി കൗൺസിൽ ഉണ്ടാക്കി അവരുടെ അഭിപ്രായം കൂടി സ്വീകരിക്കുന്നത് നന്നായിരിക്കും.

എൻെറ സ്നേഹിതൻ ശ്രീ. പി. കരുണാകരൻ ഇവിടെ വയോജന വിദ്യാഭ്യാസത്തിൻെറ കാര്യം സൂചിപ്പിക്കുകയുണ്ടായി. വയോജനവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ലെന്ന് പറഞ്ഞു. കഴിഞ്ഞ പ്രാവശ്യം ശ്രീ. ആൻറണി വിളിച്ചുകൂട്ടിയ യോഗത്തിൽവച്ച് ഇതിനെക്കുറിച്ച് പല തീരുമാനങ്ങളും എടുത്തിട്ടുണ്ട്. മററു സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ ഇവിടെ ആർ. എസ്. എസിനെ വളർത്തുന്ന കാര്യം ഒന്നും ചെയ്തിട്ടില്ല. ഈ സംസ്ഥാനത്ത് 130 വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് സംസ്ഥാന ഗവൺമെൻറ് ഗ്രാൻറു കൊടുത്ത് നടത്തിയിട്ടുള്ളത്. 11 ഏജൻസികളാണ് ഗവൺമെൻറ് ഏറെറടുത്തത്. ഈ സംസ്ഥാനത്ത് ആയിരക്കണക്കിന് ഏജൻസികൾ ഉണ്ടാകുമ്പോൾ 11 ഏജൻസികൾ മുന്നോട്ടുവന്നപ്പോൾ അവർക്കുകൊടുത്തു എന്നല്ലാതെ മററാർക്കും കൊടുക്കരുതെന്ന് തീരുമാനമെടുത്തിട്ടില്ല. ഏതായാലും ഈ വർഷത്തിൽ ഒരു പഞ്ചായത്തിൽ 10 വയോജന വിദ്യാഭ്യാസ കേന്ദ്രമെങ്കിലും തുറക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. അതുകൊണ്ട് ശ്രീ. കരുണാകരൻ സൂചിപ്പിച്ച മാതിരി രാഷ്ട്രീയ സംഘടനകൾക്കായാലും അദ്ധ്യാപക സംഘടനകൾക്കായാലും അവർക്കുകൂടി പങ്കെടുക്കാനുള്ള സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ വളരെയധികം താൽപര്യത്തോടുകൂടി വയോജന വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീ. സേവ്യർ അറയ്ക്കൽ ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുന്ന മൈസൂറിലെ സ്ഥിതി എന്താണ്. മാർച്ച് 31-ാം തീയതി വിദ്യാലയങ്ങൾ അടച്ച് അദ്ധ്യാപകർ പോയാൽ ജൂൺ 1-ാം തീയതി അദ്ധ്യാപകർക്ക് സ്കൂളിൽ പോകാൻകഴിയുമോ എന്ന സ്ഥിതിയിലാണ് അവിടെ നടക്കുന്നത്. അദ്ധ്യാപകരുടെ താൽപര്യമനുസരിച്ചുള്ള ഒരേർപ്പാടുപോലും ഇവിടെ ഉണ്ടായിട്ടില്ല. ആന്ധ്രയിലേയും സ്ഥിതി വ്യത്യസ്തമല്ല. അതുപോലെ [12 noon തന്നെ മററു പല സംസ്ഥാനങ്ങളിലും അദ്ധ്യാപകർക്കും ജോലി സ്ഥിരത നൽകിയിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ടു അപാകതകളൊഴിച്ചാൽ അൽപമെങ്കിലും അദ്ധ്യാപകർക്ക് ആശ്വാസത്തിനു വഴി നൽകുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. സർ, ഇവിടെ കഴിഞ്ഞ പ്രാവശ്യം വിദ്യാലയങ്ങൾക്കുവേണ്ടി ഒരു ലോട്ടറി നടത്തുകയുണ്ടായി. അതിൽനിന്നും 35 ലക്ഷത്തോളം രൂപ പിരിഞ്ഞുകിട്ടിയെന്നാണ് എനിക്കു തോന്നുന്നത്. ഇത്തരം ലോട്ടറികൾ വഴി ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മൂത്രപ്പുരപോലും ഇല്ലാത്ത വിദ്യാലയങ്ങൾക്ക് അൽപമെങ്കിലും സഹായം ചെയ്യാൻ കഴിയും. അതുകൊണ്ട് പേരന്റ്-ടീച്ചേഴ്സ് അസോസിയേഷനുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഓരോ മാസവും ലോട്ടറി നടത്തുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെ വിദ്യാഭ്യാസമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ബഡ്ജററിൽ പറഞ്ഞിട്ടുള്ള പല ഭാഗങ്ങളും സ്പർശിക്കാനുണ്ട്. ഏതായാലും പാലക്കാട് ജില്ലയിലെ ടിപ്പുസുൽത്താൻകോട്ട പുരാതനവസ്തുഗവേഷണകമ്മിററിക്കാർ ഏറെറടുത്തിട്ടുണ്ട്. ഇപ്പോഴതു താലൂക്കാഫീസാക്കി മാറിയിരിക്കുകയാണ്. ടിപ്പുസുൽത്താൻകോട്ടയിൽ പ്രത്യേകമായി ഒരു മ്യൂസിയവും കാഴ്ചബംഗ്ളാവും ഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. ഒററപ്പാലത്തെ കുഞ്ചൻനമ്പ്യാരുടെ ഭവനവും അതുപോലെ ഏറെറടുക്കുകയുണ്ടായി. അവിടേയും ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. അവിടെയും പ്രത്യേകമായ ഒരു സ്മാരകം പണിയണമെന്നു ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ ഈ ബഡ്ജററിലെ മററു പല ഭാഗങ്ങളും കണ്ടപ്പോൾ പ്രതിപക്ഷത്തെക്കുറിച്ച് വെൺമണിയുടെ ഒരു വരി ചൊല്ലിക്കൊണ്ടു അവസാനിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

'നിലവിട്ടൊന്നു പകച്ചു നിന്നുപോയി, കുല വെട്ടീടിന കുററിവാഴ പോലെ' ഞാൻ സർവ്വാത്മനാ ഈ ഡിമാന്റിനെ പിന്താങ്ങുകയാണ്.

[Mr. Speaker in the chair]

ശ്രീ. എ. പി. കുര്യൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏററവുമധികം റവന്യൂ ചെലവാക്കുന്ന വിദ്യാഭ്യാസവകുപ്പ് ഇന്ന് ഗുരുതരമായ അഴിമതിക്ക് വിധേയമായിരിക്കുന്നു എന്നാണ് നമ്മുടെ സംസ്ഥാനത്ത് പരക്കെയുള്ള ആക്ഷേപം. സ്വജനപക്ഷപാതം കൊടികുത്തിവാഴുന്നു എന്നിവിടെ പലരും പറഞ്ഞു. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ശ്രീമാൻ സി. എച്ച്. മുഹമ്മദ്കോയ, അദ്ദേഹത്തിന്റെ സ്വകാര്യസ്വത്തുപോലെയാണ് ഇത് കൊണ്ടുനടക്കുന്നതെന്ന് ഇപ്പുറത്തുള്ള ആളുകൾ മാത്രമല്ല, അപ്പുറത്തുള്ള ശ്രീ. കോയയുടെ പാർട്ടിയിൽപെട്ട ആളുകൾ ഒഴിച്ചുള്ള മററ് ഭരണകക്ഷികളിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അഭിപ്രായമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശ്രീനിവാസൻ: ഈ അഭിപ്രായം എവിടെനിന്നാണ് കിട്ടിയത്.

ശ്രീ. എ. പി. കുര്യൻ: പലർക്കും ഈ സഭയിൽവന്ന് പരസ്യമായി പറയാൻ വിഷമമുള്ളതുകൊണ്ട് ഞങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ശ്രീനിവാസനും ബന്ധപ്പെട്ടിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ലോബിയിൽ പല സംഭാഷണങ്ങളും നടക്കുന്നത് ഇവിടെ പറയണമോ? ഈ സഭയിൽ അപ്പുറത്തിരിക്കുന്ന പലർക്കും ചില കാര്യങ്ങൾ പരസ്യമായി പറയാൻ വിഷമമുണ്ട്. അപ്പോൾ ചിലർ ഞങ്ങളെ രഹസ്യമായി വിളിച്ചുപറയും, ഇതൊന്ന് പറയണമെന്ന്. ബഹുമാനപ്പെട്ട ഉണ്ണി വിദ്യാലയങ്ങൾ അനുവദിച്ചതിനെ സംബന്ധിച്ച് ഇവിടെ സന്തോഷം പ്രകടിപ്പിച്ചു. അദ്ദേഹത്തിനും പരാതിയുണ്ട്. ഇതെങ്ങനെ കൊടുത്തു, ഏതടിസ്ഥാനത്തിൽ കൊടുത്തു എന്ന് പരിശോധിക്കണമെന്ന് അഭിപ്രായമുള്ള ആളുകളാണ് ബഹുമാനപ്പെട്ട കോയയുടെ കക്ഷി ഒഴിച്ചുള്ള മുഴുവൻപേരും. ഇവിടെ ഒരു വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടുണ്ടെന്നാണ് പറയുന്നത്. അതൊന്ന് പരസ്യപ്പെടുത്തിക്കൂടെ? അത് അത്രത്തോളം രഹസ്യമാണോ? ഇതൊന്നു പരസ്യപ്പെടുത്തി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചർച്ച നടത്തിവേണം ഈ സ്കൂളുകളനുവദിക്കുവാൻ എന്ന് വിശ്വസിക്കുന്നവരാണ് അപ്പുറത്തിരിക്കുന്ന ആളുകൾ അടക്കം. എന്നാലും അവർക്കിതിനെ പിന്താങ്ങണ്ടേ? ശ്രീ. സുകുമാരനുണ്ണിക്ക് പിന്താങ്ങേണ്ട ബാദ്ധ്യതയുണ്ട്, എനിക്കത് മനസ്സിലാക്കാൻ കഴിയും: എവിടെനിന്നോ ഉള്ള രണ്ടറിപ്പോർട്ടിൽനിന്ന് ലിസ്റ്റ് വായിച്ചുകഴിഞ്ഞതിനുശേഷം പിന്നെ പരാതിയാണ്. ഇവിടെ വിദ്യാഭ്യാസരംഗം ഇന്ന് അറുവഷളായിരിക്കുന്നു. വിദ്യാഭ്യാസത്തിനു വേണ്ടി നമ്മളെല്ലാം വാദിച്ചിട്ടുള്ള ഉന്നതമായ മൂല്യങ്ങളെല്ലാം കോയയുടെ നേതൃത്വത്തിലുള്ള വകുപ്പ് കളഞ്ഞുകുളിച്ചിരിക്കുന്നു എന്ന് ഗുരുതരമായ ആക്ഷേപമുണ്ട്. ശ്രീ. എ. കെ. ആന്റണി വർഷങ്ങൾക്കുമുമ്പ് വിദ്യാഭ്യാസരംഗത്തെ സ്വകാര്യകച്ചവടക്കാരുടെ കുതിരക്കച്ചവടം നിർത്തുമെന്ന് ശക്തിയായി പ്രഖ്യാപിച്ചു, മാനേജുമെന്റുകളുടെ ദുർനടപടികൾക്ക് മൂക്കുകയറിടുമെന്ന് പറഞ്ഞു. ആ എ. കെ. ആന്റണി ഇന്നെവിടെയാണ്? ആന്റണിയുടെ പ്രേതമാണ് ഇന്ന് സംസാരിക്കുന്നത്. ഇത് ആക്ഷേപകരമാണ്. വിദ്യാഭ്യാസരംഗമാകെ ഒരുപിടി സ്വകാര്യ കുത്തകകളുടെ കൈയിൽ ഒതുക്കിയിരിക്കുകയാണ്. വിദ്യാർത്ഥികളുടെ പ്രവേശനം അടക്കം മുഴുവൻകാര്യങ്ങളിലും അഴിമതിയാണ്. മലബാറിൽ എം. ഇ. എസ്. നടത്തുന്ന കോളേജുകളിൽ ഒരു അദ്ധ്യാപകന്റെ നിയമനത്തിന് 45,000 രൂപയാണ് പ്രതിഫലം കൊടുക്കേണ്ടത്. മററ് സ്വകാര്യ മാനേജുമെന്റുകളൊന്നുംതന്നെ ഇതിൽനിന്നും വിമുക്തമല്ല. എം. ഇ. എസ്. മാനേജുമെന്റിൽ ഒരു അദ്ധ്യാപകനെ നിയമിക്കുവാൻ 45,000 രൂപയാണ് കൊടുക്കേണ്ടത്. ഇത് മററ് പ്രീഡിഗ്രി കോളേജുകളിൽ, ജൂനിയർ കോളേജുകളിൽ, ഹൈസ്ക്കൂളുകളിൽ, അപ്പർപ്രൈമറി സ്കൂളുകളിൽ എല്ലാം റേററുകുറഞ്ഞുവരുന്നുണ്ട്. ഇത് വിദ്യാർത്ഥികളുടെ പ്രവേശനത്തിലുമുണ്ട്. ഇത്രയേറെ വ്യഭിചരിക്കപ്പെട്ട ഒരുകാലം ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. വിദ്യാലയങ്ങൾ അനുവദിച്ചതിനെ സംബന്ധിച്ച് ഇവിടെ പല മണ്ഡലങ്ങളുടേയും പേരുപറഞ്ഞു. ശ്രീ. എം. കെ. കൃഷ്ണന്റെ മണ്ഡലത്തിന് സ്കൂൾ കൊടുത്തു, ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിന്റെ മണ്ഡലത്തിന് സ്കൂൾ കൊടുത്തു. പക്ഷേ അവരാരും ആഗ്രഹിക്കുന്ന സ്ഥലത്തല്ല സ്കൂൾ കൊടുത്തിട്ടുള്ളത്.. ശ്രീ. സുകുമാരനുണ്ണിയുടെ സ്ഥലത്ത് സ്കൂൾ കിട്ടിയിട്ടു

ണെങ്കിൽ അദ്ദേഹം ആഗ്രഹിക്കുന്ന സ്ഥലത്തായിരിക്കുകയില്ല. ശ്രീ. മുഹമ്മദ്കോയയും ആദ്ദേഹത്തിന്റെ പാർട്ടിക്കാരും ആഗ്രഹിക്കുന്ന സ്ഥലത്താണ് സ്കൂളുകൾ കൊടുത്തിട്ടുള്ളത്, നിഷേധിക്കുവാൻ ശ്രീ. സുകുമാരനുണ്ണിക്ക് നെഞ്ചത്ത് കൈവച്ചുകൊണ്ട് സാധിക്കുമോ എന്നെനിക്ക് സംശയമാണ്. എല്ലാ രംഗത്തും അഴിമതിയും സ്വജനപക്ഷപാതവും നടമാടുന്നു. ഇവിടെ സ്പെഷ്യൽ ഓർഡറിന്റെ കഥയെല്ലാം ശ്രീ. ഉണ്ണിക്കറിയാം. അദ്ദേഹം ഒരു അദ്ധ്യാപക സംഘടനയുടെ നേതാവാണ്. സമയമില്ലാത്തതുകൊണ്ട് അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ ശ്രദ്ധയിലേക്ക് ഒരു കത്തു വായിക്കാം. ദയവായി ഇതൊന്നു ശ്രദ്ധിക്കണം. ഈ കത്തെഴുതിയിട്ടുള്ളത്, ഇ. മുഹമ്മദുകുഞ്ഞ്, അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, മാവേലിക്കരയാണ്. 16-3-79ൽ അയച്ച കത്താണിത്. മറ്റുള്ള 45 എ. ഇ. ഒ. മാർക്ക് അയച്ച കത്താണ്. അതിൽ ആദ്യഭാഗത്ത് കുറേ ഗ്രീവൻസസ് പറയുന്നുണ്ട്. എന്നിട്ട് തുടരുകയാണ്.

Shri E. Mohammed Kunju,
Asst. Educational Officer,
Mavelikara.

Mavelikara,
16-3-1979.

Dear Sir,

With a view to getting the above grievances redressed without causing any displeasure to the authorities, a committee consisting of five members was formed with Shri Kunhi Moideenkutty, Asst. Educational Officer, Manjery and Sri E. Mohammed kunju, Asst. Educational Officer, Chengannur, (now A. E. O. Mavelikara) as Convenor and Treasurer respectively. A representation was submitted to the Minister and the Special Secretary for Finance through a few V. I. Ps. who have influence upon the authorities concerned. (The names of the V. I. Ps. cannot be revealed at this stage.) The response is satisfatorily hopeful. Ofcourse, we can expect an enhancement in special Pay and P. C. A. shortly.

That what is required is a little money for the future activities and for the great endeavour we have already performed. I hope you don't mind sparing a negligible amount.........The less you pay the more we can do.

Yours sincerely,
E. Mohammed Kunju.

To

The Assistant Educational Officer.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഇത് എവിടെനിന്നാണ്?

ശ്രീ. എ. പി. കുര്യൻ: ഇത് മാവേലിക്കര അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ ശ്രീ. മുഹമ്മദുകുഞ്ഞ് എഴുതിയ കത്താണ്. ഇതിലുള്ള വലിയ അഴിമതിയെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. കാരണം ഇതിൽ ആവശ്യപ്പെട്ടിട്ടുള്ളത് ചെറിയ സംഖ്യയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri C. H. Muhammed Koya: Sir, I want the letter to be placed on the table.

മി. ഡെ. സ്പീക്കർ: ആ കത്ത് മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. എ. പി. കുര്യൻ: വയ്ക്കാം. ഞാൻ പറഞ്ഞുവന്നത് ഇതുപോലെയുള്ള അനവധി സംഭവങ്ങൾ ഈ രാജ്യത്ത് നടക്കുന്നുണ്ടെന്നാണ്. ഇവിടെ പണം കൊടുത്താലെ കാര്യങ്ങൾ നടക്കുകയുള്ളു എന്നൊരു അഭിപ്രായഗതിയുണ്ട്. സ്പെഷ്യൽ ഓർഡർ ഇവിടെ നടക്കുന്ന ഒരു പരസ്യ പ്രസ്ഥാനമാണ്. അങ്ങയുടെ ഓഫീസിലുള്ള ചില ഉദ്യോഗസ്ഥൻമാർക്കും, പ്രത്യേകിച്ച് അങ്ങുമായി നേരിട്ടുബന്ധപ്പെട്ട ചില ഉയർന്ന ഉദ്യോഗസ്ഥൻമാർക്കും പണം കൊടുത്താലെ സ്പെഷ്യൽ ഓർഡർ ഉണ്ടാകുകയുള്ളു. ഞാൻ തെളിവുതരാൻ തയ്യാറാണ്, അന്വേഷിക്കുവാൻ തയ്യാറുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തെളിവുതന്നാൽ അന്വേഷിക്കാൻ തയ്യാറാണ്.

ശ്രീ. എ. പി. കുര്യൻ: രേഖാമൂലം സമർപ്പിക്കാൻ തയ്യാറാണ്. ഒന്നന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് അങ്ങ് തയ്യാറാകുകയാണെങ്കിൽ ഈ വെല്ലുവിളിയെ നേരിടാൻ ഞാൻ ഒരുക്കമാണ്. ഈ വകുപ്പ് സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടേയും കേളീരംഗമായി മാറിയിരിക്കുന്നു എന്നാണ് എന്റെ ആക്ഷേപം. ഇതിന് ഒരു നിയന്ത്രണം വരുത്താനായിട്ട് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും തമ്മിൽ പൊരുതേണ്ട കാര്യവുമില്ല. വിദ്യാഭ്യാസത്തിന്റെ ഉന്നതമായ മൂല്യങ്ങളെക്കുറിച്ചൊക്കെ പറയുന്ന ആളുകളാണ് ബഹുമാനപ്പെട്ട ആന്റണിയുടേയും ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായരുടേയും പാർട്ടിയിൽ ഉള്ളത്. അവരെല്ലാംകൂടി ഒന്നാലോചിച്ച് ഇതിന് ഒരു പരിഹാരമുണ്ടാക്കുകയും അതിന് ബഹുമാനപ്പെട്ട കോയയുടെ ഈ വകുപ്പ് ഒന്നു മാററണമെങ്കിൽ അങ്ങനെ മാററുകയും അദ്ദേഹത്തിന്റെ ഒരു കോക്കസെസ് ഉണ്ടെങ്കിൽ ആ കോക്കസെസ്സിനെ പൊളിച്ചുമാററുകയും ചെയ്യണമെന്നാണ് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് എനിക്ക് പറയുവാനുള്ളത്.

സർ, ഇനി ഈ വകുപ്പിന്റെ കീഴിലുള്ള ഒന്നുരണ്ട് പ്രവർത്തനങ്ങളെ കുറിച്ചുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഈ വകുപ്പിന്റെ കീഴിൽ ഇൻസ്ററിററ്യൂട്ടുകളുണ്ട്. മൂന്ന് ഇൻസ്ററിററ്യൂട്ടുകളാണ് ഉള്ളത്. ഈ മൂന്ന് ഇൻസ്ററിററ്യൂട്ടുകളും ഇന്ന് മിക്കവാറും ഡിഫങ്ക്ററാണ്: State Institute for Education, Institute for Sciences. കഷ്ടിച്ച് എന്തെങ്കിലും കാര്യങ്ങൾ നടക്കുന്നത് സയൻസ് ഇൻസ്ററിററ്യൂട്ടിൽ മാത്രമാണ്. അതുപോലെതന്നെ പ്രൈമറി ഇൻസ്ററിററ്യൂട്ട് ഫോർ എഡ്യൂക്കേഷൻ. ഇതെല്ലാം പൂർണ്ണമായും ഡിഫങ്ക്ററാണ്. യാതൊരു കാര്യവും നടക്കുന്നില്ല. അവിടെ നമുക്കൊക്കെ അറിയാവുന്ന ഒരു വലിയ ഉദ്യോഗസ്ഥൻ, പഴയ ഡയറക്ടർ ഉണ്ട്. ഡയറക്ടർ ഓഫ് റിസേർച്ച് ആൻറ് സ്ററഡീസ്. ശ്രീ. നമ്പ്യാർ. അദ്ദേഹത്തിന് എന്താണ് ജോലി. ഈ ഡിപ്പാർട്ടുമെൻറിൽ ഏററവും അധികം ശമ്പളം പററുന്ന ഒരു വലിയ ഉദ്യോഗസ്ഥനാണ്. അദ്ദേഹം എന്തുചെയ്യുന്നു. അങ്ങ് ഇതെല്ലാം പൊളിച്ചുപണിയണമെന്ന് പറയാൻ തുടങ്ങിയിട്ട് കുറേക്കാലമായി. നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. ഒരു പൊളിച്ചുപണിയും നടത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാംകൂടികുന്നുകൂടി ഈ ഡിപ്പാർട്ടുമെൻറിന്റെ ചെലവ് വർഷം തോറും അധികരിച്ചു. 194 കോടിയിൽപ്പരം രൂപയുടെ ധനാഭ്യർത്ഥനയാണ് അങ്ങ് അവതരിപ്പിച്ചിരിക്കുന്നത്. അത് വർദ്ധിച്ചു പോകുന്നതോടൊപ്പം ഈ ഡിപ്പാർട്ടുമെൻറിൽനിന്നും വിദ്യാർത്ഥികളും നമ്മുടെ രാജ്യത്തെ ബഹുജനങ്ങളും പ്രതീക്ഷിക്കുന്ന നന്മ ഉണ്ടാകുന്നില്ല.

സർ, ഇവിടെ വയോജന വിദ്യാഭ്യാസ രംഗത്ത് കോടിക്കണക്കിന് രൂപ ചെലവാക്കുന്നുണ്ട്. ശ്രീ. സുകുമാരനുണ്ണി പാലക്കാട്ട് നൂറ് യൂണിററുകഠം നടത്താമെന്ന് ഏററു. അതിൽ എത്രയെണ്ണം നടത്തിയെന്ന് പറയണം. പത്തെണ്ണം നടത്തിയിട്ടുണ്ടെന്നാണ് ശ്രീ. സുകുമാരനുണ്ണി അഭിമാനത്തോടുകൂടി പറയുന്നത്. അങ്ങയുടെ പാർട്ടിയുടെ നേതാവ് ടി. പി. പീതാംബരൻ എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിററി നേതാവ് എറണാകുളം ജില്ലയിൽ നടത്താമെന്ന് ഏററതിൽ എത്ര നടത്തിയിട്ടുണ്ട്. ഇതുപോലെ വയോജന വിദ്യാഭ്യാസരംഗത്ത് കോടിക്കണക്കിന് രൂപ ഒരു പിടി കഴുത്താപ്പൻമാരുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുകയാണ്. Expunged from the proceedings under Rule 296 of the Rules of Procedure. (vide file No. 3282 - LA 1/79) ശ്രീ. പി. എൻ. പണിക്കരുടെ കയ്യിൽ ഒരു കാൻഫെഡുണ്ട്. പി. എൻ, പണിക്കരുടേയും അതുപോലെതന്നെ ശ്രീ. ഭാസ്ക്കരപ്പണിക്കരുടേയും നേതൃത്വത്തിൽ ഒരു കാൻഫെഡുണ്ട്. അവർ എന്തുചെയ്യുന്നു. ഇപ്പോഠം വിദ്യാഭ്യാസവകുപ്പുമന്ത്രി കുറേ എഡ്യുക്കേഷണൽ ഓഫീസറൻമാരെ വയോജന വിദ്യാഭ്യാസത്തിന്, അഡൽററ് എഡ്യൂക്കേഷൻ ഓഫീസർമാരെ എല്ലാ സ്ഥലങ്ങളിലും നിയമിച്ചിട്ടുണ്ട്. ഞാൻ അറിയുന്നത് അവർ ഭൂരിപക്ഷവും സ്ത്രീകളാണ്. അവർ എന്തു ചെയ്യും. മിക്കവാറും വയോജന വിദ്യാഭ്യാസം നടക്കുന്നത് സായംകാലത്താണ്. അവിടെ പോയി ഇവർ അന്വേഷിക്കുമോ? ഇത് കുറേക്കൂടി പ്രായോഗികമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നില്ലെങ്കിൽ വയോജനവിദ്യാഭ്യാസരംഗത്ത് ഒന്നും നേടാൻ കഴിയുകയില്ല. വയോജന വിദ്യാഭ്യാസ രംഗത്ത് ചെലവഴിയ്ക്കുന്ന സംഖ്യക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകണമെങ്കിൽ ഇത് കുറേക്കൂടി നവീകരിക്കണം.

സർ, നേരത്തെ ഇവിടെ ശ്രീ. ത്യാഗരാജൻ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ഈശ്വർഭായ് പട്ടേൽ കമ്മിററി റിപ്പോർട്ട്. ആ റിപ്പോർട്ടിനെക്കുറിച്ച് കഴിഞ്ഞ 27, 28, 29 തീയതികളിൽ വി. ജെ. ടി. ഹാളിൽ മിക്കവാറും എല്ലാ അദ്ധ്യാപക സംഘടനകളുടേയും പ്രതിനിധികളെ വിളിച്ചുകൂട്ടി ഒരു ചർച്ച നടത്തി. ആ ചർച്ചയിൽ ഏകകണ്ഠമായ ശുപാർശയുണ്ടായി. അതിനോട് ഈ ഗവൺമെൻറ് എടുക്കുന്ന സമീപനം എന്താണ്. അറിയേണ്ട കാര്യമാണ്. ഈ റിപ്പോർട്ടിനെക്കുറിച്ച് അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളും വിദ്യാഭ്യാസ വിദഗ്ദ്ധൻമാരും ചേർന്ന് നടത്തിയ ചർച്ചയെത്തുടർന്ന് ശുപാർശ വച്ചിട്ടുണ്ട്. ആ ശുപാർശയിൻമേൽ ഈ വകുപ്പ് എന്തുചെയ്യാൻപോകുന്നു എന്നറിയണം. പ്രധാനപ്പെട്ട പല ശുപാർശകളും ഉണ്ട്. അതിലേക്ക് സമയക്കുറവുകൊണ്ട് ഞാൻ കടക്കുന്നില്ല. ഇത്തരത്തിൽ ഈ വകുപ്പ് പുനഃസംവിധാനം ചെയ്യുന്നതിന് എന്തുചെയ്യണം.

സർ, ഇവിടെ സുകുമാനുണ്ണിയുടെ അടക്കമുള്ള അദ്ധ്യാപകസംഘടനകഠം ചേർന്ന് ഒരു മെമ്മോറാണ്ഡം നൽകിയിട്ടുണ്ട്. ഈ 30-ാംതീയതി എല്ലാവരും ചേർന്ന് ധർണ നടത്തി. ശമ്പളപരിഷ്കാരത്തെ തുടർന്നുള്ള അപാകത പരിഹരിക്കണം, അല്ലെങ്കിൽ പ്രത്യക്ഷ നടപടികഠം സ്വീകരിക്കും.

2/467—14

LIBRARY ARCHIVES Kerala Legislative Assembly

സുകുമാരനുണ്ണിക്ക് പരസ്യമായിട്ട് അത് പറയാൻ പററുകയില്ലെങ്കിലും മററ് അദ്ധ്യാപകസംഘടനകൾ അത് പറഞ്ഞു. പണിമുടക്ക് പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. ഈ തരത്തിലുള്ള അദ്ധ്യാപകസംഘടനകളുടെ ആവശ്യത്തിനുനേരെ ഈ ഗവൺമെൻറ് എന്ത് സമീപനം എടുക്കുന്നു. ബഹുമാനപ്പെട്ട സുകുമാരനുണ്ണിക്കും ഞങ്ങളുടെ അദ്ധ്യാപക സംഘടനാ പ്രവർത്തകൻമാർക്കും എല്ലാം ആക്ഷേപമുള്ള ശമ്പളപരിഷ്കാരത്തിലുള്ള അപാകതകൾ പരിഹരിക്കാതെ വിദ്യാഭ്യാസാന്തരീക്ഷം കുലുഷിതമാക്കരുത്. ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ മന്ത്രി എന്തുചെയ്യുന്നു. ഈ കാര്യങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇത്രയേറെ അഴിമതിയും സ്വജനപക്ഷപാതവും നടമാടുന്ന ഈ വകുപ്പിനു വേണ്ടിയുള്ള ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എ. മജീദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു, ഞാൻ സ്വാഗതം ചെയ്യുന്നു. ഇവിടെ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വരേണ്ട മാററങ്ങളെപ്പററിയും വേണ്ടത്ര മാററങ്ങൾ വന്നിട്ടില്ലെന്നുള്ളതിനെപ്പററിയും ഒക്കെ സൂചനയുണ്ടായി. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ മാററം വരേണ്ടത് കേരളത്തിൽ മാത്രമല്ലായെന്ന് നമുക്കൊക്കെ അറിയാം. ഒരു അഖിലേൻഡ്യാ നയം ഈ കാര്യത്തിൽ ഇതിനകം ആവിഷ്കരിച്ചിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ അതു മുഴുവൻ കേരളത്തിലെ വിദ്യാഭ്യാസമന്ത്രിയുടെ കുററം കൊണ്ടാണെന്നുള്ള ഒരു അഭിപ്രായം ഇവിടെ അവതരിപ്പിക്കുന്നത് ശരിയായിരിക്കുകയില്ലെന്നുള്ളത് വ്യക്തമാണ്. ഈ കാര്യത്തിൽ പരീക്ഷണം ഇപ്പോഴും തുടരുന്നുണ്ട്. നമ്മുടെ വിദ്യാർത്ഥികളെ ഉപകരണമാക്കിക്കൊണ്ട് ഉള്ള പരീക്ഷണം ഇനിയും അവസാനിച്ചിട്ടില്ല. ഇനിയും കൂടുതൽ പരീക്ഷണം ആവശ്യമുണ്ടോയെന്ന് സംശയമുള്ള ഒരാളാണ് ഞാൻ. കാരണം പുരോഗമിച്ച രാജ്യങ്ങളിൽ ഒട്ടാകെ തന്നെ വളരെയേറെ പുരോഗമിച്ചവിദ്യാഭ്യാസ സമ്പ്രദായം ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഏതെങ്കിലും പരീക്ഷണത്തിന്റെ ഫലം പഠിക്കുകയോ അതു പ്രായോഗികമാക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. എ. മജീദ്: അതാണ് ഞാൻ പറഞ്ഞത് ഇനി കൂടുതൽ പരീക്ഷണം ആവശ്യമില്ലാത്ത ഘട്ടം എത്തിയിരിക്കുന്നു. അത്രയേറെ പരീക്ഷണം പല രാജ്യങ്ങളിലും നടത്തിയിട്ടുണ്ട്; പ്രയോജന പ്രദമായ, ഫലപ്രദമായ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. അത് ഇൻഡ്യാ ഗവൺമെൻറു നടപ്പാക്കിയാൽ മതിയെന്നാണ് എനിക്കു പറയാനുള്ളത്. ഒരു സംസ്ഥാനത്തിനു പ്രത്യേകമായ ഒരു വിദ്യാഭ്യാസ നയമില്ല സർ. നമ്മുടെ ഇൻഡ്യയിൽ അഭ്യസ്തവിദ്യർ അല്ലെങ്കിൽ ഗ്രാഡുവേററ്സിന് തൊഴിലില്ലെന്നു പറഞ്ഞാൽ അതു മററു രാജ്യങ്ങളിൽ ഉള്ളവർക്ക് അദ്ഭുതമുണ്ടാക്കുന്ന ഒരു കാര്യമാണ്. കാരണം അവിടെ പഠിച്ച് ഉയർന്നുവരുന്ന ആളുകൾ, എവിടെയൊക്കെ ആവശ്യമുണ്ടോ അതനുസരിച്ചു മാത്രമാണ് അവർക്ക് പഠിക്കാനുള്ള സൗകര്യം ഏർപ്പാടു ചെയ്യുന്നത്. ചുരുക്കത്തിൽ വിദ്യാഭ്യാസ കാര്യത്തിൽ വ്യക്തമായ ഒരു പ്ലാനിംഗ് ഉണ്ട്. പ്ലാനിംഗിനനുസരിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് നിരാശാബോധമുണ്ടാകാതെ അവർ തൽപ്പരരായി വിദ്യാഭ്യാസം നടത്തുന്നു. ഇൻഡ്യയി

LIBRARY ARCHIVES Kerala Legislative Assembly

ലാണെങ്കിൽ നമുക്കറിയാം സർ, ഇന്ന് കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലും ഡോക്ടറൻമാരും എഞ്ചിനീയറൻമാരും ആവശ്യത്തിലധികം ഉണ്ടായിട്ടുണ്ട്. വ്യക്തമായ ഒരു പ്ലാനിംഗിൻെറ അഭാവമാണ് ഇതിന് കാരണമെന്ന് ആരോടും പറയേണ്ട ആവശ്യമില്ല. അപ്പോഴം ആ പ്ലാനിംഗ് ഉണ്ടാക്കാൻ ഇനിയും വൈകിക്കുന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും എനിക്കു മനസിലാകുന്നില്ല.

സർ, മൊത്തത്തിൽ പറഞ്ഞാൽ, നമ്മുടെ വിദ്യാഭ്യാസ മേഖല, വിശേഷിച്ചും ഹൈസ്ക്കൂൾ വിദ്യാഭ്യാസ മേഖലയെപ്പററി രണ്ടുമൂന്നു കാര്യങ്ങൾ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ അടിത്തറ തകർന്നിരിക്കുകയാണ്. ഹൈസ്ക്കൂൾ ക്ലാസിൽ, എസ്. എസ്. എൽ. സി. ക്ലാസിൽ നമ്മുടെ വിജയശതമാനം ഇപ്പോൾ കുറച്ചു കൂടിയിട്ടുണ്ടെന്നാണ് പറയുന്നത്. ഇരുപതോ ഇരുപത്തഞ്ചോ മുപ്പതോ ശതമാനമായിരുന്നു. കഴിഞ്ഞ വർഷം അത് 50 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നു. മോഡറേഷൻ എന്ന ജാലവിദ്യക്കാരൻ അതിനിടയിൽ വന്നതുകൊണ്ടാണ് 50 ശതമാനമായത്. അപ്പോൾ എന്തോ സാരമായ തകരാറ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ ഉണ്ടെന്നുള്ളതിന് ഇതിൽ കൂടുതൽ തെളിവിൻെറ ആവശ്യമുണ്ടോ സർ. ഞാൻ പറയുന്നത് നമ്മുടെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിൻെറ അടിത്തറതന്നെ വേണ്ടത്ര ബലമില്ലാതിരിക്കുകയാണ്, ബലക്ഷയം സംഭവിച്ചിരിക്കുകയാണ്. എൻെറ ചില സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചതുപോലെ പ്രൈമറി വിദ്യാഭ്യാസത്തിൽ നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ആവശ്യമുണ്ട്. പ്രൈമറി വിദ്യാഭ്യാസമെന്നു പറയുമ്പോൾ ഞാൻ മുഖ്യമായി ഉദ്ദേശിക്കുന്നത് പ്രീ പ്രൈമറി വിദ്യാഭ്യാസമാണ്. നമ്മുടെ ആളുകൾ, വിദഗ്ദ്ധൻമാർ ഒക്കെ തന്നെ പറയുന്നുണ്ട്, നമ്മുടെ കുട്ടികളിൽ മൂന്നു വയസു മുതൽ അഞ്ചു വയസു വരെയുള്ള കാലഘട്ടം അവർക്ക് കാര്യങ്ങൾ മനസിലാക്കാൻ കഴിവുള്ള ഒരു കാലഘട്ടമാണ്. അവരുടെ ബുദ്ധി വികസിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. അവരുടെ തലച്ചോറിന് വികാസം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്.

മൂന്നു മുതൽ അഞ്ചു വയസ് വരെയുള്ള കാലഘട്ടത്തെ ഇത്രമാത്രം അവഗണിച്ചിട്ടുള്ള, ഇങ്ങനെയൊരു പാപം ചെയ്തിട്ടുള്ള ഗവൺമെൻറ് വേറെ കാണുകയില്ല. ആ കാലഘട്ടത്തിൽ കുട്ടികളുടെ ബുദ്ധിയെ മരവിക്കാൻ വിട്ടിട്ട് അഞ്ചു വയസ്സിലാണ് പ്രൈമറി ക്ലാസിൽ ചേർക്കുന്നത്. പ്രീ-പ്രൈമറി വിദ്യാഭ്യാസം നടത്തിയ കുട്ടികളുടെ കാര്യം നമുക്കറിയാം. മൂന്നു വയസ്സിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം നടത്തിയ കുട്ടികൾ വളരെ തൻേറടമായി, അക്ഷരവുമൊക്കെ പഠിച്ച് വരുന്നതു കാണാൻ കഴിയും. പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവുമാക്കാൻ നമുക്കു കഴിഞ്ഞാൽ തീർച്ചയായും എനിക്കുറപ്പുണ്ട്, എസ്. എസ്. എൽ. സി.-യുടെ വിജയശതമാനം വളരെകൂട്ടാൻ നമുക്കു കഴിയും. അതിൻെറ സാമ്പത്തിക ബുദ്ധിമുട്ടിനെപ്പററിയൊക്കെ നമ്മൾ പറയാറുണ്ട്. ഇന്ന് ബാലവാടി എന്നുപറയുന്ന ഏർപ്പാട് നാം തുടങ്ങിയിട്ടുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള പരിപാടിയും ആരംഭിച്ചിട്ടുണ്ട്. ഇതൊക്കെച്ചേർത്ത് നിർബന്ധമായും ശാസ്ത്രീയമായ പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ നമുക്കു കഴിയുമെന്നാണ് എൻെറ വിശ്വാസം. പോരെങ്കിൽ ജില്ലാ ഭരണ സമ്പ്രദായമൊക്കെ ഏർപ്പെടുത്താൻ പോകുന്ന ഈ കാലഘട്ടത്തിൽ ജില്ലാസമിതികളെക്കൊണ്ടും പഞ്ചായത്തുകളെക്കൊണ്ടുമൊക്കെ ഇതു

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ പ്രേരണ നൽകുകയാണെങ്കിൽ ഇതു നടക്കാതിരിക്കാൻ യാതൊരു കാരണവുമില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് ഒരാവശ്യമായി കണ്ടുകൊണ്ട് നടപ്പിലാക്കുന്ന കാര്യത്തിൽ സത്വരശ്രദ്ധ ചെലുത്തണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

സർ, യൂണിവേഴ്സിററി വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ ധാരാളം പരാമർശങ്ങൾ ഉണ്ടായി. കേരളത്തിലെ യൂണിവേഴ്സിററികളെപ്പററി ഒട്ടേറെ ആക്ഷേപങ്ങളുണ്ട്. യൂണിവേഴ്സിററികൾക്കുവേണ്ടി ഭീമമായ തുക നാം ചെലവഴിക്കുന്നുണ്ട്. യൂണിവേഴ്സിററി എന്നു പറഞ്ഞാൽ ഒരു സ്വതന്ത്ര സ്ഥാപനമാണ്. അക്കാഡമിക് കാര്യങ്ങളിലോ അഡ്മിനിസ്ട്രേററീവ് കാര്യങ്ങളിലോ ഗവൺമെൻറ് എത്തിനോക്കാത്തവിധം സ്വതന്ത്രമായിരിക്കണമെന്നാണ് യൂണിവേഴ്സിററി അധികാരികളുടെ ആഗ്രഹം. ഭരണം നടത്തുന്ന സിൻഡിക്കേററ് മെംബർമാർ ചക്രവർത്തികളാണ്. അവർ അവിടെ കാണിക്കുന്ന അഴിമതികളെപ്പററി പത്രങ്ങൾ തുടർച്ചയായി എഴുതാറുണ്ട്. പരീക്ഷ നടത്തിപ്പിൽ ആക്ഷേപമുണ്ട്, സിലബസിനെപ്പററി ആക്ഷേപമുണ്ട്, നിയമനത്തെപ്പററി ആക്ഷേപമുണ്ട്, ധൂർത്തിനെപ്പററിയും വിമർശനമുണ്ട്. അങ്ങനെ ഒട്ടേറെ വിമർശനങ്ങൾ യൂണിവേഴ്സിററിയുടെ പ്രവർത്തനത്തിൽ ഉണ്ടെന്നു നമുക്കു വ്യക്തമായി കാണാൻ കഴിയും. ശ്രീമാൻ കണിയാപുരം രാമചന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ തോററവർ ജയിക്കുന്നു. ഇപ്പോൾ, തോററവർ ജയിക്കുക മാത്രമല്ല അവർക്കു റാങ്ക്‌വരെ കിട്ടുന്നുണ്ട്.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഒരു ചോദ്യം. ഈ കൊല്ലം രാവിലെ നടക്കേണ്ടിയിരുന്ന ഒരു യൂണിവേഴ്സിററിപരീക്ഷ അതിനു ബന്ധപ്പെട്ട കനകവല്ലി എന്നുപറയുന്ന പ്രൊഫസർ വൈകിട്ട് നടത്തി. എന്നിട്ടും അതിൽ യാതൊരു നടപടിയുമെടുത്തില്ല എന്നുള്ളതറിയാമോ ?

ശ്രീ. ടി. എ. മജീദ്: ഇങ്ങനെ ഒട്ടേറെ ആക്ഷേപങ്ങൾ യൂണിവേഴ്സിററിയുടെ പ്രവർത്തനത്തിൽ ഉണ്ട്. അവയെപ്പററി പത്രത്തിൽ വിമർശനങ്ങളും ലേഖനങ്ങളുമൊക്കെ വന്നിട്ടുമുണ്ട്. യൂണിവേഴ്സിററിയുടെ സെനററും സിൻഡിക്കേററും പിരിച്ചുവിട്ട് നോമിനേററഡ് ബോഡിയാക്കാനുള്ള ഒരു ശ്രമത്തിൻെറ മുന്നോടി ആണെന്നാണ് ചില പത്രങ്ങളിൽ ആക്ഷേപം വന്നത്. ഇങ്ങനെ പറയുന്നവർ ആ അഴിമതിക്കു കൂട്ടു നിൽക്കുകയാണെന്നു ഞാൻ പറയും. നോമിനേററു ചെയ്യേണ്ടയാവശ്യമൊന്നുമില്ല. അതു പശ്ചിമ ബംഗാൾ ഗവൺമെൻറ് ചെയ്തുകൊള്ളും. കൽക്കട്ടാ യൂണിവേഴ്സിററിയിലെ സെനററും സിൻറിക്കേററും പിരിച്ചുവിട്ട് നോമിനേററു ചെയ്ത സംഭവം ഉണ്ടായി. അതിലൊന്നും വിമർശിക്കാനില്ലാത്ത ആളുകളാണ് ഇവിടെ നോമിനേഷൻ വരാൻ പോകുന്നു എന്ന ഭീതി പുറപ്പെടുവിക്കുന്നത്. പിരിച്ചുവിടേണ്ടയാവശ്യമൊന്നുമില്ല, ഈ ആക്ഷേപങ്ങളെപ്പററി കർശനമായും അടിയന്തിരമായും അന്വേഷണം നടത്തണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കേരള യൂണിവേഴ്സിററിയുടെ ധൂർത്തിന് ഒരുദാഹരണം ഞാൻ പറയാം. കേരളാ യൂണിവേഴ്സിററിയിൽ ലാ ഡിപ്പാർട്ടുമെൻറ് എന്നൊന്നില്ല. അങ്ങനെയുള്ള ഒരു യൂണിവേഴ്സിററിയിൽ ഒരു വിസിററിംഗ് പ്രൊഫസറെ നിയമിച്ചു ലായ്ക്കുവേണ്ടി. വിസിററിംഗ് പ്രൊഫസർ എന്നു പറഞ്ഞാൽ വലിയ സമർത്ഥനായിരിക്കും. പക്ഷേ ഇവിടെ നിയമിക്കപ്പെട്ട വിസിററിംഗ് പ്രൊഫസർ കൊച്ചിൻ യൂണിവേഴ്സിററിയിൽ റീഡർ പോസ്ററിന് അപേക്ഷിച്ച് തോററ ആളാണ്. അയാളെ ഇവിടെ ശമ്പളവും കൊടുത്ത് വിസിററിംഗ്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫസറായി നിയമിച്ചിരിക്കുകയാണ്. ഗവൺമെൻറിനോ യൂണിവേഴ്സിററിക്കോ നിയന്ത്രണമില്ലാത്ത ഒരു പ്രൈവററ് സ്ഥാപനത്തിൽ പഠിപ്പിക്കലാണ് അദ്ദേഹത്തിന്റെ ജോലി. ഇത്ര നഗ്നമായ അഴിമതി യൂണിവേഴ്സിററി ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും അതേപ്പററി അന്വേഷിക്കേണ്ടതാണ്. ഇത്രയേറെ അഴിമതികളും ആക്ഷേപങ്ങളും ഉന്നയിക്കപ്പെട്ടിരിക്കുന്ന ഈ തൊഴുത്തൊന്നു ശുദ്ധിയാക്കി, ഉന്നത വിദ്യാഭ്യാസം നടക്കുന്ന ഒരു സ്ഥലമാണിതെന്നുള്ളതുകൊണ്ട്, ഭാവി രാഷ്ട്രത്തെ കരുപ്പിടിപ്പിക്കാനുള്ള ഒരു തലമുറയെ വാർത്തെടുക്കാനുള്ള ഒരു സ്ഥാപനമാണിതെന്നുള്ളതുകൊണ്ട് ഇതൊന്നു നല്ലതാക്കി എടുക്കണമെന്നാണെനിക്കു പറയാനുള്ളത്.

സർ, ലൈബ്രറി ബില്ലിനെക്കുറിച്ച് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ലൈബ്രറിബില്ല് ഇപ്പോൾ സെലക്ട് കമ്മിററി സ്റേറജിലിരിക്കുകയാണ്. അതേപ്പററി വളരെയേറെ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഗവൺമെൻറിനു കൂടുതൽ നിയന്ത്രണം നൽകിക്കൊണ്ടുള്ള ഒരു ബില്ലാണതെന്ന ആക്ഷേപം ഉണ്ട്. അതുകൊണ്ട് ആ ബിൽ നിയമസഭയിലവതരിപ്പിക്കുന്നതിനു മുൻപ് വിവിധ കക്ഷിനേതാക്കളുമായി ആലോചിച്ച് കൂടുതൽ ജനാധിപത്യപരമാക്കാൻ ഉതകത്തക്കവിധം മാററാൻ കഴിയുമോ എന്നു പരിശോധിക്കണം. ഒരിക്കൽകൂടി ഈ ഡിമാൻഡ്സിനെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഈ രക്തത്തിൽ ഞങ്ങൾക്കു പങ്കില്ല എന്നമട്ടിൽ മററുപല മന്ത്രിമാരും ഇവിടെ നിന്നു മാറിനിൽക്കുകയാണ്, വിദ്യാഭ്യാസമന്ത്രിയെ തനിച്ചാക്കിയിട്ട്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഇവിടെയുണ്ട്. പോസ്ററ്മാർട്ടത്തിന്റെ ഉത്തരവാദിത്വമുള്ളതുകൊണ്ട്. ഈ തൊഴുത്തു വൃത്തിയാക്കാൻ ഇദ്ദേഹത്തെക്കൊണ്ടു സാധ്യമല്ലെന്നമട്ടിൽ ബഹുമാനപ്പെട്ട മജീദ് ഇവിടെ സംസാരിച്ചു. നമ്മുടെ വിദ്യാഭ്യാസ നയത്തിന്റെ അപാകതകൾ സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്നുള്ളതിനെക്കുറിച്ച് നമ്മുടെ പ്രധാനമന്ത്രി ചെയ്ത ഒരു പ്രസംഗത്തിലെ രണ്ടുവരികൾ ഞാനിവിടെ വായിക്കാം. ''ധാർമ്മികമായി നല്ലവരും വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഇന്നു മൗനം പാലിക്കുന്നു; അതേസമയം വിവരം കെട്ടവർ എല്ലാത്തരത്തിലും ഒച്ചവച്ചു മുന്നേറുന്നു.'' സർ, പ്രധാനമന്ത്രി പൂനയിൽ ചെയ്ത ഒരു പ്രസംഗത്തിലുള്ളതാണ് ഈ വരികൾ. മേൽപ്പറഞ്ഞ കാര്യം ശരിക്കും കാണുന്നത് കേരളത്തിലെ വിദ്യാഭ്യാസ സംവിധാനത്തിന്റെ മുകൾപ്പരപ്പിലാണ്. വിദ്യാഭ്യാസ നയം മാറേറണ്ടതിന്റെ ആവശ്യകതകളെക്കുറിച്ചു പറഞ്ഞാൽ മനസ്സിലാകാത്ത, പ്രീ-പ്രൈമറി വിദ്യാഭ്യാസം സർക്കാരിന്റെ ഉത്തരവാദിത്വമല്ല എന്നു പരക്കെ പ്രഖ്യാപിച്ചു നടക്കുന്ന, കോളേജ് വിദ്യാഭ്യാസത്തിനു വേണ്ടി മുന്നോട്ടു വരുന്ന ചെറുപ്പക്കാർക്ക് അവരുടെ വ്യക്തിത്വം വളർത്താനുള്ള അവസരം കൊടുക്കാനുള്ള ബാധ്യത ഗവൺമെൻറിനില്ലേ എന്നു ചോദിച്ചാൽ എസ്. എസ്. എൽ. സി. പാസായവരെയെല്ലാം കോളേജിൽ പഠിപ്പിക്കാമെന്നു ഞങ്ങളാരും വാക്കുപറഞ്ഞിട്ടില്ല എന്നുപറയുന്ന ഈ മന്ത്രി എങ്ങനെയാണ് ഈ വകുപ്പ് പുനഃസംവിധാനം ചെയ്യാൻ പോകുന്നത് എന്ന് എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം എന്നുപറയുന്നത് സ്കൂൾകച്ചവടവും ട്രാൻസ്ഫർകച്ചവടവുമാണ്. അദ്ദേഹം ഇന്നൊരു വലിയ മുതലാളിയാണ്. സ്കൂളും ട്രാൻസ്ഫറും കച്ചവടം ചെയ്യുന്ന വലിയ ഒരു മുതലാളി. സ്കൂളുകൾ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചതിനെക്കുറിച്ച് ഒരുപാട് ആക്ഷേപം വന്നപ്പോഠം അതുമാത്രമേ വന്നുള്ളു എന്നിവിടെ പലരും പറഞ്ഞു. ആ രംഗത്തു നടന്നു കൊണ്ടിരിക്കുന്ന അഴിമതിയുടെ ഏററവും അവസാനത്തെ ഏററവും നല്ല മാതൃകയായതുകൊണ്ടാണ് പറയുന്നത്.

ശ്രീ. വി. ജെ. ജോസഫ്: പാരലൽ കോളേജുകളെക്കുറിച്ച് ഒന്നും പറയാനില്ലേ ?

ശ്രീ. ആർ. സുന്ദരേശൻ നായർ: പറയാം; അതിനൊരു പ്രമേയം കൊണ്ടുവന്ന് നമുക്കു ചർച്ച ചെയ്യാം.

സർ, സ്കൂളുകഠം അനുവദിച്ചതിനെക്കുറിച്ചുള്ള അപാകതകളെപ്പററി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിക്ക് അതേക്കുറിച്ചെന്താണു പറയനുള്ളതെന്നെനിക്കറിഞ്ഞുകൂടാ. സർ, സ്കൂളുകഠം അനുവദിക്കുന്നതിനു ചില പ്രധാന മാനദണ്ഡങ്ങളുണ്ട്. സ്കൂളുകഠം അപ്ഗ്രേഡ് ചെയ്യുന്നതിനാണ് ആദ്യത്തെ മുൻഗണന. പരമ്പരാഗതമായി ഇവിടെ സ്കൂളുകഠം നടത്തിവരുന്നതും സാംസ്കാരിക മണ്ഡലങ്ങളിൽ വളരെയധികം പങ്കുവഹിച്ചിട്ടുള്ളതുമായ എസ്. എൻ. ഡി. പി., എൻ. എസ്. എസ്. തുടങ്ങിയ സ്ഥാപനങ്ങഠം നടത്തുന്ന സ്ഥലങ്ങളിൽ കൂടുതൽ സ്കൂളുകഠം അനുവദിക്കുക എന്നതാണ് രണ്ടാമത്തെ നയം. മൂന്നാമത്തേതാണ് പുതിയ പുതിയ മാനേജുമെൻറുകളെ കണ്ടുപിടിക്കുക എന്നത്. പക്ഷേ ഇവിടെ ചെയ്തത് നേരേമറിച്ചാണ്. 300 സ്കൂളുകഠം അനുവദിച്ചതും പുതിയ മാനേജുമെൻറുകളെ കണ്ടുപിടിക്കാനുള്ള ശ്രമത്തോടുകൂടിയാണ്. മന്ത്രി മറുപടി പറയുമ്പോഠം പറയും മാനേജുമെൻറിനെയൊന്നും കണ്ടുപിടിച്ചിട്ടില്ല, സ്ഥലം മാത്രമേ കണ്ടിട്ടുള്ളു എന്ന്. പക്ഷേ ഓരോ സ്ഥലം നിശ്ചയിച്ചിട്ടുള്ളതിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിക്കോ അദ്ദേഹത്തിന്റെ പാർട്ടിക്കോ മാറാനൊക്കാത്ത തരത്തിലുള്ള വിധേയത്വം പലതരത്തിലും ഉണ്ടാക്കിയിട്ടുണ്ട്. സർവ്വെയുടെ അടിസ്ഥാനത്തിൽ ഒബ്ജക്ഷൻ കൊടുത്തിട്ടുണ്ട്, തിരുത്താം എന്നൊക്കെയാണ് പറയുന്നത്. ഞാൻ വെല്ലുവിളിക്കുകയാണ്, ഇപ്പോഠം കൊടുത്തിട്ടുള്ളതിന്റെ പത്തു ശതമാനം സ്ഥലത്തു നിന്നെങ്കിലും അവ മാററാൻ ഈ ഗവൺമെൻറിനോ മന്ത്രിക്കോ കഴിയുമോ ? ഈ മുന്നൂറു സ്കൂളും അനുവദിച്ചത് സർവ്വെയുടെ അടിസ്ഥാനത്തിലാണോ എന്ന് അങ്ങയുടെ വകുപ്പിൽ അന്വേഷിച്ചു നോക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് ഒന്നേ പറയാനുള്ളു. കച്ചവടം നടത്താത്ത വകുപ്പുകഠം വേറെ ഒരുപാടുണ്ട്. ഇത് രാജ്യത്തിന്റെ ഭാവിയെ വളരെ സാരമായി ബാധിക്കുന്ന ഒരു വകുപ്പാണ്. യുവജനതയുടെ വളർച്ച, യുവജനതയുടെ ജീവിതത്തോടുള്ള സമീപനം ഇത്തരം കാര്യങ്ങഠം സാരമായി ബാധിക്കുന്ന ഒരു വകുപ്പ്, കച്ചവടത്തിനു വിധേയമാക്കാതെ കച്ചവടത്തിനു പററിയ ഏതെങ്കിലുമൊരു വകുപ്പ് അങ്ങ് തിരഞ്ഞെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകഠം ചുരുക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. കെ. എം. മാത്യു: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. ഈ നാട്ടിൽ ഏതു രീതിയിലുള്ള സാമൂഹ്യ വ്യവസ്ഥിതിയാണ് രൂപം കൊള്ളേണ്ടത് എന്നുള്ളതിന് സുപ്രധാനമായ പങ്ക് വഹിക്കേണ്ട ഒരു മേഖലയാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. ഇവിടെ പാളിച്ചകളും പതർച്ചകളും ഉണ്ടായാൽ അത് തീർച്ചയായും നമ്മുടെ സാമൂഹ്യ മണ്ഡലത്തെ ബാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നതിൽ സംശയമില്ല. ഈ രാജ്യത്ത് ഒരു രാക്ഷസസമൂഹമാണോ രൂപം കൊള്ളേണ്ടത്, അതോ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ആർഷ ഭാരതത്തിന്റെ സംസ്കാരം ഉൾക്കൊള്ളുന്ന ഒരു സമൂഹമാണോ ഇവിടെ ഉരുത്തിരിഞ്ഞ് വരേണ്ടത് എന്നുള്ളത് വിദ്യാഭ്യാസ രംഗത്തെ നമ്മുടെ നയ പരിപാടികളെ ആശ്രയിച്ചാണ് ഇരിക്കുന്നത് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം പ്രഗത്ഭമതികളായ പലരും ഈ വകുപ്പു കൈകാര്യം ചെയ്തിട്ടുണ്ട്. യശഃശരീരനായ ശ്രീ. പട്ടം താണുപിള്ള, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മുണ്ടശ്ശേരി മാസ്റ്റർ തുടങ്ങി പല ആളുകളും ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട് എന്നാണ് എന്റെ ഓർമ്മ. പ്രതിപക്ഷത്തെ ചില അംഗങ്ങൾ സംസാരിക്കുന്നത് കേട്ടു ഇത് കുത്തഴിഞ്ഞ പുസ്തകമാണെന്ന്. ഇന്നല്ല സർ, ഇതിന്റെ കുത്തു വിട്ടുപോയത്, ഇടിഞ്ഞു പൊളിഞ്ഞുപോയത് ഇന്നല്ല. വർഷങ്ങൾക്ക് മുമ്പ് അത് സംഭവിച്ചതാണ്. ബഹുമാനപ്പെട്ട മുഹമ്മദുകോയ ഇത് കൈകാര്യം ചെയ്യാൻ തുടങ്ങി കുറെ വർഷങ്ങൾ പിന്നിട്ടപ്പോൾ സൗകര്യമുള്ള ഒരു കലാക്ഷേത്രമായി ഇതിനെ മാററാൻ കഴിഞ്ഞു എന്നുള്ളത് പ്രൈവററായി എങ്കിലും പ്രതിപക്ഷം അംഗീകരിക്കും എന്നുതന്നെയാണ് എന്റെ വിശ്വാസം. സാമ്പത്തികമായ പരിമിതികളും പരാധീനതകളും നമ്മുടെ സ്റേററിൽ ഉണ്ടായിരുന്നുവെങ്കിൽപോലും ധൈര്യപൂർവ്വം മുന്നൂറിൽപ്പരം സ്കൂളുകൾ അനുവദിക്കുന്നതിന് ഈ ഗവൺമെൻറ് തയ്യാറായി മുന്നോട്ടു വന്നു. അതിന്റെ നല്ല വശം കാണാൻ പ്രതിപക്ഷത്തിന് കഴിയാത്തത് എന്താണെന്നാണ് ഞാൻ ചോദിക്കുന്നത്. അതിന്റെ ദോഷവശം എന്താണെന്ന് ആലോചിച്ചുനോക്കുന്ന പ്രവണത മാററിയേതീരൂ. നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങൾ പത്തും പതിനഞ്ചും കിലോമീററർ ദൂരം നടന്ന് സ്കൂളുകളിൽ പോയി പ്രാഥമിക വിദ്യാഭ്യാസം നടത്തുന്ന സ്ഥലങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. അതിന് കുറച്ചൊരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ഈ മന്ത്രി ഔദാര്യപൂർവ്വം മുന്നോട്ടു വന്നതാണോ അദ്ദേഹം ചെയ്ത തെററ്? ശ്രീമാൻ കുര്യൻ ഇവിടെ പറഞ്ഞു, ഞങ്ങളാരും പറഞ്ഞ സ്ഥലത്തല്ല, സ്കൂളുകൾ അനുവദിച്ചതെന്ന്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോടു പറയാൻ ആഗ്രഹിക്കുന്നത് ഇവരോ ഞങ്ങളോ ആരും ആവശ്യപ്പെടുന്ന സ്ഥലത്തല്ല, സ്കൂളുകൾ അനുവദിക്കേണ്ടത്, ഈ നാട്ടിലെ കുഞ്ഞുങ്ങൾക്ക് പഠിക്കാൻ സൗകര്യം ചെയ്തുകൊടുക്കേണ്ട സ്ഥലത്ത് വേണം സ്കൂള് അനുവദിക്കാൻ എന്ന് മലയോര പ്രദേശങ്ങളിലാണ് മുഴുവൻ കൊടുത്തിട്ടുള്ളത്, എന്റെ നിയോജകമണ്ഡലത്തിൽ കിട്ടിയില്ല; എന്നോടു ശുപാർശചെയ്ത ആളുകൾക്ക് കിട്ടിയില്ല; എന്നൊക്കെ ഈ സഭയിൽ വന്നിരുന്നുകൊണ്ട് പറയാൻ നാണം ഇല്ലേ എന്നു ചോദിക്കുകയാണ്. ഞാൻ സ്കൂളിനുവേണ്ടി പോയില്ല, ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചു നോക്കൂ. ഭരണകക്ഷി എം. എൽ. എ. ആയിട്ടുപോലും ഞാൻ പോയില്ല. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ സ്കൂളുകൾ ഇല്ലാത്ത സ്ഥലമായ ആനക്കുഴി എന്ന സ്ഥലത്ത് സ്കൂൾ അനുവദിച്ചു. അതിലൊന്നും ആരും കുററം കണ്ടുപിടിച്ചിട്ട് കാര്യമില്ലെന്നു പറയാൻ ആഗ്രഹിക്കുകയാണ്. ആ രംഗത്തെ നമ്മുടെ ആവശ്യം പരിപൂർണ്ണമായിട്ടില്ലായെന്ന് വിശ്വസിക്കുകയാണ്. സാമ്പത്തികമായ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും വിശദമായി ഒന്നുകൂടി പരിശോധിക്കാൻ അവസരം ഉണ്ടോ എന്നു നോക്കണം എന്നുമാത്രമാണ് പറയാനുള്ളത്. കുത്തഴിഞ്ഞു കിടന്നിരുന്ന പ്രൈമറിയും സെക്കൻഡറിയും വിദ്യാഭ്യാസം അടുക്കും ചിട്ടയും ഉള്ളതാക്കിത്തീർത്തതിന് വിദ്യാഭ്യാസ മന്ത്രിക്ക് അഭിനന്ദനത്തിന്റെ അരളിപ്പൂക്കൾ അർപ്പിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: അരുളിപ്പൂക്കളേ ഉള്ളോ? ചെണ്ട് ഇല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മാത്യു: എനിക്ക് സമയമില്ലാത്തതിനാൽ വഴങ്ങുന്നില്ല. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥിതി അത്രകണ്ട് നൂതനമായ ഒരു ചിത്രമല്ല, കാഴ്ചവയ്ക്കുന്നത് എന്നു പറയേണ്ടി വന്നതിൽ ഖേദം ഉണ്ട്. കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ വിജ്ഞാനത്തിന്റെ ശ്രീകോവിലും സംസ്ക്കാരത്തിന്റെ കാവൽ ഭടനും ആയിരിക്കുന്ന സർവ്വകലാശാല വികലമായ, ദയനീയമായ ചിത്രങ്ങൾ കാഴ്ച വയ്ക്കുന്നു എന്ന് പറയേണ്ടിവന്നതിൽ ഖേദം ഉണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണം കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ, വളരെ കൂടുതൽ സ്വയംഭരണാവകാശം നമ്മുടെ സർവ്വകലാശാലയ്ക്ക് നൽകിയതാണ്. അതിന് ഈ സഭയെപ്പോലും കുറപ്പെടുത്താൻ മടിക്കുന്നില്ല. ഞാൻ അന്ന് പറഞ്ഞു, പുരോഗതിയുടെ പരിവേഷം അണിയുന്നതിനുവേണ്ടി, മുന്നോട്ടു പോകാറുണ്ട്. അങ്ങനെ പോകുമ്പോൾ അപകടങ്ങൾ ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി, ആ രംഗത്ത് കുറെ നിയന്ത്രണങ്ങൾ ഉണ്ടാകത്തക്കരീതിയിൽ നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്താൽ നന്നായിരിക്കും. നമ്മുടെ സർവ്വകലാശാല വിദ്യാഭ്യാസത്തെ സ്വതന്ത്രമായി വളർത്തിയെടുക്കേണ്ടത് സർവ്വകലാശാലയുടെ പരമമായ ഉത്തരവാദിത്വമാണ്. ആ രംഗത്ത് സർവ്വകലാശാലകൾ പരാജയപ്പെട്ടിരിക്കുന്നു. ഞാൻ ചോദിക്കുകയാണ്, ഇത്രയും വർഷങ്ങൾ ഈ നാട്ടിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കേരള സർവ്വകലാശാല പ്രവർത്തിച്ചുവെങ്കിലും അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരൊററ മഹത് വ്യക്തിയെ കാഴ്ച വയ്ക്കാൻ നമ്മുടെ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് സാവകാശമായി ആലോചിക്കേണ്ടതുണ്ട്. അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു ശാസ്ത്രജ്ഞനെ കാഴ്ച വയ്ക്കാൻ കഴിഞ്ഞുവോ? അന്താരാഷ്ട്ര പ്രശസ്തിയുള്ള ഒരു സാഹിത്യകാരനെ കാഴ്ച വയ്ക്കാൻ കഴിഞ്ഞുവോ? അല്ലെങ്കിൽ ഒരു ധനതത്വശാസ്ത്രജ്ഞനെ കാഴ്ച വയ്ക്കുവാൻ കഴിഞ്ഞുവോ? ഇതെല്ലാം നാം ആലോചിക്കേണ്ട കാര്യമാണ്. നമ്മുടെ സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ വർഷങ്ങൾക്കു മുമ്പ് രൂപം കൊടുത്ത ഒരു Said pattern-ൽ തൂങ്ങിനിന്നുകൊണ്ടാണ് ഇന്നും മുന്നോട്ടുപോകുന്നത്. ആ Said pattern-ൽ തൂങ്ങിനിന്ന് മുന്നോട്ട് പോകുന്നതുകൊണ്ടാണ് വിശാലമായ കാഴ്ചപാട് ഉണ്ടാക്കാൻ കഴിയാതെ പോകുന്നത്. ആ രംഗത്തൊക്കെയും വലിയ വിജയമുണ്ടാകണമെങ്കിൽ സമഗ്രമായ ഒരു അഴിച്ചുപണി സർവ്വകലാശാലാ രംഗത്ത് ആവശ്യമാണ്.

അടുത്തതായി ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേററുന്നതിൽ നാം പൂർണ്ണമായി വിജയിച്ചിട്ടില്ലായെന്നുള്ളതാണ്. വർഷംതോറും ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ദാഹാർത്തരായി കടന്നുവരുന്ന വലിയ വിഭാഗം യുവാക്കൾ അതിന് അവസരം ഇല്ലാതെ മോഹഭംഗത്തിന്റെ നീർച്ചുഴിയിൽ വീണ് നട്ടം തിരിയുന്നു. പാരലൽ കോളേജ് എന്ന് മനോഹരമായി എഴുതിവച്ചിരിക്കുന്ന ബോർഡുകൾ കണ്ട് ആ സങ്കേതത്തിലേക്ക് കടന്നുകഴിഞ്ഞാൽ യാതൊരു മനോഹാരിതയും ഇല്ല. കാര്യക്ഷമതയുടെ കാര്യത്തിലാകട്ടെ, അദ്ധ്യയനത്തിന്റെ കാര്യത്തിലാകട്ടെ, ഗ്രന്ഥശാലയുടെ കാര്യത്തിലാകട്ടെ, ഒക്കെ അപര്യാപ്തതയാണ് പാരലൽ കോളേജുകളെ സംബന്ധിച്ചിടത്തോളം ഉള്ളത്. നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിന് റഗുലർ കോളേജുകളിൽ അദ്ധ്യയനം നടത്തുന്നതിന് അവസരം ഉണ്ടാക്കികൊടുക്കുന്നതിനെക്കുറിച്ച് നാം ആലോചിക്കണം. പാരലൽ കോളേജുകളെ അടച്ചു കുററം പറയാൻ ആഗ്രഹിക്കുന്നില്ല. ബഹുഭൂരിപക്ഷവും ചൂഷണത്തിന്റെ രംഗമാണ് എന്ന് പറയാൻ മടിക്കുന്നില്ല, നന്നായി നടക്കുന്ന

ഏതാനും ചില കോളേജുകൾ കാണുമായിരിക്കും. ജോലി എടുക്കുന്ന അദ്ധ്യാപകർക്ക് ആവശ്യമായ ശമ്പളം കൊടുക്കുന്നില്ല. അതുകൊണ്ട് കാര്യക്ഷമതാരാഹിത്യം അവിടെ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ന് നിലവിലുള്ള കോളേജുകൾക്കാണെങ്കിൽ ആവശ്യമുള്ളത്ര കെട്ടിടങ്ങളുണ്ട്, ലൈബ്രറിയുണ്ട്, ലാബ്രട്ടറിയുണ്ട്. പാരലൽ കോളേജുകളിലാണെങ്കിൽ സയൻസ് വിഷയങ്ങൾ പഠിപ്പിക്കാൻ നിവൃത്തിയില്ല എന്നു നമുക്കറിയാം. ഇന്നത്തെ കോളേജുകളിൽ ഉള്ള സൗകര്യങ്ങൾ പരമാവധി ചൂഷണം ചെയ്യാൻ നമുക്ക് കഴിയണം. അതിന് നാം ശ്രദ്ധിക്കണം. ഷിഫ്ററിനെക്കുറിച്ച് നേരത്തെ ചില സുഹൃത്തുക്കൾ സൂചിപ്പിച്ചു. നമുക്ക് ഈവനിംഗ് ക്ളാസുകൾ നടത്തിനോക്കിക്കൂടേ? അതിന് ഒരു സമഗ്രമായ പദ്ധതി തയ്യാറാക്കിക്കൊണ്ട് വിവിധ കോഴ്സുകൾക്ക് ഈവനിംഗ് ക്ളാസുകൾ നടത്താൻ നാം മുന്നോട്ടു വരണം. സാമ്പത്തികമായി വലിയ ബാദ്ധ്യത നമുക്കുണ്ടാവുകയില്ല; ഉള്ള സൗകര്യങ്ങൾകൊണ്ട് ഇരട്ടി പ്രയോജനം നേടാൻ കഴിയും. കെട്ടിടങ്ങളുടെ ആവശ്യമില്ല. ലൈബ്രറിയും ലാബ്രട്ടറിയും വേറെ ഉണ്ടാക്കേണ്ട ആവശ്യമില്ല. അതുപോലെതന്നെ ഇന്ന് നിലവിലുള്ള അദ്ധ്യാപകരിൽ ഒരു വിഭാഗത്തെയെങ്കിലും ഉപയോഗിക്കാൻകഴിയും. പിന്നെ ആവശ്യമുണ്ടെങ്കിൽ കുറെ പാർട്ട്ടൈം അദ്ധ്യാപകരെക്കൂടി നിയമിച്ചു മുന്നോട്ടുപോകാൻ കഴിയും. പുതിയ കമ്മിററ്മെൻറ് ഉണ്ടാവുകയില്ല. കാലാന്തരത്തിൽ സംഖ്യ കുറയുകയാണെങ്കിൽ ഇത് ഒരു ബാദ്ധ്യതയായി അവശേഷിക്കുകയുമില്ല. അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിക്കണമെന്ന് മാത്രമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

സ്വകാര്യകോളേജുകളിൽ പുതിയതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് സർവ്വകലാശാലയുടെ അംഗീകാരം എന്ന ഒരു കൈച്ചീട്ടു കിട്ടേണ്ടതായിട്ടുണ്ട്. ഇതു കിട്ടാത്തതിൻെറ പേരിൽ വർഷങ്ങളോളം ശമ്പളം ലഭിക്കാതിരിക്കുന്ന അദ്ധ്യാപകരുണ്ട്. ഒരു വർഷവും ഒന്നരവർഷവും കാലമായി ഇവർക്ക് ശമ്പളം ലഭിക്കുന്നില്ല. ഒരു കോളേജ് അദ്ധ്യാപകന് കോളേജിൽ പോകാനും കൈയ്യുള്ള ചെലവ് നമുക്ക് കണക്കാക്കാം. ഇന്നത്തെ വിലനിലവാരംവച്ചുകൊണ്ട് കണക്കുകൂട്ടിനോക്കിയാൽ.. ....

(തടസ്സം)

ഒരുമാസം ശമ്പളം കിട്ടാതിരുന്നാൽ തന്നെ ആ തുക ....

(തടസ്സം)

ഈ അദ്ധ്യാപകർക്ക് എന്തുമാത്രം ബുദ്ധിമുട്ടുണ്ടാകുന്നു എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. എനിക്ക് പറയാനുള്ളത് ഒരു കൃത്യസമയത്തിനുള്ളിൽ ഈ അദ്ധ്യാപകർക്ക് അംഗീകാരം കൊടുക്കണം എന്നാണ്. അതല്ലെങ്കിൽ നിങ്ങൾക്ക് അംഗീകാരം തരികയില്ല എന്ന് പറയാനുള്ള ചങ്കൂററം സർവ്വകലാശാല കാണിക്കണം. ഓടുകയുമില്ല, പിടികൊടുക്കുകയുമില്ല എന്ന നയമാണ് ഇപ്പോൾ സർവ്വകലാശാലയുടേത്. അംഗീകാരം കൊടുക്കാമെന്ന് പറയുകയില്ല കൊടുക്കുകയില്ലെന്നും പറയുകയില്ല. മനഃപൂർവ്വം വച്ചുതാമസിപ്പിക്കുന്ന ഈ പ്രക്രിയ അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കൊക്കെ ചെറിയ തോതിലെങ്കിലും ആർ. എസ്. എസ്. ൻെറ നുഴഞ്ഞുകയററം ഉണ്ടായിട്ടുണ്ട്. അതിൽ കുറെയൊക്കെ ചില അദ്ധ്യാപകർക്കും പങ്കുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ആർ. എസ്. എസ് ൻെറ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫിൽട്രേഷൻ തടയണം. ലെഷർ ടൈമിലും ഫ്രീയായിട്ടുള്ള അവസരങ്ങളിലുമൊക്കെ ലഘുലേഖകൾ പ്രചരിപ്പിക്കുക തുടങ്ങിയ പ്രക്രിയകൾ നടക്കുന്നുണ്ട്. അതിനെപ്പററി നാം ബോധവാൻമാരാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു; ഒരിക്കൽകൂടി ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. യു. എ. ബീരാൻ: സർ, വിദ്യാഭ്യാസവകുപ്പിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ വളരെ സന്തോഷത്തോടുകൂടി പിൻതാങ്ങുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തെ വരുമാനത്തിൽ വളരെ ഗണ്യമായ ഒരുതുക ചെലവഴിക്കുന്ന വളരെ വിപുലമായ ഒരു വകുപ്പാണ് വിദ്യാഭ്യാസവകുപ്പ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ഈ വകുപ്പിന്റെ പ്രശ്നങ്ങൾ വളരെയധികം വിപുലമാണ്, സങ്കീർണ്ണമാണ്. ആ വസ്തുത എല്ലാവർക്കും നന്നായി അറിയാം. വളരെയധികം പ്രശ്നസങ്കീർണ്ണമായിരുന്ന, ഒരു ഈജിയൻ തൊഴുത്തായിരുന്ന, ഈ വകുപ്പ് വൃത്തിയാക്കിയത് ശ്രീ. സി. എച്ച്. മുഹമ്മദുകോയയാണ് എന്നുപറഞ്ഞ ആളുകൾ, ഒരു കുത്തഴിഞ്ഞ പുസ്തകമായിരുന്ന ഈ വകുപ്പ് അദ്ദേഹം കുത്തിക്കെട്ടി ഭംഗിയാക്കി എന്നുപറഞ്ഞ ആളുകൾ, ഇന്ന് അദ്ദേഹത്തെ വ്യക്തിപരമായി ആക്ഷേപിക്കുന്നുവെങ്കിൽ അതിന്റെ കാരണം വ്യക്തമാണ്; അത് രാഷ്ട്രീയമായ കാരണങ്ങളാണ്. അതുകൊണ്ട് ഞാൻ അതിനൊന്നും മറുപടി പറയാനാഗ്രഹിക്കുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. എ. പി. കുര്യൻ വേറെ ചില കാര്യങ്ങൾ പറഞ്ഞു. വളരെക്കാലമായി ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഈ വകുപ്പു തുടർച്ചയായി ഒരു സ്വകാര്യവസ്തുപോലെ കൈകാര്യം ചെയ്തുപോരുന്നു എന്ന് അദ്ദേഹം പറഞ്ഞു. സർ, വളരെ വർഷങ്ങളായി ഈ വകുപ്പ് അദ്ദേഹം കൈകാര്യം ചെയ്തുപോരുന്നതിന്റെ ഫലമായി എന്തെല്ലാം പുരോഗതി ഇവിടെ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുനിഷ്ഠമായി ഒന്ന് അവലോകനം ചെയ്യേണ്ടതായിട്ടുണ്ട്. അതുമാത്രമല്ല, അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ചിത്രവുമായി അതു തട്ടിച്ചുനോക്കുകയും വേണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ സാക്ഷരതയുടെ ശതമാനം വർദ്ധിച്ചു; കേരളം മാതൃകായോഗ്യമായ സംസ്ഥാനമായി ഉയർന്നു. മാത്രമല്ല നമ്മുടെ ഈ കൊച്ചു സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്നതുകൊണ്ട് നമുക്ക് ഈ രംഗത്തു വളരെയധികം മുൻപോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശകതത്വങ്ങളിൽ, 45-ാം വകുപ്പിൽ 1960-നു മുൻപ് പ്രൈമറിസ്കൂൾ പ്രായപരിധിയിൽപ്പെട്ട എല്ലാ കുട്ടികൾക്കും നിർബന്ധിതവും സാർവ്വത്രികവും സൗജന്യവുമായ പ്രാഥമികവിദ്യാഭ്യാസം നൽകുമെന്നു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, ഇത്രയുമായിട്ടും, ആ പ്രഖ്യാപനം 95 ശതമാനം വരെയെങ്കിലും ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടുള്ള ഏകസംസ്ഥാനം ശ്രീ. സി. എച്ച്. മുഹമ്മദുകോയ വിദ്യാഭ്യാസമന്ത്രിയായി ഭരിക്കുന്ന ഈ കേരളം മാത്രമാണ് എന്നുള്ളത് അദ്ദേഹത്തിന്റെ എതിരാളികൾ, അദ്ദേഹത്തെ ആക്ഷേപിക്കുന്ന ആളുകൾ, മനസ്സിലാക്കണം എന്നാണ് എനിക്കുപറയാനുള്ളത്. അങ്ങനെയിരിക്കെ ശ്രീ. ആർ. സുന്ദരേശൻ നായർ പ്രൈമറിവിദ്യാഭ്യാസത്തെ സംബന്ധിച്ചു പറഞ്ഞതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല സർ. അതുപോലെതന്നെ വിദ്യാഭ്യാസമന്ത്രിയുടെ പാർട്ടിയെപ്പററി, അല്ലെങ്കിൽ പാർട്ടിയിലെ ആളുകളെപ്പററി, അല്ലെങ്കിൽ 'ഉപജാപകസംഘ' ത്തെപ്പററി ശ്രീ. കുര്യൻ പറഞ്ഞതിന്റെ ഒന്നുംതന്നെ അർത്ഥം ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അദ്ദേഹത്തിനു വ്യക്തമായി ആവക സംഗതി

LIBRARY ARCHIVES Kerala Legislative Assembly

കളെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷണം നടത്താം എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഞാൻ അതിനെപ്പററി ഒന്നുംപറയുന്നില്ല. ശ്രീ. ആർ. സുന്ദരേശൻ നായർ ഒരാരോപണം കൊണ്ടുവന്നിട്ടുള്ളത് വളരെ രസാവഹമായതാണ്. സർ, സ്കൂളുകൾ കൊടുത്തതിനെസംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹംതന്നെ അദ്ദേഹത്തിനാവശ്യമുള്ള സ്ഥലത്ത് ഒരു സ്കൂൾ വേണമെന്നുപറഞ്ഞ് വിദ്യാഭ്യാസമന്ത്രിയുടെ വീട്ടിൽ പോയി സത്യാഗ്രഹം നടത്തിഎന്നും അതനുവദിക്കാൻ സാദ്ധ്യമല്ലെന്നു വിദ്യാഭ്യാസമന്ത്രി പറഞ്ഞു എന്നും പത്രത്തിൽ കണ്ടിരുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: അഡീഷണൽ ലിസ്ററ് ഉണ്ടാകാം, അപ്പോൾ പരിശോധിക്കാം, എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. യു. എ. ബീരാൻ: എല്ലാ ആളുകൾക്കും തൃപ്തികരമായ നിലയിൽ പുതിയ സ്കൂളുകൾ കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എത്ര സ്കൂൾ വേണമെന്നുപറഞ്ഞാണ് സത്യാഗ്രഹം നടത്തിയത്?

ശ്രീ. യു. എ. ബീരാൻ: അറിയില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: ആവശ്യമുള്ള സ്ഥലങ്ങളിൽ; സർവേ ആഫീസർ ശുപാർശചെയ്ത സ്ഥലങ്ങളിൽ വേണമെന്നാണ്.

ശ്രീ. യു. എ. ബീരാൻ: അദ്ദേഹം ആവശ്യപ്പെട്ട സ്കൂളുകൾ കിട്ടാത്തതുകൊണ്ടുള്ള ആക്ഷേപമായിരിക്കും. അതിനെപ്പററി ഞാൻ ഒന്നും പറയുന്നില്ല. സ്കൂളുകൾ കൊടുക്കുന്ന കാര്യത്തിൽ ചില തത്വങ്ങളും ചില മാനദണ്ഡങ്ങളും അടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ട്. മലയോരപ്രദേശങ്ങൾക്കും സ്കൂളുകളില്ലാത്ത പിന്നോക്ക പ്രദേശങ്ങൾക്കും മുൻഗണന നൽകികൊണ്ടുള്ള ഒരു സ്കൂൾ പട്ടികയാണ് തയ്യാറാക്കിയിട്ടുള്ളത്.

(തടസ്സം)

ശ്രീ. പി. കരുണാകരൻ: ബഹുമാനപ്പെട്ട എൻ. പി. മൊയ്തീനും സിറിയക് ജോണും സി. പി. ഗോവിന്ദൻ നമ്പ്യാരും സ്കൂൾ ലിസ്ററിനെപ്പററി ഒരു പ്രസ്താവന നടത്തിയത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ: സർ. ഈ സ്കൂളുകൾ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളേയും തൃപ്തിപ്പെടുത്തുകയെന്നുള്ളത് ഒരിക്കലും സാദ്ധ്യമല്ല. അങ്ങനെയാണെങ്കിൽ 300 സ്കൂളുകൾക്കു പകരമായി 1500 സ്കൂളുകൾ തുടങ്ങിയാലും എല്ലാവരേയും തൃപ്തിപ്പെടുത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. അത്രയ്ക്ക് വളരെയേറെ ബൃഹത്താണ് ആവശ്യം. അതുകൊണ്ട് ആവശ്യപ്പെട്ട സ്ഥലങ്ങളിൽ സ്കൂളുകൾ കിട്ടാത്തതുകൊണ്ടുള്ള പരാതിക്കാരുടെ പരിതാപകരമായ പരിഭവങ്ങളെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല.

സർ, ശ്രീ. രാമൻ പറഞ്ഞ ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പിന്നോക്ക ജനവിഭാഗങ്ങൾക്ക് ഈ ഗവൺമെൻറ് വളരെയേറെ മുൻഗണന നൽകുന്നുണ്ടെന്നുള്ള കാര്യം ബഡ്ജററ് പരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ത്തന്നെ അറിയാൻകഴിയും. പിന്നോക്ക ജനവിഭാഗങ്ങൾക്കുവേണ്ടി വളരെയധികം തുക നീക്കിവച്ചിട്ടുണ്ട്. ഈ കഴിഞ്ഞ സ്കൂൾ വർഷത്തിൽ ഗിരിജനങ്ങൾക്കു മാത്രമായി 21 സ്കൂളുകൾ ഗവൺമെൻറ് അനുവദിച്ചു. അങ്ങനെ പിന്നോക്കം നിൽക്കുന്ന പാവപ്പെട്ട ആളുകൾക്കുവേണ്ടി വളരെയധികം നല്ലകാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് ഈ ഗവൺമെൻറിന് തീർച്ചയായും അഭിമാനിക്കാവുന്നതാണ്.

സർ, ശ്രീ. സുന്ദരേശൻ നായർ വലിയൊരു ആരോപണമായി ഇവിടെ കൊണ്ടുവന്നത് ഈ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാഭ്യാസം കൊടുക്കാൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയക്ക് കഴിയുന്നില്ലെന്നുള്ളതാണ്. അതിന് ആർക്കാണ് സാധിക്കുക? ഇൻഡ്യയിൽ ആകെയുള്ള വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഉള്ള ഒരു തകരാറാണ് ഇവിടെയും ഉള്ളത്. അത് മാറിയെങ്കിൽ മാത്രമേ അതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളു. ഈ കൊല്ലം നമ്മുടെ എസ്. എസ്. എൽ. സി.ക്ക് എത്ര കുട്ടികളാണ് പരീക്ഷയ്ക്ക് ഇരുന്നത്. ശരാശരി 3 ലക്ഷം വിദ്യാർത്ഥികൾ പരീക്ഷയ്ക്കിരിക്കുമ്പോൾ, ഒന്നര ലക്ഷത്തിലധികം കുട്ടികൾ പാസ്സാകുമ്പോൾ ഏതാണ്ട് 50-60 ആയിരം കുട്ടികൾക്ക് മാത്രമാണ് പ്രീ ഡിഗ്രിക്ക് പഠിക്കാനുള്ള സൗകര്യമുള്ളത്. അതിന് ആർക്കാണ് പരിഹാരം ഉണ്ടാക്കാൻ കഴിയുക. നമ്മുടെ രാജ്യത്ത് പൊതുവിൽ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ എല്ലാ പ്രശ്നങ്ങളും ശരിക്കു കൈകാര്യം ചെയ്തുകൊണ്ടുള്ള ശരിയായ ഒരു ദേശീയ വിദ്യാഭ്യാസനയം ഉണ്ടായേതീരു. പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവന അദ്ദേഹം ഇവിടെ ഉദ്ധരിച്ചു. അദ്ദേഹത്തിന്റെ പ്രസ്താവനയുടെ താഴെ വേറൊരു കാര്യം കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന് ആവശ്യമുള്ള ഭാഗം മാത്രമാണ് അദ്ദേഹം വായിച്ചത്. ഈ ജനതാഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇൻഡ്യയിൽ ഒരു ദേശീയ വിദ്യാഭ്യാസനയം ആവിഷ്കരിക്കുന്നതിനുവേണ്ടിയുള്ള വളരെയധികം ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് എന്നു പറയുന്നുണ്ടെങ്കിലും ഇതുവരെയായിട്ടും അങ്ങനെയുള്ള ഒരു നയം ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന്ചെയ്യും, നാളെചെയ്യുമെന്ന് വിദ്യാഭ്യാസ മന്ത്രിയും പ്രധാനമന്ത്രിയും പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ളതല്ലാതെ ഇന്നുവരെയായിട്ടും കഴിഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്ത് ആകെ 2500 കോടി രൂപ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുമ്പോൾ അതിൽ 60 ശതമാനവും കേവലം 30 ശതമാനം വരുന്ന ഉന്നത വിഭാഗത്തിന്റെ ചെലവിനുവേണ്ടിയാണ് പോവുന്നത്. അത് ജനതാപാർട്ടിയിലെ ആളുകൾ തന്നെ വളരെയധികം ആക്ഷേപസ്വരത്തിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ശ്രീ. സുന്ദരേശൻനായർ ഇവിടെ പറയുന്നത് കേരളത്തിലുള്ള മുഴുവൻ കുട്ടികളേയും കോളേജിലയക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. അതിന് അടിസ്ഥാനപരമായി വിദ്യാഭ്യാസനയത്തിൽ മാററം വരുത്തിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. ഇൻഡ്യ ഒട്ടാകെ ഒരു വിദ്യാഭ്യാസനയം വേണമെന്നാണ് പറയുന്നത്. 10+2+3 എന്ന സമ്പ്രദായം. അങ്ങനെവരുമ്പോൾ കേരളത്തിൽ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഇവിടെ പ്രീഡിഗ്രി പഠിപ്പിക്കുന്ന ജൂനിയർ കോളേജുകൾ ഹയർ സെക്കൻററി സ്കൂളുകളായി മാററണമെന്നാണ് ആവശ്യപ്പെടുന്നത്. 10-ാം തരം വരെയുള്ള ഹൈസ്കൂൾ വിദ്യാഭ്യാസവും 12-ാം തരം വരെയുള്ള ഹയർ സെക്കൻററി വിദ്യാഭ്യാസവും പിന്നെ 3 കൊല്ലത്തേക്ക് കോളേജു വിദ്യാഭ്യാസവും ആയി 10+2+3 എന്നരീതിയിൽ സാർവത്രികമാക്കണമെന്ന് നിർബന്ധിക്കുകയാണ്. ഈ രീതി സ്വീകരിക്കുകയാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകും. ഈ കുട്ടികളെയെല്ലാം കോളേജിൽ അയച്ചതുകൊണ്ട് എന്ത് ഫലമാണുള്ളത്? ഇവിടെ 12 ലക്ഷം തൊഴിലില്ലാത്ത ആളുകൾ ഉണ്ട്. അതിൽ കാൽ ലക്ഷത്തോളം പോസ്റ്റ് ഗ്രാഡ്വേറ്റ്സ് ആണ്. ഇനിയും ഇങ്ങനെ വിദ്യാഭ്യാസം കിട്ടിയിട്ട് തൊഴിലില്ലാതാകുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുകയാണ്. അതിനു മാററമുണ്ടായേ തീരൂ. 2 സ്റേറജിൽ അത് ഒക്കേഷണലൈസ് ചെയ്യണം. എന്നിട്ട് തൊഴിലധിഷ്ഠിതമാക്കിക്കൊണ്ട് വെർട്ടിക്കലായിട്ടുള്ള മൊബിലിററി നിറുത്തണം. കുറെ അധികം ആളുകളെ ഗ്രാഡ്വേററ്സ് ആക്കുന്നതിനു പകരം ഹയർ സെക്കൻററി എഡ്യൂക്കേഷൻ ടെർമിനൽ എക്സാമിനേഷൻ ആയി നിർത്തിയിട്ട് അവർക്ക് എന്തെങ്കിലും തൊഴിൽ ഉണ്ടാക്കാനുള്ള പരിപാടിവേണം. സംസ്ഥാന ഗവൺമെൻറ് മാത്രം വിചാരിച്ചാൽ സാധിക്കുന്ന ഒന്നാണോ അത്? നമ്മുടെ രാജ്യത്തിൻെറ സാമ്പത്തിക രാഷ്ട്രീയ നയത്തിൻെറ ഭാഗമായി ഉള്ളതാണ്. ഇവിടെ എസ്. എസ്. എൽ. സി. പാസാകുന്ന മുഴുവൻ കുട്ടികൾക്കും കോളേജ് വിദ്യാഭ്യാസം നൽകാൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയക്ക് സാദ്ധ്യമല്ലെന്ന് ആക്ഷേപിക്കുന്നത് ശരിയല്ല. അത് നമ്മുടെ നയത്തിൻെറ തകരാറാണ്. ഈ സംസ്ഥാനത്തിൻെറ മാത്രമല്ല, ഇൻഡ്യാരാജ്യത്തൊട്ടാകെ ഉള്ള നയത്തിൻെറ തകരാറാണ്. അത് പരിഹരിച്ചെങ്കിൽ മാത്രമേ നമുക്ക് അതിനു പരിഹാരം കാണാൻ സാധിക്കുകയുള്ളു.

സർ, നമ്മുടെ വിദ്യാഭ്യാസനയത്തിൽ ചില മാററങ്ങൾ ആവശ്യമാണ്. വിദ്യാഭ്യാസവകുപ്പ് പുനഃസംഘടിപ്പിക്കേണ്ടതാവശ്യമാണ്. ടീച്ചർ-സ്ററുഡൻറ് റേഷ്യോ ഉണ്ട്. എന്നാൽ ഈ വിഭാഗങ്ങൾ തമ്മിലുള്ള ബന്ധത്തിൻെറ കണക്ക് പരിശോധിക്കുമ്പോൾ വളരെയധികം പരിതാപകരമാണെന്നു കാണാൻ കഴിയും. അതെല്ലാം വ്യത്യാസപ്പെടുത്തിക്കൊണ്ട് നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ വലിയൊരു അഴിച്ചുപണി ആവശ്യമാണ്. ബഡ്ജററ് കൊണ്ടുവരുമ്പോൾ കൊല്ലംതോറും വലിയൊരു തുക അതിനുവേണ്ടി മാററിവയ്ക്കുന്നതായി കാണാൻ കഴിയും. നമ്മുടെ വരുമാനത്തിൻെറ ഗണ്യമായ ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുമ്പോൾ കൃഷിവകുപ്പ്, വ്യവസായവകുപ്പ് തുടങ്ങിയ മററുള്ള ഡിപ്പാർട്ടുമെൻറുകളുമായി തട്ടിച്ചുനോക്കുമ്പോൾ അവിടെയെല്ലാം ധാരാളമായി ഡയറക്ടർമാരേയും അസിസ്ററൻറ് ഡയറക്ടർമാരേയും അതുപോലുള്ള ഉദ്യോഗസ്ഥൻമാരേയും എല്ലാം വർദ്ധിപ്പിക്കുമ്പോൾ അതിനനുസരിച്ച് ഇവിടെ വർദ്ധനവുണ്ടാവുന്നില്ല. ഇവിടെ അദ്ധ്യാപകൻമാരുടെ എണ്ണമാണ് അതനുസരിച്ച് കൂടുന്നത്. 1000 കണക്കിന് സ്കൂളുകൾക്ക് കെട്ടിടങ്ങൾ ഇല്ല. കെട്ടിടങ്ങൾ സൗകര്യമില്ലാത്തതുകൊണ്ട് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഇല്ല. അതിനാവശ്യമായ പണം കാണാൻ വളരെയധികം ബുദ്ധിമുട്ടികൊണ്ടിരിക്കുകയാണ്.

സർ, കേന്ദ്രവിദ്യാഭ്യാസനയത്തെക്കുറിച്ച് മിനിഞ്ഞാന്ന് പത്രങ്ങളിൽ കാണാൻ കഴിഞ്ഞു. വിദ്യാഭ്യാസത്തിൽ നികുതിപിരിക്കാൻ പോവുകയാണെന്നു കണ്ടു. അങ്ങനെ എന്തെങ്കിലും ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുകയും വിദ്യാഭ്യാസവകുപ്പിൻെറ പുനഃസംഘടന അടിയന്തിരമായി നടത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യണമെന്നാണ് എനിക്കുപറയാനുള്ളത്. ഇന്നത്തെ നിലയിൽ വിദ്യാഭ്യാസത്തിൻെറ മേൽ അദ്ധ്യക്ഷൻമാരായി വരുന്ന ഡി. ഇ. ഒ. മാർ, ജില്ലാതലത്തിൽ വരുന്നത് സീനിയറായ പ്രായം ചെന്ന സ്ത്രീകളാണ്. അദ്ധ്യാപകരായിരുന്ന വളരെ വയസ്സായ ആളുകളാണ്. ഈ സ്ഥിതി മാററി ചെറുപ്പക്കാരായ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ഡി. ഇ. ഒ. മാരായും എ. ഇ. ഒ. മാരായും വരുന്നതിനുള്ള ഏർപ്പാട് വേണം. ഡയറക്റ്റ് ആയിട്ട് റിക്രൂട്ട് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പരിശോധനാ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തണം. അതാണ് ആവശ്യമായിട്ടുള്ളത്. അതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാകണം. എഡ്യൂക്കേഷൻ റീ ഓർഗനൈസേഷനുവേണ്ടിയുള്ള സ്കീം ഗവൺമെൻറിൻെറ മുമ്പിൽ ഉണ്ട്. അതിന് സാമ്പത്തികമായ ബുദ്ധിമുട്ട് ഉണ്ടെങ്കിലും ബഡ്ജററിൽ കാലാകാലങ്ങളിൽ അതിനുവേണ്ടി പണം നീക്കിവയ്ക്കുന്നുണ്ട്. എവിടെയാണ് തടസ്സമെന്ന് മനസ്സിലാകുന്നില്ല. തടസ്സം ഒഴിവാക്കിക്കൊണ്ട് ഇതിനെല്ലാം പരിഹാരം ഉണ്ടാക്കണം.

സർ, ആർ. ഡി.ഡി. ഓഫീസുകൾ നിർത്തലാക്കിക്കൊണ്ട് ഓരോ ജില്ലയിലും പ്രത്യേകിച്ച് ഭരണപരമായ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാരെ ഡി. ഇ. ഒ. മാരായി നിശ്ചയിക്കുകയും വിദ്യാഭ്യാസ ജില്ലകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടു ഡി. ഇ. ഒ. മാരെ നിയമിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. എ. ഇ. ഒ. മാരുടെ അധികാരം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ അവർക്ക് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ എണ്ണം ചുരുക്കുകയും പരിശോധക വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അതിനുവേണ്ടി ചെലവാക്കുന്ന പണം പരിമിതപ്പെടുത്തണമെന്നുള്ളതാണ് ഇന്ന് പൊതുവിലുള്ള നയം. ശരിയാണ്. അതേസമയം കൂടുതൽ കോളേജുകൾ വേണ്ട, യൂണിവേഴ്സിററികൾ വേണ്ടെന്നുള്ള പൊതുവായ നയം അംഗീകരിക്കുന്നു. എങ്കിലും ചില പിന്നോക്ക പ്രദേശങ്ങൾ ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് തന്നെ ചില ഇംബാലൻസ്സ് ഉണ്ട്. അത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. പ്രത്യേകിച്ചും വടക്കൻ മേഖലകളിലും മലബാർ പോലുള്ള പ്രദേശങ്ങളിലും ചില അസൗകര്യങ്ങൾ ഉണ്ട്. അവിടെ പുതുതായി കോളേജുകൾ ആവശ്യമാണ്. തിരൂർപോലുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകൾ ആവശ്യമാണ്. അവിടെ അനുവദിക്കപ്പെട്ടിട്ടുള്ള ഗവൺമെൻറ് കോളേജുകൾക്ക് ശരിയായ കെട്ടിടങ്ങൾ ഇല്ല. മലപ്പുറത്തുള്ള ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണയിലുള്ള കോളേജ് തുടങ്ങിയവ കെട്ടിട സൗകര്യമില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുകയാണ്. അതിന് പരിഹാരം ഉണ്ടാകണം.

സർ, മുസ്ലീം പെൺകുട്ടികൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പ് പദ്ധതി ഉണ്ട്. വളരെ ചുരുങ്ങിയ സംഖ്യ മാത്രമാണ് കൊടുക്കുന്നത്. അതു തന്നെയും അപ്പർ പ്രൈമറി സ്കൂളിലും ഹൈസ്കൂളിലും ഉള്ള കുട്ടികൾക്ക് മാത്രമാണു കൊടുക്കുന്നത്. ആ സംഖ്യ വളരെ അപര്യാപ്തമാണ്. അത് വർദ്ധിപ്പിക്കുകയും കോളേജുകളിലെ കുട്ടികൾക്കുകൂടി നൽകിക്കൊണ്ട് പിന്നോക്കവിഭാഗത്തിൻെറ വിദ്യാഭ്യാസപരമായ പുരോഗതിക്ക് സഹായകരമായ നയം സ്വീകരിക്കുകയും ചെയ്യണമെന്ന് മാത്രമാണ് എനിക്കു പറയാനുള്ളത്.

സർ, ഇവിടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതിയെപ്പററി പറഞ്ഞു. ആ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെൻറിന് പരിപൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അതിൽ കേന്ദ്രത്തിൻെറ ഇടപെടൽ ഉണ്ടാകാൻ പാടില്ല. അതിനുള്ള പദ്ധതികൂടി ആവിഷ്ക്കരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker in the chair]

1 p. m. ശ്രീ. ഇ. നാരായണൻ നായർ: സർ, 194½ കോടി രൂപയോളം ചെലവുവരുന്ന ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. എതിർത്തുകൊണ്ടു സംസാരിക്കുമ്പോൾ അപ്പുറത്തുള്ളവർ വിചാരിക്കും, സ്കൂൾ ചോദിച്ചിട്ട് കൊടുക്കാത്തതുകൊണ്ടാണ് ശുപാർശക്കുപോയിട്ട് കിട്ടാത്തതുകൊണ്ടാണ് എന്ന്. ഒരു സ്കൂളിനുവേണ്ടിയും ഒരു മന്ത്രിയുടെ അടുത്തും ഞാൻ ശുപാർശക്കു പോയിട്ടില്ല. പിന്നെ എനിക്കുള്ള പരാതി ഒരു കടലാസ് ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതി അയച്ചാൽ അതിനുള്ള മറുപടി കിട്ടുന്നില്ലായെന്നുള്ളതാണ്. ഒരു കടലാസ് കിട്ടിക്കഴിഞ്ഞാൽ അതിനുള്ള മറുപടി അയക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പോ പ്രൈവററ് സെക്രട്ടറിയോ മര്യാദ കാണിക്കണം എന്നൊരപേക്ഷയുണ്ട്. കുത്തഴിഞ്ഞു കിടന്നിരുന്ന ഒരു വകുപ്പിനെ ശ്രീ.സി. എച്ച്. മുഹമ്മദുകോയ ശരിയാക്കിയിരിക്കുന്നുവെന്ന് ശ്രീ. കെ. എ. മാത്യു ഇവിടെ പറയുകയുണ്ടായി. ഈ കാര്യം സ്വകാര്യം പറഞ്ഞാൽ പ്രതിപക്ഷങ്ങളും സമ്മതിക്കും എന്ന്. മാസ്ററരേ സ്വകാര്യം പറയേണ്ട. സ്വകാര്യം പറഞ്ഞപ്പോൾ സ്ഥിതി എന്താണെന്നറിയാമോ ? സ്ഥിതി ആകെ മാറി. എം. എൽ. എ. എന്ന നിലയ്ക്കുള്ള ശമ്പളവും, കോളേജിൽനിന്നും പ്രിൻസിപ്പൽ എന്ന നിലയ്ക്കുള്ള ശമ്പളവും ഒന്നിച്ചുവാങ്ങാനുള്ള എക്സംപ്ഷൻ ബഹുമാനപ്പെട്ട മന്ത്രി അടുത്ത ദിവസം മാസ്ററർക്ക് കൊടുത്തിരിക്കുന്നുവെന്നാണ് അറിയുന്നത്.

കോഴിക്കോട്ട് ആയിരത്തോളം തുന്നൽ ടീച്ചേഴ്സിന്റെ പോസ്ററിലേക്ക് പി. എസ്. സി. ആപ്ലിക്കേഷൻ ക്ഷണിക്കുകയും ടെസ്ററ് നടത്തുകയും ചെയ്തുവെങ്കിലും ഇതേവരെ നിയമനം നടത്തിയിട്ടില്ല. എങ്ങനെ നിയമനം നടത്തുവാൻ സാധിക്കും? അവർക്ക് അഡ്വൈസ് കാർഡ് കിട്ടിയപ്പോൾ സ്പെഷ്യലിസ്ററുകളെ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. സ്വകാര്യം പറഞ്ഞിട്ടാ ഇപ്രകാരം സംഭവിച്ചത്. 1970 മുതൽ സ്പെഷ്യലിസ്ററ് ടീച്ചേഴ്സിനെ നിയമിക്കരുതെന്നു പറഞ്ഞുകൊണ്ട് തീരുമാനമുണ്ടായിരുന്നിട്ടും ഓരോന്നായി as a special case എന്നു പറഞ്ഞുകൊണ്ട് നിയമനം നടത്തിക്കഴിഞ്ഞു. അങ്ങനെ നിരവധി കേസ്സുകളുണ്ട്. ഇൻഡ്യയിൽ വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന സ്റേററാണ് നമ്മുടെ സ്റേററ് എന്ന് അവകാശപ്പെടാം, അതുപോലെതന്നെ അഭ്യസ്തവിദ്യരായ തെണ്ടികളെ കൂടുതൽ സൃഷ്ടിക്കുന്ന സ്റേററാണ് കേരളം എന്നും നമുക്ക് അവകാശപ്പെടാം. കുത്തഴിഞ്ഞ പുസ്തകം പോലെ കിടന്ന വകുപ്പ് സമർത്ഥമായി കൈകാര്യം ചെയ്തു എന്നുപറയുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് ചോദിക്കുവാനുള്ളത്, ഒരു അനൗദ്യോഗിക പ്രമേയത്തിന്റെ ചർച്ച വന്നപ്പോൾ പറഞ്ഞ കാര്യത്തെക്കുറിച്ചാണ്. അന്ന് അദ്ദേഹം പറയുകയുണ്ടായി, എല്ലാ സ്കൂളുകളിലും ക്രാഫ്ററ് ടീച്ചേഴ്സ് ഉണ്ടെന്നും അവർക്ക് ശമ്പളവും കൊടുക്കുന്നുണ്ടെന്ന്. ക്രാഫ്ററിന് ഒരു പീരിയഡ് ഉണ്ട്. നെയ്യുന്ന മഗ്ഗം ഫിററ് ചെയ്തിട്ടുണ്ട്. ഫൈബർ വാങ്ങി സൂക്ഷിച്ചിട്ടുണ്ട്; കുട്ടികളെ ജോലി പഠിപ്പിക്കുവാൻ. ലക്ഷക്കണക്കിനു രൂപ ഇവർക്ക് ശമ്പളവും കൊടുക്കുന്നുണ്ട്. 8-ാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഒരു ദിവസത്തിൽ ഒരു പീരിയഡ് എങ്കിലും അല്ലെങ്കിൽ ഒരാഴ്ചയിൽ ഒന്നോ രണ്ടോ പീരിയഡ് എങ്കിലും ക്രാഫ്ററ് പഠിപ്പിച്ചാൽ പത്താംക്ലാസിൽനിന്നും പുറത്തുവരുന്ന കുട്ടികൾക്ക് ഉദ്യോഗത്തിനുവേണ്ടി തെണ്ടിനടക്കുന്ന സന്ദർഭത്തിൽ എന്തെങ്കിലും ജോലി ചെയ്യാൻ സാധിക്കുമായിരുന്നു. അഖിലേന്ത്യാടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിലവാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാററം വരുത്താനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുംവേണ്ടി കോടിക്കണക്കിനു രൂപ ചെലവഴിക്കുംപോലെ ഇതിനു സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ ആവശ്യമില്ല. ഇന്നുള്ള സംവിധാനം കൊണ്ടുതന്നെ ക്രാഫ്ററ് ടീച്ചേഴ്സിനെ നിശ്ചയിച്ചുകൊണ്ട് ആ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ മുമ്പോട്ടുപോകാൻ സാധിക്കും. എസ്. എസ്. എൽ. സി ബുക്കുമായി പുറത്തുവരുന്ന കുട്ടികാംക്ക് എന്തെങ്കിലും തൊഴിൽ ചെയ്യാനുള്ള സാദ്ധ്യതയും അറിവും സമ്പാദിച്ചുകൊടുക്കുവാൻ സാധിക്കും. പത്തു കൊല്ലംകൊണ്ട് കുത്തഴിഞ്ഞു കിടന്നിരുന്ന പുസ്തകത്തെ ശരിയാക്കിയെടുത്ത വിദ്യാഭ്യാസമന്ത്രി എന്തുകൊണ്ട് ഇതു ചെയ്തില്ല.

മറെറാന്നു പറയാനുള്ളത്, ജനപങ്കാളിത്തത്തെക്കുറിച്ചാണ്. ഞങ്ങടം ഒന്നിച്ചുനിന്നപ്പോടം ജനപങ്കാളിത്തത്തെക്കുറിച്ചു പറഞ്ഞു. സ്വകാര്യമേഖലയിൽ സ്കൂടം കൊടുക്കുന്നത് പ്രോൽസാഹിപ്പിച്ചുകൂടാ എന്നു പറഞ്ഞു. ഒരു യു. പി. സ്കൂളിന് 1 ഏക്കർ സ്ഥലവും 25,000 രൂപയും പൊതുജനങ്ങളിൽനിന്നും സംഭാവനയായി പിരിച്ചുകൊടുത്താൽ ഹൈസ്കൂളും അതുപോലെ തന്നെ സ്കൂളിന്റെ ഷെഡ്ഡും ഫർണിച്ചറും സ്ഥലവും കൊടുത്താൽ എൽ. പി. സ്കൂളും കൊടുക്കാമെന്നു തീരുമാനിച്ചു. എന്റെ നിയോജക മണ്ഡലത്തിൽതന്നെ 50,000 ത്തിൽപരം രൂപ ഉണ്ടാക്കിയിട്ട് അതു ട്രഷറിയിൽ കെട്ടിവച്ചിട്ട് ഇന്നും അവിടെതന്നെ കിടക്കുകയാണ്. സ്കൂടം കെട്ടിടത്തിനാവശ്യമായ നടപടി ഇതേവരെ ഉണ്ടായിട്ടില്ല.

പൊതുജന പങ്കാളിത്തത്തോടുകൂടി 6 കോളേജുകടം സ്ഥാപിച്ചു. ചാലക്കുടി, ആററിങ്ങൽ, കണ്ണൂർ, പെരിന്തൽമണ്ണ, കൊയിലാണ്ടി, പേരാമ്പ്ര എന്നീ സ്ഥലങ്ങളിൽ. കൊയിലാണ്ടിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, ഒന്നര ലക്ഷം രൂപ നാട്ടുകാരിൽനിന്നും പിരിച്ചുണ്ടാക്കി. കോളേജിൽ അടിക്കുവാനുള്ള ബെല്ലും സ്റേറഷനറിയും വരെ വാങ്ങിച്ചുകൊടുത്തിട്ട് 25 ഏക്കർ സ്ഥലം ഇനിയും കൊടുക്കണം. ഇതിന്റെ പ്രൊസീഡിംഗ്സിനു വേണ്ടി വിദ്യാഭ്യാസ സെക്രട്ടറിക്ക് എഴുതി. എങ്ങനെയാണ് ഈ സ്ഥലം ഏൽപ്പിച്ചുതരേണ്ടത്. ആർക്കാണ് ആധാരം എഴുതിക്കൊടുക്കേണ്ടത്. ഗവർണ്ണർക്കാണോ, വിദ്യാഭ്യാസ സെക്രട്ടറിക്കാണോ എന്നു ചോദിച്ചിട്ട് 9 മാസമായിട്ടും മറുപടി കിട്ടിയിട്ടില്ല. അവസാനം പറയുകയാണ് അത് ദാനമായി എഴുതിക്കൊടുത്താൽ മതിയെന്ന്. സഹകരണ സംഘത്തിന്റെ സ്ഥലമാണ്. സഹകരണസംഘത്തിന്റെ സ്ഥലം വിൽക്കണമെങ്കിൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിന്റെ അനുവാദം വേണം. അതിനുവേണ്ടി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിലേക്കെഴുതി അവിടെനിന്നും കിട്ടിയ മറുപടി ലയബിലിററി ഉണ്ടെങ്കിൽ തീർക്കണം എന്നുള്ളതാണ്. 47,000 രൂപയുടെ ലയബിലിററി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിനുണ്ട്. 52,000 രൂപയാണ് സ്ഥലത്തിനു വിലകൊടുക്കുവാൻ തീരുമാനിച്ചത്. ഗവൺമെൻറാണ് വില തീരുമാനിച്ചത്. ഇതെല്ലാം ചെയ്തിട്ടും സ്ഥലം ഏറെറടുക്കുവാനുള്ള പ്രൊസീഡിംഗ്സ് ഒന്നര കൊല്ലമായിട്ടും പൂർത്തിയായിട്ടില്ല. എന്നിട്ടും മന്ത്രിയുടെ കാലുപിടിക്കുവാൻ പോയിട്ടില്ല. ഇക്കാര്യത്തിൽ ധിക്കാരത്തോടുകൂടി, അഹങ്കാരത്തോടുകൂടിയാണ് മന്ത്രി പെരുമാറുന്നത്.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെക്കുറിച്ച് പ്രതിപക്ഷത്തുള്ളവർ സംസാരിക്കുമ്പോടം പറയും, അന്ധമായി എതിർക്കുന്നുവെന്ന്. അന്ധമായി എതിർക്കുന്നതല്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള എതെങ്കിലും ഓഫീസിൽ എം. എൽ. എ. മാർ ചെന്നാൽ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും ഒരു കത്ത് അയച്ചാൽ മറുപടി തരാത്ത ഡിപ്പാർട്ടുമെൻറാണ് ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ഡിപ്പാർട്ടുമെൻറ് എന്നു രേഖാമൂലം തെളിയിക്കുവാൻ സാധിക്കും. എൻെറ കൈയിൽ ഇതിനുവേണ്ടി നടത്തിയ നിവേദനങ്ങളുടെ കെട്ടുണ്ട്. അതു കൊണ്ടുവരണമെങ്കിൽ ചുമട്ടുകാരെ വിളിക്കണം. അതാണ് സ്ഥിതി.

പി. എസ്. സി. വഴിയാണ് ടി. ടി. സി. ക്കു കുട്ടികളെ സെലക്റ്റ് ചെയ്യുന്നത്. സെലക്ഷൻ കഴിഞ്ഞാൽ പിന്നീട് ഇവരെ നിയമിക്കേണ്ടതും പി. എസ്. സി. ആണ്. പി. എസ്. സി. സെലക്ട് ചെയ്തുകഴിഞ്ഞാൽ പിന്നെ രണ്ടാമത് ടെസ്ററിൻെറ ആവശ്യമില്ല. വി. ഇ. ഒ. മാരെ സെലക്ട് ചെയ്യുന്നത് പി. എസ്. സി. ആണ്. വീണ്ടും അവർക്ക് റിട്ടൺ ടെസ്ററ് വയ്ക്കുന്നില്ല. ടി. ടി. സി. യെ സംബന്ധിച്ചിടത്തോളം ട്രെയിനിംഗ് കഴിഞ്ഞാൽ നിയമിക്കുന്നതിന് വീണ്ടും ടെസ്ററ് വേണം എന്നു പറയുന്നതു ശരിയല്ല. ആയിരത്തോളം ടി. ടി. സി. പാസ്സായ അദ്ധ്യാപകരെ എംപ്ലോയ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ട്. 8 മാസം തുടർച്ചയായി ജോലി ചെയ്താൽ വെക്കേഷൻ സാലറിക്ക് അവർ അർഹരാണെന്നു കെ. ഇ. ആർ.-ൽ പറയുന്നുണ്ട്. 9 മാസം ആയപ്പോഴേക്കും പിരിച്ചു വിടുകയാണ്. അവർക്ക് വെക്കേഷൻ സാലറി കൊടുക്കുന്നില്ല. ഇവരെ സ്ഥിരപ്പെടുത്തുവാനുള്ള ഏർപ്പാടോ പി. എസ്. സി. വഴി നിയമനം നടത്താനുള്ള ഏർപ്പാടോ ചെയ്തിട്ടില്ല. എന്നാൽ അൺ ട്രെയിൻഡ് ടീച്ചേഴ്സിനെ നിശ്ചയിച്ചുകൊണ്ടിരിക്കുകയാണ്.

ടീച്ചേഴ്സ് യൂണിയൻെറ പ്രസിഡൻറ് ശ്രീ. സുകുമാരനുണ്ണി സംസാരിച്ചപ്പോഴെങ്കിലും അദ്ധ്യാപകരുടെ കാര്യങ്ങളെക്കുറിച്ചു പറയുമെന്നു വിചാരിച്ചു. അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തെക്കുറിച്ച് പറയുമ്പോൾ 51 കുട്ടികളുണ്ടെങ്കിൽ ഒരു ഡിവിഷൻ തുടങ്ങാമെന്നും 91 കുട്ടികൾ ഉണ്ടെങ്കിൽ 2 ഡിവിഷൻ തുടങ്ങാമെന്നും പറയുന്നുണ്ട്. 50 കുട്ടികളെവരെ ഒരു അദ്ധ്യാപകൻ പഠിപ്പിക്കേണ്ട ഗതികേട് വരുന്നു. അതേ സ്ഥലത്തു തന്നെ മററു പല പേരിലും അതായത് മററു പല വിഷയങ്ങളും പഠിപ്പിക്കേണ്ട അദ്ധ്യാപകർ ചുമ്മാതിരുന്ന് ശമ്പളം വാങ്ങുന്ന ഏർപ്പാടുണ്ട്. ഇന്ന് എല്ലാ സ്കൂളുകളിലും ഇത് നടക്കുന്നുണ്ട്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കുറയ്ക്കണം എന്നാണ്. 41 കുട്ടികൾക്ക് ഒരു ഡിവിഷനും 71 കുട്ടികൾ ഉണ്ടെങ്കിൽ 2 ഡിവിഷനും ഉണ്ടാക്കണം.

ശ്രീ. കണിയാപുരം രാമചന്ദ്രൻ സംസാരിച്ചപ്പോൾ പറയുകയുണ്ടായി, സാംസ്കാരികവകുപ്പ് വിദ്യാഭ്യാസ വകുപ്പിൽനിന്നും മാററി മറെറാരു സെക്ഷൻ രൂപീകരിക്കണമെന്ന്. അതിനോടു ഞാനും യോജിക്കുകയാണ്. എന്നാൽ അതൊരു കോർപ്പറേഷനാക്കി മാററരുതെന്നും അതിൻെറ ചെയർമാനായി ശ്രീ. കണിയാപുരം രാമചന്ദ്രനെ നിയമിക്കരുതെന്നും അപേക്ഷയുണ്ട്. പിന്നെ അദ്ദേഹം സംസാരിച്ചപ്പോൾ മറെറാരു കാര്യവും പറയുകയുണ്ടായി. അതായത് ശ്രീ. സേവ്യർ അറയ്ക്കലിൻെറ പാർട്ടി 30 കൊല്ലക്കാലം ഭരിച്ചിട്ട് എന്തുകൊണ്ട് ഇതൊന്നും ചെയ്തില്ലയെന്ന്. ശ്രീ. ആൻറണിയുടെ പാർട്ടിയെ തള്ളിക്കളഞ്ഞു എന്നാണ് തോന്നുന്നത്. ശ്രീ. സേവ്യർ അറയ്ക്കലിൻെറ പാർട്ടിയെ മാത്രമേ ശ്രീ. കണിയാപുരം രാമചന്ദ്രൻ കണ്ടിട്ടുള്ളോ ? ശ്രീ. ആൻറണിയുടെ കമ്പനി ആ പാർട്ടിയിൽ ആയിരുന്നു എന്നുള്ള കാര്യം ശ്രീ. കണിയാപുരം രാമചന്ദ്രൻ അംഗീകരിക്കുന്നില്ലേ? മറെറാരു കാര്യം കുട്ടികളുടെ യൂണിഫോം വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന സമ്പ്രദായത്തെക്കുറിച്ചാണ്. യൂണിഫോമിന്റെ തുണി ഈ രാജ്യത്തെ സകല സഹകരണ സംഘങ്ങളിലും കെട്ടിക്കിടക്കുകയാണ്. ഒന്നിനുംകൊള്ളാത്ത തുണിയാണ്. സ്കൂളിൽ കൊടുക്കുന്ന ഈ തുണിക്കു മാർക്കററിൽ വില കുറവാണ്. കുറച്ചുവിലയ്ക്ക് മാർക്കററിൽ കിട്ടുന്ന തുണി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിച്ച് വിതരണം ചെയ്തിട്ട് ഇന്ന് ഓരോ സഹകരണ സംഘങ്ങളെക്കൊണ്ടും അടിച്ചേൽപ്പിച്ചിരിക്കുകയാണ്. വാങ്ങിച്ചിരിക്കുകയാണ്. യൂണിഫോമിന്റെ തുണി കുറേക്കൂടി കുറഞ്ഞവിലയ്ക്ക് പൊതു മാർക്കററിൽ കിട്ടാനുണ്ട്.

മററൊരു കാര്യം പാഠപുസ്തകത്തിന്റെ പ്രശ്നമാണ്. കുത്തഴിഞ്ഞത് ശരിയാക്കി, ശരിയാക്കിയതിന്റെ കഥകളിലേക്ക് ഞാൻ കടക്കുന്നില്ല. ഫോട്ടോ അയിലയും ഫോട്ടോ മത്തിയുമൊക്കെ കിട്ടിയ സ്ഥലമാണ് ഈ രാജ്യം. കുത്തഴിഞ്ഞതു നന്നാക്കി നന്നാക്കി മൽസ്യമാർക്കററിൻ ഫോട്ടോമത്തിയും ഫോട്ടോ അയിലയും വിററഴിഞ്ഞ സ്ഥലമാണ് ഈ കേരളം. പാഠപുസ്തകങ്ങളുടെ കാര്യത്തിൽ എല്ലാകൊല്ലവും സമയത്തിനു വിതരണം ചെയ്യുമെന്ന് സ്റേററുമെൻറ് തരും. സമയത്തിന് ശരിക്കു വിതരണം ചെയ്യാറില്ല. സ്റേററിലെ ബഡ്ജററിൽ നാൽപതു ശതമാനത്തിലധികം സംഖ്യയും ചെലവാക്കുന്നത് കാര്യപ്രസക്തമായ വിധത്തിൽ അല്ല. വളരെക്കാലമായി കൈകാര്യം ചെയ്തു തഴമ്പിച്ച ഒരു വലിയ പരിചയ സമ്പന്നനാണ് എനിക്ക് ഈ കാര്യം ഈസി ആണെന്നുള്ള നിലയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ധാരാളം അപാകതകരം ഉണ്ടാകുന്നു. ഒരു പ്രശ്നം പരിഹരിക്കുമ്പോരം നിരവധി പ്രശ്നങ്ങരം ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടാകുന്നുണ്ട്. അതെല്ലാം പരിഹരിക്കുന്നുണ്ടെന്നുള്ളതു സമ്മതിക്കാം. ഒരു പ്രശ്നം പരിഹരിക്കുന്നത് നിരവധി പ്രശ്നങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. ഈ ഡിപ്പാർട്ടുമെൻറിലെ ഓരോ പ്രശ്നങ്ങളും പരിശോധിച്ച് പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, വിശാലമായ വിദ്യാഭ്യാസ വകുപ്പിലെ അനവധി പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശിക്കൊണ്ടും പ്രയോജനപ്രദമായ മാർഗ്ഗ നിർദ്ദേശം നൽകികൊണ്ടും ബഹുമാനപ്പെട്ട മെമ്പർമാർ ചെയ്ത പ്രസംഗത്തിന് എനിയ്ക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. കൂട്ടത്തിൽ ആരോപണങ്ങളുടെ ചെളി തെറിപ്പിക്കാൻ ചില മെമ്പർമാർ മറന്നുപോയിട്ടില്ല. പക്ഷേ അത് വളരെയൊന്നും ഉണ്ടായിരുന്നില്ല. ''മത്തേഭൻ പാംസുസ്നാനം കൊണ്ടല്ലോസന്തോഷിപ്പൂ'' എന്നാണ് ചൊല്ല്. ചിലർക്ക് ആരോപണങ്ങളുടെ ചെളി തെറിപ്പിക്കാതിരുന്നാൽ ഉറക്കം വരില്ല. അവർക്ക് സുഷുപ്തി നിഷേധിക്കാൻ ഞാൻ ഇപ്പോരം ഉദ്ദേശിക്കുന്നില്ല. അതിനെയെല്ലാം അഗണ്യമായി തള്ളിക്കളയുകയാണ്. കാര്യമായ ഒരു ആരോപണവും വന്നിട്ടില്ല. എന്റെ സ്നേഹിതൻ ശ്രീ. എ. പി. കുര്യൻ, എ. ഇ. ഒ മമ്മദുകുഞ്ഞ് പണം പിരിക്കാൻവേണ്ടി അയച്ച ഒരു സർക്കുലർ കൊണ്ടുവരികയുണ്ടായി. ഞങ്ങളുടെ നാട്ടിൽ ഒരാരം കഞ്ഞിവച്ച് വാർന്നിരുന്നു. കഞ്ഞിവച്ച് വാർന്നു കിടക്കുമ്പോരം ഒരു ഹരിജൻ കുട്ടി അമ്മേ ഒരു വററുകിട്ടി എന്നു പറഞ്ഞു. അതുപോലെ ബഹുമാനപ്പെട്ട കുര്യന് ഒരു വററുകിട്ടി. എന്താണ് ആരോപണം ? ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെയില്ല. എന്നെപ്പററിയാണ് ആരോപണമെന്നുപോലും പറയുന്നില്ല. സ്പെഷ്യൽ സെക്രട്ടറി ഫൈനാൻസ് ആൻറ് മിനിസ്ററർ എന്നാണ്. ഏത്

LIBRARY ARCHIVES Kerala Legislative Assembly

മിനിസ്ററർ എന്നുപോലും പറഞ്ഞിട്ടില്ല. ആകെ തെളിഞ്ഞത് എന്താണ്? വി. ഐ. പി. യ്ക്ക് കൊടുക്കാൻവേണ്ടി അദ്ദേഹം പണം പിരിച്ചു വെന്നാണ്. മന്ത്രിമാരുടെ സെക്രട്ടറിയാണ്, പി. എ. ആണ്, മന്ത്രിമാർ തന്നെയാണ് എന്നൊക്കെപറഞ്ഞ് നമ്മുടെനാട്ടിൽ എന്തെല്ലാം തട്ടിപ്പുകളാണ് നടക്കുന്നത്. ആ മാതിരിയുള്ള തട്ടിപ്പ് ഗൗരവപൂർവ്വം വീക്ഷിച്ച്.......

ശ്രീ. എ. പി. കുര്യൻ: തട്ടിപ്പ് നടത്തിയെന്നു പറയുന്ന ഉദ്യോഗസ്ഥൻ അങ്ങയുടെ ഡിപ്പാർട്ടുമെൻറിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനാണ്. ഇതു സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി അയാളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എനിക്ക് യാതൊരു മടിയുമില്ല. എൻെറ ഡിപ്പാർട്ടുമെൻറിൽപെട്ട ഉദ്യോഗസ്ഥൻ ഇങ്ങനെ പിരിച്ചുവെന്നു പറഞ്ഞാൽ അതിനെതിരായി നടപടിയെടുക്കാൻ എനിക്ക് മടിയില്ല. ഈ രാജ്യത്ത് കള്ളനോട്ട് അടിയ്ക്കുന്നില്ലേ ? കള്ളക്കത്തുകൾ അയയ്ക്കുന്നില്ലേ ? അതുപോലെ ആരോ ചെയ്തതിന് ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻ തന്നെ ഒപ്പിട്ട് അയച്ച് പണം പിരിച്ചുവെന്ന് എൻെറ പേരിലുള്ള അഴിമതിയാരോപണമായി കിട്ടിപ്പോയിയെന്ന് വിളമ്പേണ്ടിയിരുന്നില്ല കുര്യൻ എന്നു മാത്രമേ എനിക്ക് പറയാനുള്ളു.

സ്കൂളുകൾ അനുവദിച്ചതിനെ സംബന്ധിച്ച് പറയട്ടെ. എൻെറ പാർട്ടിയും ഞാനും സ്കൂളുകൾ അനുവദിക്കുന്നതു സംബന്ധിച്ച് പണം വാങ്ങിയെന്ന് ആരോപണമുന്നയിച്ചു. 600 സ്കൂളുകളിൽ കുറഞ്ഞ് ഒരിക്കലും വിതരണം ചെയ്തിട്ടില്ല. ഈ കൊല്ലം സാമ്പത്തികമായ കാരണങ്ങളാൽ മുന്നൂറ് സ്കൂളുകളേ അനുവദിക്കുവാൻ കഴിഞ്ഞുള്ളു. സിംഹഭാഗവും ഇടുക്കി, മലപ്പുറം ജില്ലകളിലാണ് അനുവദിച്ചത്. അതുകൊണ്ട് മററ് ഭാഗങ്ങളിലുള്ളവർക്ക് ആക്ഷേപം ഉണ്ടാവുക സ്വാഭാവികമാണ്. സ്കൂളുകൾ അനുവദിച്ചതിൽ അതിനെതിരായി അപേക്ഷ ഡി. പി. ഐ. ക്ഷണിച്ചിട്ടേയുള്ളു. ആ സ്കൂളുകൾ അവിടെ ആവശ്യമില്ലെങ്കിൽ അതിനെതിരായി പരാതി കൊടുക്കാനുള്ള സമയം 4-ാം തീയതിയാണ്. ഡി. പി. ഐ. ഞങ്ങൾക്ക് റിപ്പോർട്ട് തരാനുള്ളത് 4-ാം തീയതിയാണ്. അത് കഴിഞ്ഞതിനുശേഷമാണ് മാനേജുമെൻറിന് അപേക്ഷ അയയ്ക്കാൻ. അതെല്ലാം കഴിഞ്ഞിട്ടാണ് ഇങ്ങനെയൊരു ആരോപണം കൊണ്ടുവരേണ്ടത്. അപ്പോൾ അസംബ്ലി ഉണ്ടാവുകയില്ലല്ലോയെന്നു വിചാരിച്ച് ഇപ്പോൾ തന്നെ '' മാൻ വന്നാൽ കൊണ്ടോട്ടെ എന്നുപറഞ്ഞ് നേരത്തേ വെടിവയ്ക്കുന്നതു'' പോലെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ശരിയായില്ലെന്നാണ് എനിക്കു പറയാനുള്ളത്. എല്ലാവർക്കും തൃപ്തികരമായനിലയിൽ സ്കൂളുകൾകൊടുക്കാൻ കഴിയാത്തിടത്തോളംകാലം ആരോപണങ്ങളുണ്ടാകും. പല മെമ്പർമാരും സ്കൂളുകൾ വേണമെന്ന് പറഞ്ഞ് മന്ത്രിക്ക് എഴുതിയിട്ടുണ്ട്. ഡി. പി. ഐ. ഓഫീസിലെ ഉദ്യോഗസ്ഥൻമാരും സർവ്വേ ഉദ്യോഗസ്ഥൻമാരും ഉണ്ടാക്കിയ ഒരു ലിസ്ററാണ് പ്രസിദ്ധപ്പെടുത്തിയത്. അതുകഴിഞ്ഞ് ഗവൺമെൻറ് അതിനുള്ള അപേക്ഷകൾ ക്ഷണിച്ച് ആക്ഷേപങ്ങൾ മാനേജുമെൻറ് ക്ഷണിക്കുമ്പോൾ പുറപ്പെടുവിക്കേണ്ടുന്ന ഒരു ആരോപണം നേരത്തേ പുറപ്പെടുവിച്ചത് ശരിയായില്ലെന്നാണ് പറയാനുള്ളത്.

ശ്രീ. എം. വി. രാഘവൻ: സർവ്വേ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും സ്കൂളുകൾ അംഗീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വേ റിപ്പോർട്ട് തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തു കഴിഞ്ഞിട്ടില്ല. ഡി. പി. ഐ. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. വേറൊരു ആക്ഷേപമുണ്ട്. വളരെ കുറച്ച് സമയമേയുള്ളു. പ്രസംഗത്തിൽ ഇന്ററപ്റ്റ് ചെയ്യുന്നത് ശരിയായിരിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാമല്ലോ 'വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം ബന്ധം വിനാ വിശക്കുന്നു നമുക്കതു് സഹിച്ചുകൂടാ' എന്ന്. അതുകൊണ്ട് ഇന്ററപ്റ്റ് ചെയ്യരുത് എന്ന് ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മറുപടി പറയാനുള്ള പ്രയാസം കൊണ്ടല്ല. ഈ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽ പെടുത്താനുണ്ട്. വിദ്യാഭ്യാസത്തിന്റെ പോരായ്മകളുടെ കൂട്ടത്തിൽ ഏററവും പ്രധാനമായി പറഞ്ഞത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇല്ലെന്നാണ്. ബഹുമാനപ്പെട്ട മാത്യു വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ആളാണ്. അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നത് പ്രധാനമായിട്ടും സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വിപുലമായ തോതിൽ മാററങ്ങൾ വരുത്താനും വിപുലമായ രീതിയിൽ സാങ്കേതിക വിദ്യാഭ്യാസം നടത്താനുമാണ്. ആ തരത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം പെരുകി വരികയാണെന്ന് ശ്രീ. നാരായണൻ നായർ പറഞ്ഞു. ഞാൻ ഭരിക്കുന്ന കേരളത്തിൽ മാത്രമാണ് അഭ്യസ്തവിദ്യർക്കു തൊഴിലില്ലായ്മയുള്ളതെന്നും വേറെ പലരും ഭരിക്കുന്ന സ്ഥലങ്ങളിൽ അഭ്യസ്തവിദ്യർ തൊഴിലോടുകൂടി പാലും തേനും ഒഴുക്കി നടക്കുകയാണെന്നു തോന്നും ശ്രീ. നാരായണൻ നായരുടെ വിവരം കണ്ടാൽ. വിവരമോ വിവരക്കേടോ എന്തായാലും അതെക്കുറിച്ചൊന്നും പറയുന്നില്ല. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. എന്റെ പാർട്ടി പന്ത്രണ്ടു കൊല്ലം ഭരിച്ചുവെന്നുള്ളത് നേരാണ്. ഞാൻ അതിനിടയ്ക്ക് നാലുകൊല്ലവും പിന്നെ ഒരു കൊല്ലവും ഇവിടെ ഇല്ലായിരുന്നുവെന്നുള്ളതും നേരാണ്. അതുകൊണ്ട് ഈ സംഗതികൾ ഉണ്ടാകുന്നുവെന്ന് പറയുന്നത് 'കാകതാലീയ ന്യായം' പോലെയാണ്. കാക്ക വന്നിരിക്കുകയും അപ്പോൾ തന്നെ പനമ്പഴം വീഴുകയും ചെയ്താൽ കാക്ക വന്നിരുന്നതുകൊണ്ടാണ് പനമ്പഴം വീണതെന്നുള്ള വാദം പോലെയാണ് ഇത് വിദ്യാഭ്യാസവകുപ്പിൽ എന്തുചെയ്യണമെന്ന് ആരും നിർദ്ദേശിച്ചിട്ടില്ല.

ശ്രീ. എം. വി. രാഘവൻ: നിങ്ങളുടെ പാർട്ടിയ്ക്ക് ഉത്തരവാദിത്വമില്ലെന്നാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സാധാരണയായി മനസ്സിലാകുന്ന ആളുകൾക്കൊക്കെ മനസ്സിലാകും. ശ്രീ. രാഘവന് മനസ്സിലാക്കി കൊടുക്കുകയെന്നു പറയുന്നത് നടക്കുന്ന കാര്യമാണോ ? ഞാൻ വിദ്യാഭ്യാസ മന്ത്രിയായിരിക്കാനല്ലാതെ എം. വി. രാഘവന് വിദ്യാഭ്യാസം ഉണ്ടാക്കാൻ തീരുമാനിച്ചിട്ടില്ല. അതിന് ഇപ്പോൾ മുതിരുന്നുമില്ല. പലരും നിർണ്ണായകമായ നിർദ്ദേശം വച്ചു, ഈ പ്രശ്നം വളരെസങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഡി. പി. ഐ. ചെയർമാനായി, +2 എന്തു ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാനായി ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. നാരായണൻ നായർ പറഞ്ഞതുപോലെ ചൂടി പിരിക്കുന്നതും അതുപോലുള്ള നെയ്ത്തുമൊക്കെ പഠിപ്പിച്ചുകൊടുത്തിട്ട് വിദ്യാർത്ഥികൾ ക്രാഫ്റ്റ് പഠിച്ചിട്ട് എല്ലാവരും ചൂടിയും പിരിച്ച് നടക്കുകയാണോ? ഡി. പി. ഐ. ചെയർമാനായി ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കമ്മിററി + 2 വൊക്കേഷണലൈസേഷൻ സ്കീമിന്റെ കാര്യം പരിശോധിക്കുന്നതാണ്. പക്ഷേ ഇതിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്തു തന്നെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ചില തൊഴിലധിഷ്ഠിത കോഴ്സ് നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ് ഏകദേശം രണ്ടുകോടി രൂപയുടെ പുതിയ കോഴ്സ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്പർ പ്രൈമറി സ്റ്റേജിലുള്ളത്, ഹൈസ്കൂൾ തലത്തിലുള്ളത്, ജെ. ടി. എസ്. കോഴ്സ്, പോസ്ററ് എസ്. എസ്. എൽ. സി. തലത്തിലുള്ള സർട്ടിഫിക്കററ് ആൻറ് ഡിപ്ലോമ കോഴ്സ്, പോസ്ററ് ഡിപ്ലോമ + ഡിഗ്രി തലത്തിലുള്ള കോഴ്സ്, പ്രി വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ, ജെ. ടി. എസ്സിനോടനുബന്ധിച്ചുള്ള പുതിയ സെൻററുകൾ ഇതൊക്കെ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയതായി നാല് ജെ. ടി. എസ്. തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. അവ വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ സ്ഥലങ്ങളിലാണ് തുടങ്ങുന്നത്. കഴിഞ്ഞകൊല്ലം പുതുതായിതുടങ്ങിയ എട്ടു കോഴ്സുകൾക്കു പുറമേ 13 പുതിയ കോഴ്സുകൾകൂടി ഈ വർഷം ജെ. ടി. എസ്.-ൽ തുടങ്ങണമെന്നു ഗവൺമെൻറ് ഉദ്ദേശിക്കുന്നു. വ്യാവസായിക സ്കൂളുകളും എഞ്ചിനീയറിംഗ് സർട്ടിഫിക്കററ് സ്ഥാപനങ്ങളും അഭിവൃദ്ധിപ്പെടുത്തണമെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം 16 വ്യാവസായിക സ്കൂളുകൾക്കും 10 സർട്ടിഫിക്കററ് ലെവലിൽ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. ഒരു ജില്ലയിൽ ഏററവും കുറഞ്ഞത് പത്തെണ്ണമെങ്കിലും തുടങ്ങാനുള്ള നടപടികൾ എടുത്തു വരികയാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുവേണ്ടി കേരള വൊക്കേഷണൽ എഡ്യൂക്കേഷൻ ബില്ലിന്റെ കരടുരൂപം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതു ഈ സഭയുടെ മുൻപാകെ വരുന്നതാണ്. പോസ്ററ് എസ്. എസ്. എൽ. സി. കഴിഞ്ഞ കൊല്ലം പ്രഖ്യാപിച്ചതുപോലെ 9 ഹ്രസ്വകാല കോഴ്സുകൾ തുടങ്ങാൻ അനുമതി കൊടുത്തിട്ടുണ്ട്. ഈ കൊല്ലം പോളിടെക്നിക്കുകളിലും ജെ. ടി. എസിലും അതു ആരംഭിക്കുന്നതാണ്. അതുപോലെ ഡിപ്ലോമ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഡൈവേഴ്സിഫൈഡ് കോഴ്സ് തുടങ്ങുന്നതിനുമാണ് കഴിഞ്ഞ വർഷം ശ്രദ്ധ പതിപ്പിച്ചത്. അങ്ങനെ കോട്ടയത്തെ പോളിടെക്നിക്കിൽ പോളിമർടെക്നോളജിയും തിരുവനന്തപുരത്ത് വി. എസ്. എസ്. സി. തുമ്പായുടെ സഹായത്തോടുകൂടി ഫൈബർ റീ ഇൻഫോഴ്സ് സർട്ടിഫിക്കററ് കോഴ്സും തുടങ്ങുകയുണ്ടായി. ഈ കൊല്ലം പാലക്കാടും ഇടുക്കിയിലും ഓരോ പോളിടെക്നിക്കുകൾ തുടങ്ങാൻ നടപടികൾ എടുത്തുവരുന്നുണ്ട്. അതിനുപുറമേ കാഞ്ഞങ്ങാട് പോളിടെക്നിക്കിൽ കമേഴ്സ്യൽ പ്രാക്ടീസും ഡിപ്ലോമായും തുടങ്ങാൻ നടപടികൾ ആരംഭിച്ചിരിക്കുന്നു. ഈ രംഗത്ത് പ്രധാന സ്കീം ഡയറക്ട് സെൻട്രൽ അസിസ്ററൻസ് സ്കീമാണ്. കേന്ദ്രത്തിന്റെ 75 ശതമാനം സഹായം കിട്ടും. അതനുസരിച്ച് തിരുവനന്തപുരം, പന്തളം, തിരൂർ, കളമശ്ശേരി പോളിടെക്നിക്കുകളിലും വേറെ നാലു എഞ്ചിനീയറിംഗ് കോളേജുകളിലുമായി ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെൻററുകൾ ആരംഭിക്കാൻ പരിപാടി ഇട്ടിട്ടുണ്ട്. 31 ലക്ഷം രൂപയോളം ചെലവുവരുന്ന ഈ സ്കീം കൊണ്ട് ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമല്ല പുറമേയുള്ള അഭ്യസ്തവിദ്യർക്കും മററു സ്ഥാപനങ്ങൾക്കും ഗുണമുണ്ട്. കേരളത്തിലുള്ള മൂന്നു പോളിടെക്നിക്കുകൾ കമ്മ്യൂണിററി പോളിടെക്നിക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗ്രാമ വികസനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് ഗ്രാമീണർക്ക് സാങ്കേതിക വിജ്ഞാനം നൽകുന്ന ലക്ഷ്യം വച്ചു

കൊണ്ട് ഈ പരിപാടിയനുസരിച്ചുള്ള പദ്ധതിക്ക് മുഴുവൻ ചെലവും, 15 ലക്ഷം രൂപയും കേന്ദ്രം വഹിക്കുന്നതാണ്. ഇതൊക്കെയാണ് സാങ്കേതിക വിദ്യാഭ്യാസത്തിന് ശ്രദ്ധ ചെലുത്തുന്നില്ലെന്ന് ശ്രീ. സേവ്യർ അറയ്ക്കൽ തൊട്ട് എല്ലാ മെമ്പർമാരും പറഞ്ഞതിന് മറുപടിയായി എനിക്ക് പറയാനുള്ളത്. വിദേശത്ത് ഏററവുമധികം തൊഴിൽ സാദ്ധ്യത തെളിഞ്ഞുകാണുന്ന ഒരു ക്രാഫ്ററാണ് ഫുഡ്ക്രാഫ്ററ്. കളമശ്ശേരിയിൽ ഒരു ഫുഡ്ക്രാഫ്ററ് ഇൻസ്ററിട്യൂട്ടുണ്ട്. അതിന്റെ എക്സ്ററൻഷൻ സെൻറർ കോഴിക്കോട്ടും അതു കഴിഞ്ഞാൽ പിന്നീട് തിരുവനന്തപുരത്തും തുടങ്ങണമെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ കൊല്ലം കമ്പ്യൂട്ടർ ടെക്നോളജിയിലും കമ്പ്യൂട്ടർ പ്രോഗ്രാമിലും ഹ്രസ്വകാല കോഴ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ കൊല്ലം തിരുവനന്തപുരത്തെ എഞ്ചിനീയറിംഗ് കോളേജിൽ ഒരു കമ്പ്യൂട്ടർ സ്ഥാപിച്ചിരുന്നു. അതിന്റെ തുടർച്ച എന്നോണം തിരുവനന്തപുരത്തും തൃശൂരുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുപുറമേ ചില പ്രധാന വകുപ്പുകളിൽ എം. എസ്. സി. ക്ക് പാർട്ട് ടൈം കോഴ്സ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. അപ്ലൈഡ് റിസർച്ച് സെൻറർ, ഫണ്ടമെൻറൽ ടെക്നിക്കൽ ലൈബ്രറി ഡോക്കുമെന്റേഷൻ സെൻറർ, കണ്ടിന്യുയിംഗ് എഡ്യൂക്കേഷൻ സെൻറർ മുതലായ കേന്ദ്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിലെ ഏതെങ്കിലും ഒരു എഞ്ചിനീയറിംഗ് കോളേജിനെ ഐ. ഐ. ററി. നിലവാരത്തിലേക്ക് ഉയർത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. അതും ശ്രീ. സേവ്യർ അറയ്ക്കൽ ഇവിടെ പറയുകയുണ്ടായി. എഞ്ചിനീയറിംഗിനും മെഡിസിനും മററുമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അററകുററ പണികൾ തീർക്കുന്നതിനുമായി സെൻട്രൽ ഇൻസ്ട്രുമെൻറൽ വർക്ക്ഷോപ്പ് സ്ഥാപിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള ലളിതകലാ അക്കാഡമി ഫൈൻ ആർട്ട്സ് കോളേജായി യൂണിവേഴ്സിററിയുമായി അഫിലിയേററ് ചെയ്യാനുള്ള എല്ലാ നടപടികളും എടുത്തുകഴിഞ്ഞു. കഴിഞ്ഞ കൊല്ലം 66 ലക്ഷം രൂപ നീക്കിവച്ചത് ഈ കൊല്ലം ഒന്നര മുതൽ രണ്ടു കോടി രൂപവരെ സാങ്കേതിക വിദ്യാഭ്യാസത്തിന് മാത്രമായി നീക്കിവച്ചത് ഇൻഡ്യയിലെ മററു സ്റേററുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നല്ലൊരു തുകയാണെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ സമ്മതിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

പിന്നെ ശ്രീ. മാത്യു ഇവിടെയൊരു സംഗതി പറഞ്ഞത്, പാരലൽ കോളേജുകളെക്കുറിച്ചാണ്. അതിൽ ഗ്ലോറിഫൈഡ് ട്യൂട്ടോറിയൽ കോളേജുകളുണ്ട്. ഈ കോളേജുകളെയൊക്കെത്തന്നെ, അതിന്റെ വളർച്ചയെ അനാരോഗ്യകരമായി പുഷ്ടിപ്പെടുത്താൻ അനുവദിച്ചുകൂടാ. അതിനു പകരമായി ഈവനിംഗ് ക്ലാസുകൾ ഗവൺമെൻറു കോളേജുകളിൽ ഏർപ്പെടുത്തണമെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനുവേണ്ട എല്ലാ നടപടികളും ഗവൺമെൻറു എടുത്തു കഴിഞ്ഞു. കഴിയുമെങ്കിൽ എല്ലാ ഗവൺമെൻറു കോളേജുകളിലും ഈവനിംഗ് കോളേജുകൾ ഏർപ്പെടുത്തണമെന്നാണ് ഗവൺമെൻറിന്റെ ഉദ്ദേശ്യം. അതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അങ്ങനെയൊരു നിർദ്ദേശം തന്നതിന് ഞാൻ അദ്ദേഹത്തിന് നന്ദി പറയുന്നു. നിർദ്ദേശം തരുന്നതിനു മുൻപുതന്നെ ഗവൺമെൻറ് ആ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. നിർദ്ദേശം ലഭിച്ച സ്ഥിതിക്ക് കൂടുതൽ ആ കാര്യത്തിൽ ശ്രദ്ധിക്കുന്നതാണ്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ വേവലാതിപ്പെട്ട മറെറാരു സംഗതി വിദ്യാഭ്യാസ റീ ഓർഗനൈസേഷനിൽ കാണിച്ച കാലതാമസത്തെക്കുറിച്ചാണ്. ആ കാലതാമസം കാണിച്ചത് തെററായിപ്പോയി എന്നു എനിക്കും അഭിപ്രായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പല കാരണങ്ങൾ കൊണ്ടും അങ്ങനെ വന്നു എന്നേയുള്ളൂ. സ്കൂൾ വിദ്യാഭ്യാസത്തിന് ഇപ്പോൾ കൊടുത്തിട്ടുള്ള സബ് ജില്ലകളുടേയും ജില്ലകളുടെയും പരിധി വളരെ വലുതാണെന്നും അതുപോലെതന്നെ ആർ. ഡി. ഡി. ആഫീസുകൾമാററി ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിലുള്ള ആഫീസുകളിൽ ഡി. ഇ. ഒ. മാർക്കുതന്നെ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, അദ്ധ്യാപകരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ചുമെല്ലാം തീരുമാനമെടുക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണെന്നും പറയുകയുണ്ടായി. അതിന്റെ പുനഃസംഘടനയ്ക്കുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു. വാസ്തവത്തിൽ അതിൽപ്പെട്ട ഒന്നായിരുന്നു ഡി. ഇ. ഒ. മാരെ നേരിട്ട് റിക്രൂട്ട് ചെയ്യുക എന്നുള്ളത്. അതിന് ഒരിക്കൽ പി. എസ്. സി. ശ്രമം നടത്തുകയുണ്ടായി. അന്നു അവർക്ക് നിശ്ചയിച്ചിരുന്ന ക്വാളിഫിക്കേഷൻ വളരെ വലുതായിപ്പോയി എന്നുള്ളതുകൊണ്ട് അതിന് ആളുകളെ കിട്ടുന്നില്ലെന്ന് പി. എസ്. സി. റിപ്പോർട്ട് ചെയ്തു. രണ്ടാമത് ഇവരെ തിരഞ്ഞെടുക്കാൻ ക്വാളിഫിക്കേഷൻ ഭേദപ്പെടുത്തിക്കൊണ്ട് പി.എസ്.സി. ക്ക് എഴുതിയിട്ടുണ്ട്. തീർച്ചയായും അതിനു വേണ്ടുന്ന നടപടികൾ ഗവൺമെന്റ് ചെയ്യുന്നതാണെന്നു ഞാൻ സഭയെ അറിയിക്കുകയാണ്.

പിന്നെയുള്ളത് ട്രാൻസ്ഫറിന്റെ കാര്യത്തിലാണ്. അത് വിദ്യാഭ്യാസമന്ത്രിയെ വളരെയധികം അലട്ടുന്ന ഒരു പ്രശ്നമാണ്. ഇതു യാന്ത്രികമായി നടത്തിയാൽ എന്താണ് ? ട്രാൻസ്ഫറിനുവേണ്ടി പണം വാങ്ങുന്നു എന്നു പറയുന്നത് ഞാൻ നിഷേധിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർമാരാണ് അധികവും ട്രാൻസ്ഫറിനുവേണ്ടി എന്റെ അടുക്കൽ വരുന്നതും എഴുതിത്തരുന്നതും. അവർ പണം വാങ്ങിയെന്ന് എനിക്ക് എങ്ങനെ പറയാൻ കഴിയും ? ഒരിക്കലും ഞാൻ പറയുകയില്ല. ട്രാൻസ്ഫർ വലിയൊരു പ്രശ്നമാണ്. അതിന് എങ്ങനെ പരിഹാരം കാണണമെന്നുള്ളതിനെക്കുറിച്ച് നമ്മളെല്ലാവരും കൂടിയിരുന്നു ആലോചിക്കാവുന്നതാണ്. യാന്ത്രികമായി സർവ്വീസിനനുസരിച്ച് ട്രാൻസ്ഫർ കൊടുക്കാൻ സാധിക്കുമോ ? പലരും എന്റെ അടുക്കൽ വന്നു പറയാറുണ്ട്, ഭർത്താവിന് ക്യാൻസർ ആണ് ഇല്ലെങ്കിൽ ആ കുട്ടിക്കുതന്നെ സുഖമില്ലെന്നു പറഞ്ഞാൽ എന്തു ചെയ്യും ? അതു കൊടുക്കേണ്ട എന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ യാന്ത്രികമായി ട്രാൻസ്ഫർ കൊടുക്കുന്നതിൽ ഏററവും കൂടുതൽ സന്തോഷിക്കുന്നതും ആരോഗ്യപരമായ നേട്ടം ഉണ്ടാകുന്നതും വിദ്യാഭ്യാസമന്ത്രിക്കായിരിക്കും. വാസ്തവത്തിൽ സ്പെഷ്യൽ ഓർഡർ ഒരുപാട് കൊടുത്തു എന്നു പറയുന്നുവല്ലോ. എട്ടു ട്രാൻസ്ഫർ നടത്തിയാൽ ഒന്നു മാത്രമേ സ്പെഷ്യൽ ട്രാൻസ്ഫർ കൊടുക്കാൻ പാടുള്ളൂ. അങ്ങനെ നിയമമുണ്ട്. ആകെ ഒരു ഡിസ്ട്രിക്ടിൽ എട്ടോ പത്തോ ഒഴിവു വരും. അപ്പോൾ ഒരു ഡിസ്ട്രിക്ടിൽ ഒന്നും ഒന്നരയും ഒഴിവാണ് സ്പെഷ്യൽ ആർഡർ പ്രകാരം കൊടുക്കാൻ കഴിയുന്നത്. ഈ ആവലാതികളെല്ലാം കേട്ടാൽ രോഗികളെല്ലാംകൂടി എങ്ങനെ ഈ വിദ്യാഭ്യാസ വകുപ്പിൽ അടിഞ്ഞുകൂടി എന്നു തോന്നിപ്പോകുകയാണ്. ഈ എട്ടിൽ ഒരു സ്പെഷ്യൽ ആർഡർ കൊടുക്കാൻ പാടില്ലെന്നു ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയാണെങ്കിൽ എനിക്കതിൽ യാതൊരു വിരോധവുമില്ല. അങ്ങനെയാണെങ്കിൽ അതിൽ ഏറെക്കുറെ സന്തോഷിക്കുന്നത് ഞാനും ഏറെക്കുറെ നിരാശപ്പെടുന്നത് വേറെ ആളുകളുമായിരിക്കും എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

സർ, പിന്നെ ഇവിടെ വന്നത് യൂണിവേഴ്സിററിയെ സംബന്ധിച്ചുള്ള ആരോപണങ്ങളാണ്. യൂണിവേഴ്സിററിയെ സംബന്ധിച്ചു വന്ന

LIBRARY ARCHIVES Kerala Legislative Assembly

ആരോപണം പരീക്ഷകടലാസ് പല സ്ഥലത്തുനിന്നും കിട്ടിയെന്നുള്ള താണ്. പഴയകാലത്ത് ബ്ലാങ്ക് പേപ്പേഴ്സ് പല സ്ഥലത്തുനിന്നും കിട്ടിയിട്ടുണ്ട്, കേരളത്തിനകത്തുനിന്നും പുറത്തുനിന്നും കിട്ടിയിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. പരീക്ഷ പേപ്പർ പല സ്ഥല ത്തുനിന്നും കിട്ടിയതിന് യൂണിവേഴ്സിററി നടപടി സ്വീകരിച്ചുവരുന്നു എന്നാണ് യൂണിവേഴ്സിററിയിൽനിന്നു കിട്ടിയ വിവരം. ഏതായാലും യൂണിവേഴ്സിററിയുടെ അക്കാഡമിക്കായ കാര്യങ്ങളിൽ ഗവൺമെൻറ് ഇട പെടുന്നത് ശരിയല്ല എന്നാണ് എൻെറ അഭിപ്രായം. മറിച്ച് സഭയ്ക്ക് അഭിപ്രായമുണ്ടെങ്കിലും യൂണിവേഴ്സിററി ഒരു ഗവൺമെൻറ് ഡിപ്പാർട്ടു മെൻറായി നടത്തിയാൽ പരീക്ഷനടത്താൻ കഴിയുകയില്ല എന്ന് എനിക്ക് അഭിപ്രായമില്ല. നാലഞ്ചു ലക്ഷം സ്കൂൾ ഫൈനൽ വിദ്യാർത്ഥി കളുടെ പരീക്ഷ ഗവൺമെൻറ് വളരെ കൃത്യമായി നടത്തി, യാതൊരു കുഴപ്പവുമില്ലാതെ. പക്ഷേ അതുകൊണ്ട് സർവ്വകലാശാലയുടെ ഭരണ ത്തിൽ നമ്മൾ കൈകടത്തുന്നത് ശരിയായിരിക്കുമെന്ന് എനിക്കിപ്പോഴും അഭിപ്രായമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: യൂണിവേഴ്സിററികളെ സംബ ന്ധിച്ച് ഈ സഭയ്ക്കകത്തും പുറത്തും ഇതുപോലുള്ള ആരോപണങ്ങൾ വന്ന സ്ഥിതിക്ക് ഈ യൂണിവേഴ്സിററി നിയമം അനുസരിച്ചുതന്നെ ഗവൺമെൻറിന് ഒരന്വേഷണം നടത്തുന്നതിന് എന്താണ് വിരോധം?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: യൂണിവേഴ്സിററിയെക്കുറി ച്ചുള്ള ആരോപണങ്ങൾ അന്വേഷണഗൗരവമുള്ളതാണെങ്കിൽ തീർച്ചയായും അതിനെക്കുറിച്ച് അന്വേഷണം നടത്തും. ഇപ്പോൾ അന്വേഷണം നടത്തണ മെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല. അതുപോലെ സർ, ഗുരുവായൂർ സാഹിത്യ ദീപിക സംസ്കൃത വിദ്യാപീഠം കേന്ദ്രീയ സംസ്കൃത വിദ്യാ പീഠമാക്കി മാററി കേന്ദ്രഗവൺമെൻറിനെകൊണ്ട് ഏറെറടുപ്പിക്കാൻ പരിപാടിയുണ്ട്. അതിന് കേന്ദ്രഗവൺമെൻറ് സമ്മതിച്ചിട്ടുണ്ടെന്ന് ഈ സഭയെ അറിയിക്കാൻ എനിക്ക് വളരെയധികം സന്തോഷമുണ്ട്. അതു പോലെ വിവിധ സ്കീമുകൾക്ക് യു. ജി. സി. സഹായം ലഭിക്കാൻ നടപടിയെടുത്തിട്ടുണ്ട്. യു. ജി. സി. യുടെ അംഗീകാരം ഈ പദ്ധതി കൾക്ക് കിട്ടിക്കഴിഞ്ഞു. Under graduate educational facilities, post graduate educational facilities, Teachers Training Colleges, Development of Play grounds എന്നീ ഇനങ്ങളിൽ എൺപത്തിയെട്ടുലക്ഷത്തി നാൽപ്പത്തീരായിരം രൂപ യു. ജി. സി. സഹായം നമുക്ക് ലഭിക്കുന്നതാണ്. അതിനും പുറമേ പാലക്കാട് വിക്ടോറിയാ കോളേജ്, പട്ടാമ്പി സംസ്കൃത കോളേജ് എന്നിവിടങ്ങളിലെ പ്ലേഗ്രൗണ്ട് വികസനത്തിന് പതിനയ്യായിരം രൂപ യു. ജി. സി. സഹായം ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ മ്യൂസിക് അക്കാഡമിയിൽ പുതിയ കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വോക്കൽ മ്യൂസിക്, ഗാനപ്രവീണ, വീണയിൽ ഗാനഭൂഷണം, വയലിനിൽ ഗാനഭൂഷണം ഇതെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീ. കണിയാപുരം രാമചന്ദ്രൻെറ സാംസ്കാരിക പരിപാടിയെക്കുറിച്ചാണ് ഞാൻ പറയുന്നത്.

പിന്നെ കോളീജിയററ് എഡ്യൂക്കേഷനെപ്പററി പറയുകയാണെങ്കിൽ 1978-79-ൽ സംസ്ഥാനത്ത് 10 കോളേജുകൾ അപ്പ്ഗ്രേഡ് ചെയ്തു. 49 കോളേജുകളിൽ പുതിയ കോഴ്സുകൾ ഏർപ്പെടുത്തി. അത് 18 കോളജുകൾ കേരള യൂണിവേഴ്സിററിയിലും 31 കോളേജുകൾ കാലിക്കററ് യൂണിവേ ഴ്സിററിയിലുമാണ്. 45 പ്രീഡിഗ്രി ബാച്ചുകൾ തുടങ്ങി. 33 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

കേരള യൂണിവേഴ്സിറ്റിയിലും 12 എണ്ണം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും. ഇങ്ങനെ നമ്മുടെ കൊളീജിയററ് വിദ്യാഭ്യാസവും പുരോഗമിച്ചുവരികയാണെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. ആററിങ്ങൽ കോളേജിന്റെ കെട്ടിടം പണി തുടങ്ങി. തൃശൂർ, ചാലക്കുടി കോളേജിന്റെ പണി അടുത്തുതന്നെ ആരംഭിക്കുന്നതാണ്. അതിന് ഫൈനാൻസ് സാംഗ്ഷനും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും കിട്ടിക്കഴിഞ്ഞിട്ടുണ്ട്. മററ് കോളേജുകളുടെ സാംഗ്ഷനും ഉടൻതന്നെ കൊടുക്കുന്നതാണ്. അത് എല്ലാറ്റൊടുക്കാനും മററുമുള്ള ചില സാങ്കേതിക വൈഷമ്യങ്ങളെ സംബന്ധിച്ച് ചില മെമ്പർമാർ ഇവിടെ പറയുകയുണ്ടായി. ഇതിലുള്ള സാങ്കേതികമായ വിഷമതകൾ അതിവേഗം ഇല്ലാതാക്കി ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ച പ്രകാരം ആ കോളേജുകൾക്ക് ബിൽഡിംഗ് ഉണ്ടാക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് എടുക്കുന്നതാണെന്നു പറയാൻ വളരെയധികം സന്തോഷമുണ്ട്.

സർ, പിന്നെ ശ്രീ. അയ്ക്കൽ ഇവിടെ കൊച്ചിൻ യൂണിവേഴ്സിററിയിൽ ടെക്നോളജി കോഴ്സ് പഠിപ്പിക്കുന്നത് ഒക്കെ ടെക്നോളജിക്കൽ അല്ലാത്ത കോഴ്സുകളാണെന്ന് പറയുകയുണ്ടായി. കോമേഴ്സ് ഒരു ടെക്നിക്കൽ വിഷയം ആണെന്നുതന്നെയാണ് എന്റെ അഭിപ്രായം. ഈ കാലത്തെ സംബന്ധിച്ചിടത്തോളം അതൊരു ടെക്നിക്കൽ സബ്ജക്ററ് തന്നെയാണ്. പിന്നെ ലാ പോസ്ററ് ഗ്രാഡുവേററ് മാത്രമേ അവിടെയുള്ളു. അത് നേരത്തേ അവിടെ ഉണ്ടായിരുന്നതാണ്. കമ്പനികളും മററും നടത്തുന്നതിന് ലാ പോസ്ററ് ഗ്രാഡുവേററ് ആവശ്യമാണെന്നാണ് പറയുന്നത്. അതുപോലെ ഹിന്ദി നേരത്തെ ഉണ്ടായിരുന്നതാണ്. അതിലുള്ള ബുദ്ധിമുട്ട് ഹിന്ദി ഉള്ളതിനെ അറയ്ക്കൽ ആക്ഷേപിക്കും ഹിന്ദി എടുത്തുകളഞ്ഞാൽ നാടാർ ആക്ഷേപിക്കും. അതുകൊണ്ട് അത് അവിടെ അങ്ങനെ നിൽക്കട്ടെ എന്നാണ് എന്റെ അഭിപ്രായം. പിന്നെ സാങ്കേതിക ശാസ്ത്രീയ മണ്ഡലങ്ങളിൽ ഒട്ടും ഒഴിച്ചുകൂടാൻവയ്യാത്ത ശാസ്ത്രീയസാങ്കേതിക ഭാഷയാണ് ജർമ്മൻ. അതുകൊണ്ടാണ് അവിടെ ജർമ്മൻ പഠിപ്പിക്കുന്നത്. ബാക്കിയുള്ള സാങ്കേതിക ഭാഷകളും പഠിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ ഇത് നവീനമായ ആശയത്തോടുകൂടി ഉടലെടുത്ത ഒരു യൂണിവേഴ്സിററിയാണ്. അവിടെ അധികം കോഴ്സുകൾ ഇല്ലെങ്കിലും എനിക്കിവിടെ സന്തോഷത്തോടുകൂടി പറയാൻ കഴിയും കൊച്ചിൻ യൂണിവേഴ്സിററിയിൽനിന്നു ബിരുദമെടുത്ത ആരും ജോലിയില്ലാതെ നിൽക്കുന്നില്ല എന്ന്. കൊച്ചിൻ യൂണിവേഴ്സിററി സാമ്പത്തികമായ കാരണങ്ങൾ കൊണ്ട് വേണ്ടത്ര പുരോഗമിക്കുന്നില്ല എന്നല്ലാതെ വാസ്തവത്തിൽ നല്ല ആശയമാണ് അതിന്റേത്. അത് വളർന്നുവരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

പിന്നെ ഇവിടെ ബഹുമാനപ്പെട്ട ചില മെമ്പർമാർ യു. ജി. സി.-സ്കെയിലിനെപ്പററി പറയുകയുണ്ടായി. യഥാർത്ഥത്തിൽ യു. ജി. സി. കാർ നിർബന്ധിക്കുന്നത് ആ സ്കെയിലിനെ സംബന്ധിച്ചല്ല. ഇപ്പോൾ നമ്മുടെ ശമ്പള പരിഷ്കാരത്തിനുശേഷം നൽകുന്ന സ്കെയിൽ കണക്കുകൂട്ടുകയാണെങ്കിൽ യൂണിവേഴ്സിററിയിലെ ലക്ചർക്ക് യു. ജി. സി. സ്കെയിലിനേക്കാൾ കൂടുതൽ കിട്ടുന്നുണ്ട്. യു. ജി. സി.-ക്ക് വേണ്ടത് ക്വാളിഫിക്കേഷനെ സംബന്ധിച്ചും സെലക്ഷനെ സംബന്ധിച്ചുമാണ്. അതിനാണ് അവർ നിർബന്ധിക്കുന്നത്. സെലക്ഷൻ ബൈ മെറിററായിരിക്കണം. ക്വാളിഫിക്കേഷൻ എം. ഫിൽ. എല്ലാവർക്കും വേണം. തേഡ് ക്ലാസ് പററുകയില്ല. ഇത് പെട്ടെന്ന് നമ്മുടെ സ്റേറററിൽ നടപ്പാക്കാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ഞാൻ പറയണമോ?

LIBRARY ARCHIVES Kerala Legislative Assembly

സെലക്ഷനും മററുമുള്ള ബുദ്ധിമുട്ടുകൾ. അതുകൊണ്ടാണ് അത് നടപ്പിലാക്കാത്തത്. അതെല്ലാം അവിടെ നിൽക്കട്ടെ. യു. ജി. സി. സ്കെയിൽമാത്രം തന്നാൽ മതിയെന്നാണെങ്കിൽ നമ്മുടെ സ്കെയിലിനെ സംബന്ധിച്ചിടത്തോളം വളരെ മോശമായ സ്കെയിലല്ല. അത് യു. ജി. സി. യും അംഗീകരിക്കുന്നുണ്ട്. ഉയർന്ന പ്രൊഫസർക്കോ മറേറാ വാസ്തവത്തിൽ അഞ്ചോ പത്തോ രൂപ കുറഞ്ഞുപോയാൽതന്നെ ഇത്രമാത്രം ബഹളം കൂട്ടേണ്ടതുണ്ടോ? യു. ജി. സി. എന്ന ഒററ ആശയത്തിൽ പിടിച്ച് കടിപിടി കൂട്ടേണ്ടതില്ല. യു. ജി. സി. സ്കെയിൽ, സ്കെയിൽമാത്രമായി തരംതിരിച്ച് കാണുന്നത് ശരിയല്ല. ഇതൊരു പാക്കേജാണ്. ആ പാക്കേജ് ഒന്നായി നമ്മുടെ സ്റേററിൽ നടപ്പിലാക്കാൻ പ്രയാസമുണ്ടെങ്കിൽ സ്കീം മാത്രം നടപ്പാക്കിക്കൂടെ എന്ന ചോദ്യം അർത്ഥമില്ലാത്തതാണ്. സർ, എല്ലാവരും അക്ഷമരായിരിക്കുന്നുണ്ട്. അങ്ങും അക്ഷമനാണ്. അതുകൊണ്ട് ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഇത് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Cut motion moved by Shri. N. I. Devassykutty was put and lost.

Cut motion moved by Shri. E. Narayanan Nair was put and lost.

Cut motion moved by Shri. Xavier Arakkal was put and lost.

Cut motion moved by Shri. P. Karunakaran was put and lost.

Cut motion moved by Shri. K. Anirudhan was put and lost.

Cut motion moved by Shri. A. P. Kurian was put and lost.

Cut motion moved by Shri. Thundathil Kunjukrishna Pillai was put and lost.

The question that Government be granted a sum of Rupees 1,94,48,47,600 under Demand XVII—Education, Art and Culture, was put and carried.

Shri. T. K. Ramakrishnan: Sir, I demand a poll.

A poll was taken when the House divided as follows:

AYES—60

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. ആര്യാടൻ മുഹമ്മദ്
3. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
4. ശ്രീ. യു. എ. ബീരാൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. കെ. ജെ. ചാക്കോ
7. ശ്രീ. ചന്ദ്രശേഖരൻ നായർ
8. ശ്രീ. പി. കെ. ചാത്തൻ മാസ്ററർ
9. ശ്രീ. ജെ. ചിത്തരഞ്ജൻ
10. ശ്രീ. സിറിയക് ജോൺ
11. ശ്രീ. ദാമോദരൻ കാളാശ്ശേരി
12. ശ്രീ. ഈപ്പൻ വർഗ്ഗീസ്
13. ശ്രീ. പി. ആർ. ഫ്രാൻസിസ്
14. ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. ഇ. പി. ഗോപാലൻ
16. ശ്രീ സി. പി. ഗോവിന്ദൻ നമ്പ്യാർ
17. ശ്രീ. എം. കെ. ഹേമചന്ദ്രൻ
18. ശ്രീ. എ. എൽ. ജേക്കബ്
19. ശ്രീ. ടി. എം. ജേക്കബ്
20. ശ്രീ. ടി. എസ്. ജോൺ
21. ശ്രീ. പി. സി. ജോസഫ്
22. ശ്രീ. വി ജെ. ജോസഫ്
23. ശ്രീ. ഇ. കെ. പിള്ള
24. ശ്രീ. എം. കെ. കേശവൻ
25. ശ്രീ. കെ. കെ. കുമാരപിള്ള
26. ശ്രീ. കെ. ടി. കുമാരൻ
27. ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി
28. ശ്രീ. കെ. വി. കുര്യൻ
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. ശ്രീ. ടി. എ. മജീദ്
31. ശ്രീ. കെ. എം. മാണി
32. ശ്രീ. എം. വി. മാണി
33 ശ്രീ. കെ. എ. മാത്യു
34. ശ്രീ. എൻ. പി. മൊയ്തീൻ
35. ശ്രീ. സി. എച്ച്. മുഹമ്മദുകോയ
36. ശ്രീ. കെ. നാരായണക്കുറുപ്പ്
37. ശ്രീ. കല്പട നാരായണൻ
38. ശ്രീ. കെ. പി. നൂറുദ്ദീൻ
39. ശ്രീ. ഉമ്മൻ ചാണ്ടി
40. ശ്രീ. കെ. പങ്കജാക്ഷൻ
41. ശ്രീ. ടി. എ. പരമൻ
42. ശ്രീ. കെ പി. പ്രഭാകരൻ
43. ശ്രീ. എം. കെ. രാഘവൻ
44. ശ്രീ. വി. കെ. രാജൻ
45. ശ്രീ. കണിയാപുരം രാമചന്ദ്രൻ
46. ശ്രീ. എം. രാമപ്പ
47. ശ്രീ. പി. ശങ്കർ
48. ശ്രീ. വി. ടി. സെബാസ്റ്റ്യൻ
49. ശ്രീ. ബി. എം. ഷെറീഫ്
50. ശ്രീ. പി. കെ. ശ്രീനിവാസൻ
51. ശ്രീ. കെ. സുകുമാരനുണ്ണി
52. ശ്രീ. സി. എം. സുന്ദരം
53. ശ്രീ. എ. വി. താമരാക്ഷൻ
54. ശ്രീ. തോമസ് ജോസഫ്
55. ശ്രീ. ത്യാഗരാജൻ
56. ശ്രീ. കെ. സി. വാമദേവൻ
57. ശ്രീ. എസ്. വരദരാജൻ നായർ
58. ശ്രീ. കെ. പി വിശ്വനാഥൻ
59. ശ്രീ. എ. എൻ. യൂസഫ്
60. ശ്രീ. സ്റ്റീഫൻ പാദുവ

LIBRARY ARCHIVES Kerala Legislative Assembly

NOES—31

1. ശ്രീ. ടി. കെ. അബ്ദു
2. ഡോക്ടർ കെ. ജി. അടിയോടി
3. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള
4. ശ്രീ. പി. ബാലൻ
5. ശ്രീ. പി. ഭാസ്കരൻ
6. ശ്രീ. എൻ. ഭാസ്കരൻ നായർ
7. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
8. ശ്രീ. ചടയൻ ഗോവിന്ദൻ
9. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
10. ശ്രീ. വി. ഈച്ചരൻ
11. ശ്രീ. കെ. ജെ. ജോർജ്
12. ശ്രീ. പി. കെ. ഇട്ടൂപ്പ്
13. ശ്രീ. പി. കരുണാകരൻ
14. ശ്രീ. എം. കെ. കൃഷ്ണൻ
15. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള
16. ശ്രീ. എ. പി. കുര്യൻ
17. ശ്രീ. ജി. പി. മംഗലത്തുമഠം
18. ശ്രീ. ഇ. നാരായണൻ നായർ
19. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
20. ശ്രീ. എം. വി. രാഘവൻ
21. ശ്രീ. എം. വി. രാജൻ
22. ശ്രീ. ടി. കെ. രാമകൃഷ്ണൻ
23. ശ്രീ. കെ. പി. രാമൻ
24. ശ്രീ. പി. ബി. ആർ. പിള്ള
25. ശ്രീ. പി. ആർ. കുറുപ്പ്
26. ശ്രീ. പി. കെ. ശങ്കരൻ കുട്ടി
27. ശ്രീ. പി. ആർ. ശിവൻ
28. ശ്രീ. ആർ. സുന്ദരേശൻ നായർ
29. ശ്രീ. എസ്. തങ്കപ്പൻ പിള്ള
30. ശ്രീ. സി. വാസുദേവമേനോൻ
31. ശ്രീ. സേവ്യർ അറയ്ക്കൽ

NEUTRALS—Nil

Mr. Speaker: For the Demand : 60
Against the Demand : 31
Neutrals : Nil

The demand was passed and the grant was made.

Mr. Speaker: Order, order. The House will now adjourn and meet again at 8.30 a. m. on Tuesday, April 3, 1979.

1979 ഏപ്രിൽ 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കു 1.41-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly